AR
164

MADRAS GOVERNMENT ORIENTAL MANUSCRIPTS SERIES No. 37

# വൈരാഗ്യ ചന്ദ്രോദയ
# സാരസംക്ഷേപം

# VAIRĀGYA CANDRODAYA
# SĀRA SAMKṢEPAM

EDITED BY

T. CHANDRASEKHARAN, M.A., L.T.,

*Curator, Government Oriental Manuscripts Library, Madras*
*and*
**the staff of the Library.**

*(Under the Orders of the Government of Madras.)*

PRINTED BY THE SUPERINTENDENT
GOVERNMENT PRESS
MADRAS
1954

[PRICE, *Rs.* 2-4-0.

MADRAS GOVERNMENT ORIENTAL MANUSCRIPTS SERIES No. 87

# വൈരാഗ്യ ചന്ദ്രോദയ
# സാരസംക്ഷേപം

# VAIRĀGYA CANDRODAYA
# SĀRA SAMKṢEPAM

EDITED BY

T. CHANDRASEKHARAN, M.A., L.T.,

*Curator, Government Oriental Manuscripts Library, Madras*
*and*
**the staff of the Library.**
(*Under the Orders of the Government of Madras.*)

PRINTED BY THE SUPERINTENDENT
GOVERNMENT PRESS
MADRAS
1954

# INTRODUCTION

This book which is published under the heading " Vairāgya Candrōdaya Sāra Samkṣēpam " is based on a single manuscript available in the Government Oriental Manuscripts Library, Madras, as D. No. 63. The main theme of this book is to prove that detachment reinforced by devotion, knowledge and Karma alone can lead one to the final goal of human achievement, namely salvation. The impermanence of human existence and the insignificance of the worldly achievement are well brought out by the poet in a lucid style. The force with which it is presented enables one to ward off ignorance from one's heart and establish the cult of Bhakti on firm foundations. If selection of words according to the respective ideas expressed by them is a criterion for the making of a good poet, the author of the present work should be ranked as a great poet.

The uselessness of the human body when compared to that of other beings is brought out in a very effective manner, such that it can provoke the thoughts of even the most world-minded man and make him pause before he takes a single step further in the path of Saṁsāra.

While establishing the fact that all the sentient and the insentient are made up of the same composite materials, the author has proved his wide learning and insight.

Another notable feature of the exposition of this author is, he is able to present even the most super-human phenomena and ideas in an intelligible way with the help of common-place similies.

The metre adopted here is ' Kekā ', a variety of ' Kiḷippāṭṭu. The general nomenclature of ' Kiḷippāṭṭu ' is accidentally derived from the fact that a parrot is said to be singing some of the famous works like the " Adhyātma Rāmāyaṇa " which are composed in similar metres. Though a swan is introduced in the place of the parrot in this wor , it does not prevent it from being included in that group of metrical forms known as ' Kiḷippāṭṭu ' ; the name ' Hamsappāṭṭu ' may be more appropriate in the context.

The work starts with a conversation, between a king and a swan of the Mānasa lake. The former is referred to as ' Puralīśa ' and ' Vañcibhūpa '. The name ' Puralīśa , is usually associated with the Rājā of Kottayam. The identification of ' Puralīśa ' with Vañcibhūpa (King of Trivandrum) is possible with reference to only one King of Kottayam who is known as Kerala Varma. Historical records reveal

that Queen Umayamma who reigned over Travancore between 1678 and 1684 A. D. was helped in a great crisis by one Kerala Varma of Kottayam who was foremost among poets, and that the queen consecreated him as her successor to the throne and Yuvarāja and built a separate palace for him at Trivandrum, in return for the valuable help rendered by him. This historical fact strengthens the probability of identifying the author of this work known as both 'Puraliśa, and 'Vañcibhūpa' with Kerala Varma the junior contemporary of Queen Umayamma.

The famous Kottayam Thamburan, the author of many Kathakali works refers to one Kerala Varma as his elder brother in the following words :—

> " Kāmapradāna jita kalpamahīruhassaḥ
> Cintāmaṇirjayati Keraḷa Varma nāmā "

This may be the same person as the author of this work. But the conspicuous absence of any reference to his being the 'Vañcibhūpa', by his younger brother can be explained by the fact that Kottayam Thamburan praised his brother before the latter became associated with the throne of Trivandrum, a view which is supported by Sri R. Narayana Panicker in his " Bhāṣā sāhitya Caritram ". It will not be far from truth if we attribute the authorship of " Keralavarma Ramayana " also to this poet.

From the resemblance that is found in the style and other peculiarities, one may be tempted to think that this poet is identical with "Kottayam Thamburan". But the above arguments distinguish him from the author of the Kathakali works and the similarity in style can be explained as literary accident (which is more probable) since they are brothers and would have been brought up in the same atmosphere.

This work, which has many valuable dictums to preach with regard to material and spiritual matters, is expected to succeed in attracting the attention of scholars and philosophers alike. My thanks are due to Sri M. P. Mukundan, Malayalam Pandit of the library for preparing the press copy and correcting the proofs.

T. CHANDRASEKHARAN.

## അവതാരിക

"വൈരാഗ്യചന്ദ്രോദയ സാരസംക്ഷേപം" എന്ന പേരിലുള്ള പ്രകൃതത്തിലെ പ്രസിദ്ധീകരണത്തിന്നു D. 63-ാം നമ്പറിൽ ഗവൎമ്മെണ്ടു് ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള ഒരു കയ്യെഴുത്തു പ്രതിയാണു് മൂലഗ്രന്ഥം. ചതുൎത്ഥ പുരുഷാൎത്ഥമായ മോക്ഷത്തിലേക്കു വൈരാഗ്യോദയവും ഭക്തി, ജ്ഞാനം, കൎമ്മം മുതലായവയുമാണു സരളമായ മാൎഗ്ഗങ്ങളെന്നാണു ഇതിൽ മുഖ്യമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു്:—

> ഭക്തവത്സലപദം പ്രത്യഹം ഭജിക്കിലൊ
> മുക്തി വന്നീടും നൃപനന്ദന ധരിച്ചാലും.
>
> (ഭാഗം 3, 4)

> ഇത്തരം സ്യാനന്ദരൈ രതമായ് വസിക്കുന്ന
> ചിൽസ്വരൂപത്തെ നന്നായ് വിശ്വസിച്ചിരിക്കിലൊ
> മുക്തിയെത്തരുമെന്നു നിശ്ചയിച്ചുറക്കേണം.
>
> (ഭാഗം 6, 7)

> സൂക്ഷ്മമന്തരാത്മാനം താൎക്ഷ്യവാഹനമീശം
> ചിത്തകതാരിൽ വെച്ചു പ്രത്യഹം നടക്കിലൊ
> മുക്തിയും വരുമെന്നു യുക്തിമാനറിയേണം.
>
> (ഭാഗം 34)

ഇങ്ങിനെ ഭക്തിയെ മുക്തിസാധനമായി പ്രതിപാദിച്ചു—

> മുക്തിവേണമെങ്കിലും ദുൎഗ്ഗതിയെന്നാകിലും
> സ്വൎഗ്ഗമെന്നിരിക്കിലും മൎത്ത്യരായെന്നേ വരൂ
> കൎമ്മഭൂമിയിൽ ചെയ്ത കൎമ്മങ്ങൾക്കൊത്തപോലെ
> നിൎണ്ണയം പരലോകത്തെങ്ങുമേ ഭുജിക്കുന്നു.
>
> (ഭാഗം 7)

സുകൃത ദുഷ്കൃതങ്ങൾക്കും മുക്തിദുൎഗ്ഗതി കാരണതയെ സ്ഥാപിക്കുന്നുണ്ടു്.

ജീവിതത്തിന്റെ ക്ഷണികതയും മനുഷ്യജന്മത്തിന്റെ നിസ്സാരതയും വേണ്ടുവോളമുൽബോധിപ്പിച്ചു് വൈരാഗ്യസരണിയെ

സുഗമമാകുന്ന ഭാഗം താഴെ കൊടുത്തിട്ടുള്ളതു് കവി വശ്യവാക്കാണെന്നുള്ള സംഗതിയെ വെളിവാക്കുന്നുണ്ടു്.

ചഞ്ചലം ധനമെന്നു നെഞ്ചകത്തറിയേണം
പഞ്ചസായക ശരമഞ്ചുമങ്ങനുദിനം
നെഞ്ചിടെ തറച്ചഹോ ചഞ്ചലമിയലാതെ
ചഞ്ചലാക്ഷിമാരുടെ പുഞ്ചിരിപ്പുതുമയും
വഞ്ചനമയമായ കൊഞ്ചലും കടാക്ഷവും
അഞ്ജനാഞ്ചിതനയനങ്ങളാമവരുടെ
ശൃംഖല പിണഞ്ഞഹോ ചിന്തയിലുഴലാതെ
ഏണാക്ഷീ ജനങ്ങൾതൻ വേണിയാം വലകളിൽ
മാനസമായോരേണം വീണുപോയ് വലയാതെ
വീണാവാണികളായ ഗണികാജനങ്ങളെ
കാണിനേരവും മനതാരതിൽ നിനയാതെ
താമരനയനന്റെ കോമളമായ നല്ല
ശ്യാമള കളേബരേ മാനസമുറയ്ക്കേണം.

(ഭാഗം 13)

വിജ്ഞാന പ്രതിബന്ധകമായ മോഹാന്ധകാരത്തെ നീക്കി മനസ്സിൽ സുസ്ഥിരമായ ഭക്തിയെ പ്രതിഷ്ഠിക്കാനിത്തരം ലളിതകോമളമായ രീതിയിൽ വർണ്ണിക്കുന്നതുതന്നെ അനിതരസാധാരണമായ കഴിവിനാലാണു്. പ്രതിപാദ്യത്തിന്റെ യോഗ്യതയനുസരിച്ചു് വാക്കുകളെ തിരഞ്ഞെടുത്തു് പ്രയോഗിക്കുന്നതിലുള്ള ചാതുര്യം കവികൾക്കു് അത്യന്താപേക്ഷിതമായ ഗുണമാണെങ്കിൽ പ്രകൃത ഗ്രന്ഥത്തിന്റെ കർത്താവു് അത്തരം വിശിഷ്ടഗുണത്താലനുഗൃഹീതനാണെന്നുള്ളതിന്നു സംശയമില്ല.

മനുഷ്യശരീരത്തിന്റെ ജുഗുപ്സാവഹമായ അപ്രാധാന്യതയെ വെളിവാക്കാനുപയോഗപ്പെടുത്തിയ വർണ്ണനാരീതി നോക്കുന്നതായാലും മേല്പറഞ്ഞ സംഗതിക്കു ധാരാളം തെളിവു കിട്ടുന്നതാണു് :—

ഒന്നിനുമാകാ വപുസ്സെന്നതു മറിയേണം
മലവും കൃമികളും ജലവും ശോണിതവും
ചലവും ചളിപല വളരും പാമ്പുകളും
വെളുത്തൊരെല്ലും പല്ലും നഖവും രോമങ്ങളും
വെളുക്കും വയസ്സുകളധികം ചെല്ലുന്നേരം
കഫവും നിറഞ്ഞുള്ള മുഖവും നിരൂപിച്ചാൽ



ഉദരെ നിറഞ്ഞുള്ള മലവുമിവയെല്ലാം
പരുത്ത മേദസ്സും ദുർമ്മാംസവും കുടൽമാല
നിറെച്ചു് തോലികൊണ്ടു മറച്ചു ചമച്ചുള്ള
തെത്രനന്നെടോ വിധികല്പന കുതൂഹലം
മർത്ത്യരായുള്ള ജനം ചത്താലശ്ശവംകൊണ്ടു
മററവർക്കൊരു ഫലം മുററുമില്ലറികെടോ.

ഇങ്ങിനെ മററു ജന്തുക്കളുടെ ശരീരങ്ങളുമായി താരതമ്യവിവേചനംചെയ്തു് മനുഷ്യജഡത്തിന്നു് അങ്ങേ അററത്തെ നിസ്സാരതയെ വെളിവാക്കുന്ന ഭാഗം യുക്തിയുക്തമായിട്ടുണ്ടു്. മാംസം, തൊലി, വാലു് മുതലായ ഭാഗങ്ങളെക്കൊണ്ടു മനുഷ്യർക്കു മററു ജന്തുക്കൾ ചത്താലുമുപയോഗപ്രദമാണെന്നും മനുഷ്യശരീരം നിർജ്ജീവമായാൽ ചെററു നാഴികക്കകം ചാമ്പലാക്കി മാററാനെ പററുകയുള്ളുവെന്നുമുള്ള പരസ്യമായ രഹസ്യം വൈരാഗ്യം വരുമാറു വർണ്ണിക്കപ്പെട്ടിരിക്കുന്നു

പാഞ്ചഭൗതികമായ മനുഷ്യദേഹം വൃക്ഷാദി ശരീരങ്ങളോടു തുല്യമാണെന്നും ജംഗമസ്ഥാവരങ്ങളെല്ലാം പാഞ്ചഭൗതികമാണെന്നും ഉള്ള തത്വത്തെ സ്ഥാപിക്കുന്നേടത്തു് പ്രമാണവും യുക്തിയുമടങ്ങിയിട്ടുണ്ടു്. ബാല്യം, യൌവനം, വാർദ്ധക്യം എന്നീ അവസ്ഥകളെല്ലാം ദുഃഖഭൂയിഷ്ഠമാണെന്നു പല ഉദാഹരണങ്ങളെക്കൊണ്ടും തെളിയിച്ചു് ആ അവസ്ഥകളെയെല്ലാം ദുഷിച്ചുകൊണ്ടും മനുഷ്യർ തങ്ങളുടെ സഹജീവികളിൽതന്നെ ഉണ്ടാകുന്ന ദശാപരിണാമങ്ങളെയെല്ലാം കണ്ടിട്ടും കേട്ടിട്ടുംകൂടി അസ്ഥിരങ്ങളായ വിഷയങ്ങളിൽ ആസക്തി പ്രകടിപ്പിക്കുന്നതിൽ അത്ഭുതപ്പെട്ടുകൊണ്ടുമാണു് പ്രകൃത ഗ്രന്ഥം ആശാപാശബദ്ധരായി വലയുന്നവരെ വിരക്തരാക്കാൻ യത്നിക്കുന്നതു്. സുകൃതശേഷങ്ങളുടെ ഫലങ്ങളായ സുഖസൌകര്യങ്ങൾ അനുഭവിക്കുന്നവരേയും ദുഷ്കൃത ശേഷങ്ങളുടെ ഫലങ്ങളായ നഷ്ടകഷ്ടങ്ങൾക്കു് പാത്രീഭൂതരേയും ഒരേ മനുഷ്യ സമുദായത്തിൽതന്നെ ചൂണ്ടിക്കാട്ടി മനുഷ്യരോടു് ധാർമ്മിക നിലയിൽനിന്നു വ്യതിചലിക്കാതിരിക്കാൻ ഗ്രന്ഥം ധാരാളം ഉപദേശിക്കുന്നുണ്ടു്. അലൌകികമായ വിഷയത്തെ എത്രയും ലൌകികങ്ങളും ഹൃദ്യങ്ങളുമായ ഉദാഹരണങ്ങളെക്കൊണ്ടും പ്രതിപാദനരീതികൊണ്ടും വ്യക്തമാക്കുന്ന ഈ ഭാഷാഗ്രന്ഥം ഒരു വിശിഷ്ടകൃതിയാണെന്നുള്ളതിന്നു സംശയമില്ല.

കിളിപ്പാട്ടുകളിലുൾപ്പെട്ട കേക തന്നെയാണ് ഇതിലെ വൃത്തം. അദ്ധ്യാത്മരാമായണാദികളിൽ കിളി പാടുന്നതുകൊണ്ടു് അവിടങ്ങളിലെ കേക, കാകളി, കളകാഞ്ചി എന്നീ വൃത്തങ്ങൾക്കു സാമാന്യമായി കിളിപ്പാട്ടെന്ന സംജ്ഞ വന്നു. പ്രകൃത ഗ്രന്ഥത്തിലാകട്ടെ കിളിയുടെ സ്ഥാനത്തു് ഒരു ഹംസത്തെയാണ് വക്താവായി കവി നിയമിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഇവിടുത്തെ കേകയെ ഹംസപ്പാട്ടായി വ്യവഹരിക്കുന്നതിൽ കൂടുതലൌചിത്യമുണ്ടു്.

മാനസ സരോവാസിയും ഭഗവൽഭക്തനുമായ ഒരു അരയന്നത്തോടു പുരളീശനെന്നും വഞ്ചിഭൂപനെന്നും സ്ഥാനമുള്ള ഒരു രാജാവു് വൈരാഗ്യജനകമായ വേദാന്തതത്വത്തെ ഉപദേശിക്കാനാവശ്യപ്പെട്ടപ്രകാരം അന്നം മോക്ഷസാധനങ്ങളായ ഭക്തിജ്ഞാനാദികളെപ്പററി ഉപദേശിക്കുന്നതായിട്ടാണ് ഗ്രന്ഥം ഉപക്രമിക്കുന്നതു്. പുരളീശൻ എന്ന പ്രസിദ്ധി കോട്ടയം രാജാവിന്നാണ്. വഞ്ചിഭൂപാലനെന്ന സ്ഥാനവുംകൂടെ കോട്ടയത്തു രാജാവിന്നു് കല്പിച്ചുവെങ്കിൽ അതു് 859 ൽ തിരുവിതാംകൂറിൽ ഉണ്ടായിരുന്ന വീരകേരളവൎമ്മ രാജാവാകാനെ തരമുള്ളു. കൊല്ലവൎഷം 853 മുതൽ 859 വരെ തിരുവിതാംകൂർ റാണിയായിരുന്ന ഉമയമ്മക്കു മുകിലൻെറ ആക്രമണസമയത്തു് സഹായമായി തിരുവിതാംകൂർ രാജവംശത്തോടു ബന്ധമുള്ള വടക്കൻ കോട്ടയത്തു് രാജകുഡുംബത്തിൽ നിന്നു് ഒരു കേരളവൎമ്മ വന്നതായും അദ്ദേഹം അക്കാലത്തെ കവികളിൽ അഗ്രഗണ്യനായിരുന്നെന്നും പ്രസിദ്ധമാണ്. ഇദ്ദേഹത്തിൻെറ സഹായത്തോടുകൂടി മുകിലനെ തോല്പിച്ചു് നാട്ടിൽ സമാധാനം പുനഃസ്ഥാപിക്കാൻ കഴിഞ്ഞപ്പോൾ ഉമയമ്മ റാണി സന്തോഷിച്ചു് ഇക്കേരളവൎമ്മയെ തൻെറ അനന്തരാവകാശിയാക്കി ഇളയരാജാവെന്ന സ്ഥാനം കൊടുത്തതായും തിരുവിതാംകൂറിൽ തനിക്കും തൻെറ അനന്തരാവകാശിയായ കേരളവൎമ്മക്കും പ്രത്യേകം ഓരോ മാളികകൾ പണിയിച്ചതായും ചരിത്രം പറയുന്നുണ്ടു്. പ്രകൃതത്തിലെ പുരളീശൻ ഇദ്ദേഹമായിരിക്കാനാണ് അധികം അവകാശം.

ബകവധം, കിൎമ്മീരവധം, കല്യാണസൌഗന്ധികം മുതലായ കഥകളികളുടെ കൎത്താവായ കോട്ടയത്തു തമ്പുരാൻ—

“ കാമപ്രദാന ജിതകല്പമഹീരുഹസ്സ
ചിന്താമണിൎജ്ജയതി കേരളവൎമ്മ നാമാ ”

എന്നിങ്ങനെ തൻെറ അഗ്രജനായിട്ടു ഒരു കേരളവൎമ്മയെ അനുസ്മരിക്കുന്നുണ്ടു്. ഒരുപക്ഷെ ഈ കേരളവൎമ്മ തന്നെയായിരിക്കാം പ്രകൃത



ത്തിലെ പുരളീശൻ. എന്നാൽ തൻെറ അഗ്രജൻെറ ഗുണഗണങ്ങളെ വാഴ്ത്തുന്നേടത്തു കവി എന്തുകൊണ്ടു് വഞ്ചിഭൂപാലനെന്ന സ്ഥാനത്തെ കൂടെ എടുത്തു പറയാതിരുന്നതെന്ന സംശയത്തെ ഉന്നയിക്കുകയും വഞ്ചിരാജാവെന്ന സ്ഥാനം കിട്ടുന്നതിന്നു മുമ്പായിരിക്കാം കഥകളികൎത്താവു് തൻെറ കൃതികളിൽ അഗ്രജനെ വാഴ്ത്തിയിട്ടുണ്ടായിരിക്കുക എന്ന സമാധാനത്തേയും ശ്രീമാൻ ആർ. നാരായണപ്പണിക്കർ, ബി. എ., എൽ. ററി. അവർകൾ തൻെറ ഭാഷാസാഹിത്യ ചരിത്രത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളതു് ഇവിടേയും സ്വീകാൎയ്യമാക്കാനെ വഴിയുള്ളു.

ഈ ഗ്രന്ഥത്തിൻെറ കൎത്താവു് ആരാണെന്നുള്ള കാൎയ്യവും അത്ര വ്യക്തമല്ല. പ്രകൃതത്തിലെ പുരളീശനെന്ന കേരളവൎമ്മതന്നെയായിരിക്കാം ഇതിൻെറ കൎത്താവെന്നും വന്നുകൂടെന്നില്ല. “ കേരളവൎമ്മ രാമായണത്തിൻെറ കൎത്തൃത്വവും ഇദ്ദേഹത്തിന്നു തന്നെയായിരിക്കാനാണ് അവകാശം. വൈരാഗ്യചന്ദ്രോദയത്തിൻെറ കൎത്തൃത്വം കേരളവൎമ്മക്കു തന്നെ വകവെച്ചു കൊടുക്കുന്നതിൽ വലിയ തെററുകളൊന്നുമില്ല. “ പുരളീശ പാൎത്ഥിവശിഖാമണെ ” “ മുക്തിവന്നിട്ടും നൃപനുത്തമ ധരിച്ചാലും ” ഇത്യാദി സ്ഥലങ്ങളിൽ ആത്മപ്രശംസാദോഷം അപരിഹൃതമായേക്കാമെന്നു മാത്രം.

ഇനി ഇദ്ദേഹത്തിൻെറ അനന്തിരവനെന്നു മുമ്പു പറഞ്ഞ കഥകളി കൎത്താവുതന്നെ പ്രകൃതത്തിലെ കൃതിയേയും നിൎമ്മിച്ചിരിക്കുമൊ എന്നുകൂടി സംശയിക്കാവുന്നതാണ്. ബകവധത്തിൽ—

കുഞ്ചിതാളകമാരായ ഗോപിമാർ
കിഞ്ചിതേന രമിപ്പിച്ചു വിളങ്ങുന്ന
മഞ്ജുളകാന്തി കോലുന്ന മാധവൻെറ കൃപ
തഞ്ചീടുന്നാകിൽ . . . .

ഇത്യാദി പദപ്രയോഗങ്ങൾക്കു് വൈരാഗ്യചന്ദ്രോദയത്തിലെ ഭാഷാശൈലിയോടു് ധാരാളം സാമ്യം കാണുന്നുണ്ടു്. ഏതായാലും തിട്ടമായ അഭിപ്രായത്തിന്നു്, ഗവേഷകന്മാൎക്കു് വിട്ടുകൊടുക്കുന്നതായിരിക്കും നല്ലതു്. എഴുത്തച്ഛൻെറ അനുഗാമികളിൽ വശ്യവാക്കായ ഒരു മഹാനിൽ നിന്നാണീകൃതി ഉത്ഭവിച്ചിട്ടുള്ളതെന്നു മാത്രം നിൎണ്ണയിക്കാം. ഭാഷയും പ്രതിപാദന രീതിയും വളരെ സരളവും നവീനവുമാണ്.

V.C.—B

ആദ്ധ്യാത്മിക തത്വങ്ങളോടൊപ്പം വർണ്ണാശ്രമ ധർമ്മങ്ങളെയും രാജാവ്, പ്രജകൾ, സേനാപതി, മന്ത്രി മുതലായവർക്ക് വേണ്ട ഗുണങ്ങളെയും പതിവ്രതാ ധർമ്മത്തേയും മറ്റും ഇതിൽ ഭംഗിയായി വിവരിച്ചിട്ടുണ്ട്. അങ്ങിനെ ഐഹികവും ആമുഷ്മികവുമായ കാര്യങ്ങളുടെ സമ്മേളനരംഗമാണീ ഗ്രന്ഥം.

ഈ ഗ്രന്ഥത്തിന്റെ മുദ്രണത്തിൽ പ്രൂഫ് തിരുത്തിയും മറ്റും സഹായിച്ച ശ്രീ യം. പി. മുകുന്ദനോടു എനിക്കുള്ള കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ടി. ചന്ദ്രശേഖരൻ.

കുറിപ്പ് —6-ാം ഭാഗം 29-ാം വരിയിൽ കാണുന്ന "ധ്യാനം മുരെ" എന്ന സ്ഥലത്ത് "ധ്യാനേ മുരെ" എന്നായിരിക്കും ശരിയായ പാഠം.

# വൈരാഗ്യ ചന്ദ്രോദയ സാരസംക്ഷേപം

(കേരള ഭാഷാഗാനം)

നന്ദാത്മജസ്സുരജനൈ രഭിവന്ദ്യ മാന
സന്താന കല്പതരുദാന സമാന ശീല:
കുന്ദേന്ദു മന്ദഹസിത: പരിവാഹി മാമൊ?
വൈരാഗ്യ ചന്ദ്ര ജനിതം വിലിഖാമിഗാനം.
നാരായണായനമൊ നാരായണായ നമൊ:
നാരായണായ നമൊ നാരായണായ നമ:
നാരായണ(യ) ജയ നാരദവന്ദ്യ ജയ
കാരണമൂർത്തെ ജയ കരുണാനിധെ ജയ!
സാരസ നേത്ര ജയ സാരവിഗ്രഹ ജയ
വാരണാപഹ ജയ വരദ ജയജയ !
നാഗശായിനെ? ജയ നാഗാരിധ്വജ ജയ
ഭോഗമോക്ഷദ ജയ യോഗേശ ജയ ജയ !
ലോകപാലന ജയ ഗോകുല പതേ ജയ
ഭാഗവതാർത്ഥ ജയ ഭഗവൻ ജയ ജയ !
ഇത്തരമോരോതര മുച്ചരിച്ചാനന്ദേന
ചിത്തമോദേന വരുന്നന്നത്തെ കണ്ടനേരം
രാജഹംസമെ ജനിമോചനം കഥം വദ
രാജമാന മാനസാവാസ സാദരം മുദാ
തേജസാംനിധെ കളഭാഷിണി പറകെടൊ
ഭാജനം കർമ്മങ്ങടെ താക്കിനൊരിതെന്നെയും
ലോചനെ ഘന (ാം) കൃപാപൂരിതെ നോക്കിട്ടു? നീ
മോചനം ഭവാംബുധേ ധരാകുലായു? കേവലം.
ആലസ്യമുണ്ടെന്നാകിൽ കാലത്തെ കുളിച്ചുനീ
പാൽപഴം നുകർന്നുടൻ മേളത്തിൽ പറഞ്ഞാലും.
വഞ്ചിഭൂപാലനേവം ചോദിച്ചോരനന്തരം
നെഞ്ചകം തെളിഞ്ഞരയന്നവും ചൊന്നാനേവം
വൈരാഗ്യ ചന്ദ്രോദയം ചൊല്ലുവൻ കേൾക്കുന്നാകിൽ
വൈരാഗ്യമുണ്ടെന്നാ(കി)ലെ മോക്ഷത്തെ ലഭിച്ചീടും
വാരുററ കഥ ചെൽവാൻ വാരണാ മുഖവനെ
സാദരം തൊഴുന്നഞാൻ കേശവൻ പാദങ്ങളു.
വാണിമാതാവെ മുദാ പാണിനാ വന്ദിക്കുന്നേൻ.

കേൾക്കൊടോ നരാധിപ തത്വമായുള്ളതേവം.
വാക്കിന്നു മാധുര്യ്യവും കേൾക്കുമ്പോളുണ്ടാകേണം.
അക്ഷരത്തിന്നു നല്ല വ്യക്തത വിശേഷിച്ചും
സുസ്വരം വേണം നല്ല വാക്കുകൾ പറയുമ്പോൾ.
അത്രയല്ലെടോ പദവ്യക്തിയും വന്നീടേണം
സ്ഥൈര്യ്യവും ഗുരുത്വവും വാക്കിന്നുമുണ്ടാകേണം.
ഇത്തരമാറു ഗുണം ചെററുമില്ലെന്നാകിലും
സത്തുക്കൾ ക്ഷമിപ്പാനായേററവും തൊഴുന്നു ഞാൻ.
കൊതിക്കുന്നിപ്പോൾ മുക്തിപദത്തെ കിട്ടാഞ്ഞെടോ
വദിക്കാമെങ്കിലവ ചുരുക്കി ധരാപതെ.
കേൾക്കെടോ പുരളീശ പാർത്ഥിവശിഖാമണെ
വാസ്തവമേവമെങ്കിലാസ്ഥയോടിരുന്നു നീ.
ക്ഷീരത്തെ കുടിപ്പാനും ഫലത്തെ ഭുജിപ്പാനും.
പാരമാഗ്രഹമെങ്കിൽ പേർത്തുമില്ലറികെടൊ.
ക്ഷുത്തൃഡാദികളെന്ന തൊട്ടുമില്ലവററിലും
ഭക്തവത്സലനായ പത്മനാഭന്റെ പാദ
യുഗ്മസേവിയാകിയ നൽക്കുളന്തന്നിൽ കുളി-
ച്ചെത്രയും ശുദ്ധിയായിട്ടെപ്പൊഴും നടപ്പൂ ഞാൻ.
അത്രയല്ലതി മധുരത്തോടു കൂടീടുന്ന
ഭക്തിയാകുന്ന മധു നിത്യവും കുടിച്ചഥ
തത്വമായുള്ള ഹര വൃക്ഷമേറിയാലതി-
ലുത്തമമായീടുന്ന മുക്തിയാം ഫലമതി-
ന്നിച്ഛപൂണ്ടെങ്ങു [ം] തിരഞ്ഞെത്താഞ്ഞു നടക്കുമ്പോൾ
സത്യലോകത്തിന്നോരോ സത്തുക്കൾ പറഞ്ഞവാ-
ക്യത്തിനാലുടൻ കേട്ടു ചെന്നത്രവന്നു ഭൂപ.
മുക്തിദനായീടുന്ന നൽത്തിരുവനന്തേശൻ
തൻപദ പങ്കേരുഹം തത്വമായ് കാണും നേരം-
മുക്തിയാം ഫലം നിനക്കെത്തുമെന്നോരോതരം
സത്തുക്കൾ പറഞ്ഞിട്ടു നിശ്ചയിച്ചിഹ വന്നേൻ.
അത്രയല്ലിതു വൈകുണ്ഠത്തിനു സമാനമെ-
ന്നുത്തമരായ ജനം പ്രത്യഹം പറയുന്നു.
വിശ്രുത കീർത്തികൊള്ളും പത്മനാഭന്റെ പാദ-
ഭക്തികൾ കൊണ്ടുവേണം മുക്തിയെ വരുത്തുവാൻ.



അത്രവൈഭവമുള്ള നൽതിരുവനന്തേശൻ
ത്വത്സമീപത്തിങ്ങെഴുന്നള്ളി യിട്ടിരിക്കവെ
മുക്തിയെ ലഭിയാഞ്ഞു വ്യഗ്രചിത്തനാകൊല്ല
ഭക്തവത്സല പദം പ്രത്യഹം ഭജിക്ക[ി]ലൊ
മുക്തിവന്നിടും നൃപന്നുത്തമാ ധരിച്ചാലും
അത്രയല്ലിഹ ഞാനും ബദ്ധമോദേന കണ്ടേൻ
തല്പമാ മനന്തന്റെ സസ്തമായുള്ള വസ്തു.
ഇത്തരം കേൾക്ക ദുരിത ക്ഷയമായീടുന്ന
ചിത്സ്വരൂപത്തിനുടെ ചിത്രമാമഴകുകൾ.
നിർമ്മലനായ പരൻ പന്നഗ ഫണങ്ങളിൽ
മിന്നിയ മണികൾകൊണ്ടന്യൂനം പ്രകാശിച്ചും
മന്മഥനുടെ നല്ല ലാവണ്യപൂരമായ
പൊന്മയ കിരീടത്തി നന്മകൾ പറവതോ.
ചിന്മയനായ സൂര്യനൊന്നു നൂറായിരമാ
മെന്നതിൽ പ്രകാശത്തോടൊന്നുപമാനമല്ലൊ.
ഭൃംഗവീരന്മാരുടെ സ (ഗ) [ഘ] മെന്നതുപോലെ
മല്ലികാ സുരഭിതാ കുഞ്ചിത നീലാളകം
കണ്ടേന [ാ] നന്ദമഹം . . . . .
അല്ലിനോട (ല) [ടർ] പൊരുതല്ലലെ കൊടുക്കു (ന്നൊന ല്ലയൊ) [ന്ന]
[നല്ലൊരു] കചഭാരമം ബദ്ധമെന്നപോലെ
മല്ലികാ സുരഭികൾ കൊള്ളുമങ്ങനുദിനം
മുല്ലകളണിഞ്ഞിട്ടു ളളുന്നത കുതൂഹലം
നല്ലപഞ്ചമീ മതി തെല്ലിനെ ജയിക്കുന്ന
കല്യാണ നിടിലവു മുല്ലാസത്തിലകവും
ഉല്ലോല നയനാബ്ജമായുള്ള കൃപാം ബുധൌ
കല്ലോലമായീടുന്ന ചില്ലികൾ ക്കുപമാന-
മില്ലെടൊ നിരൂപിച്ചാലല്ലലാം നൃപവര
മല്ലബാണന്റെ മല [ർ] വില്ലിനോടനുദിനം
തല്ലിയും പൊരുതുടൻ വെല്ലുവാനതിയായ।
വല്ലഭ മുണ്ടായുള്ള ചില്ലിതല്ല ജങ്ങളും
വല്ലഭീജനങ്ങൾ തന്നുള്ളിലേ തറക്കുന്നോ-
രല്ലിത്താർ ബാണമായ സ്ഫുല്ലാക്ഷിയുഗളവും.
നല്ലൊരു ന (ാ) ളി (കത) [നന്ത] ന്നുള്ളിലെ ദളങ്ങളെ

തള്ളുവാനവകാശം മല്ല ലോച(രം)[നം] കണ്ടാൽ
മല്ലാരിക്കിതവിനൊടുള്ളൊരു നാസാപുടം
ഇല്ലതിനിവയൊന്നും തുല്യത ധരണീശ
എള്ളിൻെറ കുസുമത്തിന്നില്ലൊട്ടൊ ഗുണലേശം
കല്യമോദേന കണ്ടതുള്ളകം മ(റ)റക്കുമോ
പല്ലവം പവിഴവും ബിംബമ(ന്നി)[ദി]രത്തിൻെറ
കല്യതാ കളയുന്ന പല്ലവാധരം നൃപ.
പല്ലിന്നാ നിരകണ്ടാലുല്ലാസത്തായിടുന്ന
മുല്ലമൊട്ടുകൾ മുത്തും തുല്യത വരാന്നൂനം
ഇന്ദ്രനീലക്കല്ലിനസ്സുന്ദരം ചമച്ചുള്ള
നിർണ്ണയം കണ്ണാടികൾ ഗണ്ഡങ്ങൾക്കുപമാനം.
എന്തെടൊ നവരത്നം കൊണ്ടതി കുതൂഹലം
കുണ്ഡല മകരത്തിൻ ഭംഗികൾ പറവതൊ
ഇന്ദിരതൻെറ കരപങ്കജം കൊണ്ടുചേർത്ത
മംഗളലലാടവുമിങ്ങിഹ കണ്ടേനഹം.
വന്ദിക്കും ജനങ്ങൾക്കുള്ള ജ്ഞാനമായിട്ടുന്നൊ-
രന്ധകാരത്തെക്കളഞ്ഞീടുവാനായിടുന്ന
ചന്ദ്രിക തെളിഞ്ഞുള്ള ചന്ദ്രനെന്നതുപോലെ
ഇന്ദുസുന്ദരമുഖകാന്തിയും മനോഹരം.
ശംഖിനുമകതാരിൽ ശങ്കകൊണ്ടനുദിനം
ഇണ്ടലും പൂണ്ടു മുരണ്ടെങ്ങുമെ ജലധിയിൽ
മണ്ടുവാനവകാശമെന്നതിൽ ഗുണമുള്ള
കംബുകണ്ഠവും കണ്ടി[ട്ടി]ണ്ടലെ കളഞ്ഞു ഞാൻ.
ഭാസുരമായഹാരം കൊണ്ടതിലണിഞ്ഞുള്ള
ഭംഗികണ്ടെനിക്കുള്ളിൽ കന്മഷം കളഞ്ഞു ഞാൻ.
ഇന്ദിരാതൻെറ നല്ല പങ്കജ കോരകങ്ങൾ
ശങ്കപെട്ടുഴലുന്ന കൊങ്കയിലിഴകീടും
കുങ്കുമമായിടുന്ന പങ്കവും പുരണ്ടതി-
മംഗലമായ തിരുമാറിടം മനോഹരം.
സൂര്യ്യനങ്ങൊരുകോടി നേരേവന്നുദിക്കുന്ന
ശോഭകളോടു ചേരും കൌസ്തുഭമണി കണ്ടാൽ;
മുത്തുമാലകൾ മററുമുത്തമവനമാല



രത്നമാലയും നല്ല ശില്പമാം തുളസിയും
ലക്ഷ്മീമാതിൻെറ നല്ല വക്ഷോജമണക്കുന്ന
വക്ഷസി നികന്ന ശ്രീവത്സവും ധരാപതെ
മത്തവാരണന്തൻെറ നൽക്കരമുപമിക്കാം
നൽഭുജയുഗളവും വിസ്മയം നിരൂപിച്ചാൽ;
ഭക്തന്മാർ മനോരഥമൊക്കയും പൂരിക്കുന്ന
തത്വമാം കാമധേനു നിത്യമെന്നതുപോലെ
ഭൃത്യന്മാർ ചിന്തിക്കുന്നൊരർത്ഥത്തിലധികമാ
യെപ്പൊഴും കൊടുക്കുന്ന ദക്ഷമായുള്ളകരം
ആശ്രിതന്മാരെ രക്ഷിച്ചീടുവാനായ കര-
പത്മവുമതിലുള്ള പത്മരാഗമെന്നേവം
രത്നങ്ങളുമുഴ്ത്തിയും ശില്പമായ് ചമച്ചുള്ള
നൽത്തരിവളകളു മക്കണയാഴികളും
മേളമാമുദരവും നീലിമകൊണ്ടിടുന്ന
രോമാളിബലികളും നാഭിതഞ്ഞുഴികളും
നാഭിയിലുളവായ നളികമതിന്നുമേൽ
സാമോദമിരുന്നൊരു നാന്മുഖനേയും കണ്ടേൻ.
മ(ന്നാ)[ന്ദ]രഗിരിയുടെ കാന്തികൾ കളയുന്ന
സുന്ദരജഘനത്തിൻ ഭംഗികൾ പറവതൊ
മംഗലമായ പീതാംബരവുമണിഞ്ഞൊരൊ
തെങ്ങലും? രമണീയമെന്തു ചൊല്ലുവതഹൊ.
അഞ്ജിതാക്ഷിമാരുടെ നെഞ്ചകമിളക്കുന്ന
കാഞ്ചികളുടെ ശോഭശൃംഖല പലവിധം.
കന്ദർപ്പൻ തനിക്കുള്ള മന്ദിരമുഖത്തിങ്കൽ
ഇന്ദ്രനീലങ്ങൾ കൊണ്ടു് നിർമ്മിച്ചിട്ടിരിക്കുന്ന
സ്തംഭമെന്നുപമിക്കാം ചിന്തിച്ചാൽ തുടയിണ;
അംഗജൻ തൻെറ നല്ല ശൃംഗാരച്ചെപ്പായുള്ള
മംഗളജാനുകണ്ടാൽ സ(ാ)[ം]മോദമേറീടുന്നു.
അംഹിഗ്ഗുളത്തിനു മേലായിട്ടിരിക്കുന്ന
തൃക്കണങ്കാൽകളുമെത്രയും മനോഹരം
ചാലവെ തരിയിട്ടു മേളമായുള്ള മണി-
നൂപുരങ്ങളുമതി മോഹനം മനുവര.
കച്ഛപകാന്തിയെല്ലാം പ്രത്യഹം കളയുന്നൊ-

രുജാലമായീടുന്ന വിശ്രുതപ്പുറവടി-
അന്ധകാരമായുള്ളൊരജ്ഞാനം കളയുന്ന
ചന്ദ്രവർണ്ണികൾ നഖവർണ്ണികളെന്നുതോന്നും.
ഭക്തരെ രക്ഷിപ്പാനായ് രാഗാനുയുക്തമായ
തൃക്കാലിൽ വിരൽക്കെല്ലാം രത്നമോതിരങ്ങളും
സിദ്ധരും ഗന്ധർവ്വന്മാരെക്ഷകിന്നരന്മാരും
ഇത്തരം സുരാസുരരൊക്കെയും നമസ്കരി-
ച്ചക്കിരീടങ്ങളുടെ രത്നശോഭകൾ കൊണ്ടും
ചിത്രമായ്വിലസീടും തത്വമാം കഴലിണ
ഇന്ദിരോരജങ്ങടെ കുങ്കുമമവകൊണ്ടു്
പങ്കിതമായ[1] പദപങ്കജം മനോഹരം
സിദ്ധന്മാരുടെ നല്ല ചിത്ത പങ്കജങ്ങളിൽ
എപ്പോഴുമിരിക്കയാൽ പത്മശോഭയാകയൊ
വേദാന്തസാരമായ കല്പകലതകളിൽ
തൽപ്രവാളങ്ങളായിട്ടെപ്പോഴുമിരിക്കയൊ
തൃക്കാലിൽ നഖതളിരെത്രയും ചിത്രം കണ്ടാൽ.
ദേവസുന്ദരീജനം കേശത്തിലണിഞ്ഞുള്ള
(ഹല്ലകൊല്ലസത്തായിടല്ലയൊ നരാപതെ)?
ശ്യാമളമായിടുന്ന കോമളകളേബര-
ശോഭകൾ കായാവിൻെറ പുഷ്പത്തോടുപമിക്കാം.
തൃക്കാലിണയതി ഭക്ത്യാപാണിനാ മുദാ
നിത്യവും ലാളിച്ചിഹ പൃഥ്വീമാതിരുന്നതും
പത്മമാതിതി മോദാലത്തിരുമുടിയുംചേ-
ർത്തെത്രയും കുതൂഹലമൊക്കയും കണ്ടേനഹം.
ഭക്തിയും വിനയവുമൊത്തു കൈതൊഴുതിട്ടും
പക്ഷീന്ദ്രവരൻ വന്നു നില്പതും കാണായ്വന്നു.
ചിത്രമായനന്തനാം മെത്തയിൽ മാളകാന്തൻ
വിസ്മയമായ യോഗനിദ്രയും കാണായ്വന്നു.
ഇത്തരം ധ്യാനം ദൂരെ തത്വമായ്വസിക്കുന്ന
ചിൽസ്വരൂപത്തെ നന്നായ്വിശ്വസിച്ചിരിക്കിലൊ

[1] ഉരോജ കുങ്കുമം പദപങ്കജത്തിൽ വരാൻ പ്രസക്തി കാണുന്നില്ല. കരപങ്കജമെന്നായിരിക്കും നല്ലപാഠം. സന്ദർഭം നോക്കുമ്പോൾ പദപങ്കജമാണു് വർണ്ണ്യമായിരിക്കുന്നതു്.



മുക്തിയെത്തരുമെന്നു് നിശ്ചയിച്ചുറക്കേണം.
മററിനി പരലോകത്തെത്തുമൊ സുകൃതങ്ങൾ
ഇത്തരം ചെയ്യീടുവാൻ മർത്ത്യലോകത്തെന്നിയെ
ചെററുമെ സാദ്ധ്യമല്ലങ്ങുത്തമ ഗുണനിധെ.
ദുഷ്കൃതങ്ങളും നല്ല സുകൃതങ്ങളും നന്നാ,
യൊത്തുവന്നിരിക്കിലെ [മർത്ത്യനായ് ജനിച്ചിട്ടു]
മർത്ത്യനായ് ജനിച്ചിട്ടു ചെയ്യോരൊ ഫലങ്ങളെ
മുററുമങ്ങനുഭവം മററുള്ള ലോകങ്ങളിൽ
[1] ദുഷ്കൃതമില്ലായ്കിലങ്ങൂർദ്ധ്വലോകങ്ങളത്രെ
സുകൃതമില്ലായ്കിലൊ കീഴിലെ ലോകങ്ങളാം
മിക്കതുമിവരണ്ടുമൊത്തുവന്നിരിക്കിലെ
പൃഥ്വിയിൽവന്നു നല്ലമർത്ത്യരായി ജനിക്കുന്നു.
മുക്തിവേണമെങ്കിലും ദുർഗ്ഗതിയെന്നാകിലും
സ്വർഗ്ഗമെന്നിരിക്കിലും മർത്ത്യരായെന്നെവരൂ.
കർമ്മഭൂമിയിൽ ചെയ്യു കർമ്മങ്ങൾക്കൊത്തപോലെ
നിർണ്ണയം പരലോകത്തെങ്ങുമെ ഭുജിക്കുന്നു.
ഇഹലോകത്തിൽ കൊടുത്തീടുന്ന വസ്തുവെല്ലാം
പരലോകങ്ങളിലൊന്നക്ഷയമായിവരും.
സല്പാത്രങ്ങളിൽ കൊടുത്തീടിനാൽ വിശേഷിച്ചു
മക്ഷയഫലമെന്നു ദക്ഷന്മാർ പറയുന്നു.
* (ശി) [ചി] പ്പിയിൽ വീണ മഴത്തുള്ളികളിവ തദാ
മൌക്തികമാകുന്നതൊ പാത്രത്തിൻ ഗുണമല്ലോ
ദുഷ്കൃതങ്ങടെ ഫലമിപ്രകാരങ്ങൾ തന്നെ
അക്ഷയമായി വർദ്ധിച്ചീടുമെന്നതു നൂനം.
ഇത്തരമെന്നും നിൻെറ ചിത്തത്തിലറിഞ്ഞിഹ
ദുഷ്കർമ്മങ്ങളിലുള്ള ബുദ്ധിയെ ത്യജിക്കേണം.
സൽക്കർമ്മങ്ങളെ ചെയ്തു സത്വരം കാലങ്ങളെ
ഒക്കവേ കഴിപ്പാനായി ബുദ്ധിയിലുറക്കേണം.
സൽക്കർമ്മം ചെയ്യാൽ മുക്തി സിദ്ധമെന്നുറക്കേണം.

[1] ഈ ഭാഗം നൈഷധം 6-ാം സർഗ്ഗത്തിലെ 98-ാം ശ്ലോകമായ "സ്വർഗ്ഗസ്ഥതാം ശർമ്മപരം നധമ്മ:" എന്നതിൻെറ ആശയത്തോടു യോജിച്ചിരിക്കുന്നുണ്ടു്.

* ഭർത്തൃഹരിയുടെ സുഭാഷിതത്രിശതിയിലെ "സന്തപ്തായ സിസംസ്ഥിതസ്യപയസോനാമാപിന ശ്രൂയതെ" എന്ന ശ്ലോകത്തിലെ താല്പര്യത്തോടു സാമ്യമുണ്ടു് ഈ ഭാഗത്തിന്നു്.

നാളെയാമെന്നങ്ങൊരു നേരവും നിനയാതെ
നാഴികപോകുന്തോറും കാലങ്ങൾ കഴിഞ്ഞുപോം.
കാലൻെറ വരവിനു നാളെതെന്നറിയാമൊ
കാലുനാഴികപോലും കാലത്തെ കളയാതെ
കാലകാലനെ ഭജിച്ചീടുനീ നിരന്തരം.
നാരദൻ കൊണ്ടാടുന്ന നീരജ വിലോചനം
സാദരം ഭജിക്കെടോ ശീലവാനനുദിനം.
രണ്ടു മാത്രയാം വണ്ണം പത്തുരു ചൊല്ലുന്നേരം
സ്വസ്ഥനാം മനുഷ്യനു ശ്വാസമെന്നറിഞ്ഞാലും
ശ്വാസങ്ങളാറാകുമ്പോൾ ഏകയാം വിനാഴിക
ഷഷ്ടിസംഖ്യയാമൊരു നാഴിക ധരാപതേ.
നാഴികയറുപത്തു കൂടുമ്പോൾ ദിവസമാം.
അക്കണക്കിഹ പാർത്താൽ ശ്വാസമങ്ങൊരുദിനം
ഏക വിംശതിഗുണം സഹസ്രമറുനൂറും
ഈവണ്ണം പതിനഞ്ചു ദിവസമൊരു പക്ഷം
പക്ഷങ്ങൾ രണ്ടുമാസം മാസംരണ്ടൃതുവാകും,
മൂന്നൃതു അയനമാം രണ്ടയനങ്ങൾ വർഷം.
വർഷങ്ങൾ നൂറാകുമ്പോൾ ജീവനുമൊടുങ്ങിടും
നൂററിരുപത്തു വയസ്സെന്നുമുണ്ടൊരു പക്ഷം.
പുരുഷായിസ്സു നൂറെന്നറിക നൃപമണെ.
അതിലും പാതി നിദ്രയല്ലയോ നിരൂപിച്ചാൽ
പതിനാറോളം പ്രജ്ഞതയെന്നിയെ കളിച്ചുപോം.
എൺപതു വയസ്സായാലെന്തിനു കൊള്ളാമെടൊ
അതിലുമപമൃത്യു പെരികെയുണ്ടായ്വരും.
വ്യാധികൾ കൊണ്ടു ചില കാലവും കഴിഞ്ഞുപോം
യൌവ്വനം കുറഞ്ഞൊരു കാലമെ ഉണ്ടായ്വരൂ.
യൌവ്വനം വന്നു മുഴുത്തീടിനാലനന്തരം
മായയിൽ വലയാതെ മാനസമുറക്കേണം
ഈവണ്ണമനിത്യമായി നി(ശ്ശല) [ശ്ശല] മായ ~~കാലം~~
രക്ഷിപ്പാൻ പരഹിംസ ചെയ്യരുതൊരിക്കലും.
വസ്തുത നിരൂപിച്ചാലിജ്ജനങ്ങളെക്കാളും
ദേവലോകാധിപന്മാർക്കൊട്ടുമെ സുഖംവരാ.



നരന്മാരുടെ വർഷം ദിവസമവർക്കെല്ലാം
അദ്ദിനമറുപത്തും മുന്നൂറും ദിവ്യവർഷം
ദിവ്യവർഷങ്ങൾ പന്തീരായിരം ചതുർയ്യുഗം.
അച്ചതുർയ്യുഗമെഴുപത്തൊന്നു കഴിയുമ്പോൾ
ദേവേന്ദ്രൻ മുടിഞ്ഞീടും അവ്വണ്ണം മനുവിനും
മനുക്കൾ പതിനാലാം ബ്രഹ്മനുമൊരുപകൽ
അവ്വണ്ണം തന്നെ രാത്രി ഒന്നാക ചതുർയ്യുഗം
ആയിരം കഴിയുമ്പോൾ ബ്രഹ്മനുമൊരുദിനം
അദ്ദിനമറുപത്തും മുന്നൂറും വർഷമാകും
ഇത്തരം വർഷം നൂറുമേലന്ത്യമാകും ബ്രഹ്മാവിനും
എന്നതു നിരൂപിച്ചു നന്നായി വിചാരിച്ചാൽ
ലോകങ്ങളിച്ഛിപ്പാനുമൊട്ടുമില്ലവകാശം.
മരണഭയമിഹ സ്വർഗ്ഗമിസത്യന്തന്നിൽ
വദനെ മരണെശ ഭയമെന്നറിയേണം.
എന്നിവ വിചാരിച്ചു തുണ്ണെ ? താനറിയേണം
കമലപതിപദകമലയുഗം തദാ
കരളിൽ കരുതുക സതതം നരാധിപ:
മത്തേഭങ്ങൾക്കും പിന്നെ മർത്ത്യരായവർകൾക്കും
ഒത്തീടും വയസ്സെന്നു ചിത്തെനീ ധരിച്ചാലും
സപ്തികൾക്കെല്ലാം പിന്നെ മുപ്പതും രണ്ടും നൂനം
(ദ) [ഉ] ഷ്ട്രവും ഖരങ്ങൾക്കും പഞ്ചവിംശതി നൂനം.
മഹിഷത്തിനും കാള പശുക്കൾക്കിവയെല്ലാം
പൃഥ്വീശാ ഇരുപത്തിനാലെന്നു ധരിക്കേണം.
കുക്കുടത്തിന്നു പന്ത്രണ്ടാകുന്നു വയസ്സെടൊ
അജസിംഹാദികൾക്കു ഷോഡശമാകുന്നതും.
പക്ഷിവൃ(ക്കാ) [ന്ദാ]ദികൾക്കൊക്കവെ പറയുമ്പോൾ
വിസ്താരമൊട്ടുണ്ടുമൊ ബുദ്ധിയിൽ നിരൂപിച്ചാൽ
പാററകൾ പലതുണ്ടു നാഴികക്കൊരുജന്മ-
മെടുക്കുന്നവററിന്നു സുഖവും ദുഃഖങ്ങളും
യൌവനം വരുകയും പുത്രന്മാരുണ്ടാകയും
വാർദ്ധക്യമണഞ്ഞുടൻ ചത്തുപോകയുമോരോ-
നാഴികക്കകമെന്നു നീതിമാനറിയേണം.
അല്പമായുള്ളഭോഗം കല്പകാലമുണ്ടെന്നു്

ചിത്തതാരതിൽവെച്ചു ദുഷ്കൃതം വളത്താതെ
ഭജിച്ചീടുക പത്മനാഭനെച്ചിരയാ നീ
ഭുജിക്കാം പരലോകെ സുഖങ്ങളനവധി.
അന്വഹം കരുതേണം പന്നഗശായിതന്റെ
നിർമ്മലമായ പാദപങ്കജം മനോഹരം.
ത്വരിതം കരുതേണം മരണം വരുംമുമ്പെ
വിശ്വമൊക്കെയും മായാമയമെന്നറക്കേണം.
നിശ്ചയം മോഹമയം മനസ്സെന്നതും പിന്നെ
വ്യാധിതന്മയമത്രെ ദേഹമെന്നതും നൂനം.
നിർമ്മലനെന്നാകിലും (വി) [മ] ൺമയമത്രെ കായം
ദേഹമെന്നുള്ളതൊരു മോഹത്തെ കരുതാതെ
ദേഹവും ദേഹിയും രണ്ടെന്നതു ധരിക്കേണം.
നിത്യമല്ലിതു ദേഹം സത്യമായറിഞ്ഞു നീ
[1] സുപ്രതീകത്തിലുള്ളോരിച്ഛയെ ത്യജിക്കേണം
പ്രാണനങ്ങൊരിക്കലും നാശമില്ലെന്നു നൂനം
അംബുവിലുണ്ടാകുന്ന ബൽബുദമെന്നപോലെ
കായമെന്നറക്കേണം മുന്നമെയകതാരിൽ.
[2] വസ്ത്രമങ്ങുടുത്തുടൻ പഴകി ജീർണ്ണമായാൽ
മറ്റൊന്നു വ (ര) രുന്നതുപോലെ പോലിഹ ഗാത്രം
ജീവിതമത്രെ നല്ല കായത്തെ രക്ഷിക്കുന്നു.
ജീവനം പോയാൽ കായം നാലുനാൾ കിടക്കിലൊ
ആവതുമല്ല കെട്ടു കേവലം മണ്ണായീടും.
താവകം മനസ്സിലുമേവമെന്നറിയേണം.
വൃക്ഷവും മരങ്ങളും പക്ഷിജാതിയും പിന്നെ
വിപ്രരും പൃഥ്വീശന്മാരൊക്കയുമൊരുപോലെ
ദുഷ്കൃത സുകൃതങ്ങളൊത്തതുപോലെ ഭുവി
പ്രത്യഹം ജനിക്കയും തൽഫലം ഭുജിക്കയും
ദേഹത്തിലുള്ള സുഖദുഃഖവുമൊരുപോലെ
പ്രാണികളെന്നാകിലൊ സകല ജാതികൾക്കും
പ്രാണവേദനകളും കാണേണം തന്നെപ്പോലെ.

[1] സുപ്രതീകനെന്ന പദത്തിന്നു മന്മഥനെന്നായിരിക്കാമിവിടെ യോജിക്കുന്ന അർത്ഥം.

[2] ഭഗവദ്ഗീതയിൽ രണ്ടാമദ്ധ്യായത്തിലുള്ള "വാസാംസി ജീർണ്ണാനി യഥാ വിഹായ" എന്ന ശ്ലോകത്തിന്റെ ആശയമിവിടെ പ്രതിഫലിക്കുന്നുണ്ട്.



ഭൂമിയുമാകാശവും തേജസ്സും ജലങ്ങളും
വായുവുമിവയഞ്ചും കൂടിയിട്ടുള്ള നല്ല
ഭൂമിയിൽ ജനിച്ചുള്ള ജംഗമസ്ഥാവരങ്ങൾ
പഞ്ചഭൌതികമത്രെ യെല്ലാമെന്നറിയേണം
വൃക്ഷദേഹവും നരന്മാരുടെ ദേഹങ്ങളും
ഒക്കെയുമൊരുപോലെ തത്വമായറിയേണം.
അല്ലയോ ഹംസാധീശ ചൊല്ലിയ ഗുണങ്ങളിൽ
സ്ഥാവരങ്ങളിൽക്കൂടെ ചൊല്ലുവാൻ പണിയല്ലൊ.
ശൈത്യവും ചൂടുമില്ലാതോരോ [രോ] വൃക്ഷങ്ങളിൽ
ജീവനുണ്ടെന്നു ചൊൽകിൽ സമ്മതം വരുന്നില്ല.
ഘന (ധ) [മാ] യുറച്ചുള്ള വൃക്ഷത്തിൽ പഴുതുണ്ടോ
വ്യോമത്തിന്നവകാശമെങ്ങിനെയുണ്ടാകുന്നു.
കേൾക്കുമാറില്ല വാക്കും രൂപവും കാൺമാറില്ല
ഗന്ധത്തിന്നനുഭവമില്ലെടോ രസത്തിലും
തൊട്ടാലുമറിവില്ലാത്തിത്തരമായ വൃക്ഷം
പഞ്ചഭൌതികമെന്നു ചൊല്ലാമൊ നിരൂപിച്ചാൽ ;
പിന്നെയും ജഠരാഗ്നിയെന്നിവ ഇല്ലായ്കയാൽ
ജംഗമസ്ഥാവരങ്ങൾ സമമല്ലെന്നു തോന്നും ;
എങ്കിലോ കേൾക്ക ഭൂപ ഭൌതികമായതെല്ലാം
കാരണഗുണമത്രെ കാര്യത്തിൽ കണ്ടീടുന്നു.
പുഷ്പങ്ങൾ ഫലങ്ങളെന്നിവററിലുള്ള രന്ധം
വൃക്ഷരന്ധത്തിന്നുമങ്ങനുമാപകമാകും.
ഉഷ്ണം കൊണ്ടുണങ്ങുന്നു ശൈത്യത്താൽ തെളിയുന്നു
സ്പർശമുണ്ടെന്നതേവം കണ്ടുകൊണ്ടറിയേണം.
ഇടിയും വെടിയുമെന്നുഗ്രശബ്ദങ്ങൾകേട്ടാൽ
കായ്കനി കൊഴിയുന്നു ശ്രോത്രമുണ്ടതുകൊണ്ട്.
ലോകത്തിൽ ബധിരന്നു ഘോരശബ്ദങ്ങൾകൊണ്ടും
കമ്പമുണ്ടെന്നു നന്നായ് പ്രത്യക്ഷം സിദ്ധമല്ലൊ
വള്ളികൾ വൃക്ഷങ്ങളിൽ ചെല്ലുന്ന വഴിപോലെ
കൊമ്പിലും മുട്ടുന്നില്ലാ നിർവൃക്ഷെ പോകുന്നില്ല.
കണ്ണില്ലാ ജനത്തിനു വഴിയെ നടപ്പുണ്ടൊ
കണ്ണുണ്ടെന്നിതുകൊണ്ടു നിർണ്ണയം വരുത്തുക.
ഗന്ധധൂമങ്ങൾ ധൂപിച്ചിടിനാൽ വൃക്ഷങ്ങൾക്ക്

രോഗശാന്തികൾ കണ്ടാൽ പ്രാണനുണ്ടെന്നും ചൊല്ലാം.
വേരുകൾകൊണ്ടു വളമിട്ടതും ജലങ്ങളും
പാനം ചെയ്യുന്നു നൂനം ജിഹ്വയുണ്ടതുകൊണ്ടു്.
വ്യാധിയുണ്ടാകകൊണ്ടു് രസധാതുവുമുണ്ടു്
രക്തവുമുണ്ടാം വൃക്ഷെ പാലുനീരെന്നും ചൊല്ലു.
തൊക്കിന്റെ യകം ഘനമായ ദേശങ്ങൾ മാംസം
വെള്ളയും മേദസ്സെന്നു ചൊല്ലുവോരറിഞ്ഞവർ.
അസ്ഥികളാകുന്നതു കാതലെന്നറിഞ്ഞാലും
തത്തൈലം വൃക്ഷത്തിന്റെ മജ്ജയെന്നറിയേണം.
ഫലത്തിനുള്ളിൽ സപ്തധാതുക്കളേവം . . . .
വൃക്ഷത്തിനുണ്ടു സത്യം പ്രത്യഹം വർദ്ധിക്കുന്നു.
ജീവനുണ്ടതുകൊണ്ടു് വെട്ടിയാലുണങ്ങുന്നു.
നാഡിയുമുണ്ടെന്നതു ധരിക്ക നൃപമണെ.
അന്നമാം ജലം വേരിൽ ചെല്ലാതെയിരിക്കുമ്പോൾ
ശോഷണാ മരണമാം എന്നതു മറിയേണം.
വാർദ്ധക്യമുണ്ടു നല്ല വൃക്ഷങ്ങളെല്ലാററിനും
വൃദ്ധതാദശയിങ്കൽ പാൽനീരും കുറഞ്ഞിടും.
ഫലങ്ങളില്ലാതെ പോയുണങ്ങിടുന്നു തോലും
മരണ സമയതാം മൂലമെന്നതുകൊണ്ടും
കച്ചവൃദ്ധികളാലെ വാതമുണ്ടെന്നു നൂനം
ശ്ലേഷ്മമാം നുരപിത്തം മഞ്ഞളിച്ചുള്ള നീരും.
തൊലിതൻ പുറത്തുള്ള കറകൾ മലങ്ങളും
വ്യാധികൾ പലതുണ്ടു് ലക്ഷണമതും ചൊല്ലാം
ഇലകൾ കൊഴി [ഞ്ഞു] പോം പുഷ്പങ്ങൾ കരിഞ്ഞീടും
നിർബീജം ഫലങ്ങളും സ്വാദുകൂടാതെ വരും.
എന്നിവ ചികിത്സിച്ചാൽ ഭേദിക്കുന്നതുകൊണ്ടു്
ജഠരാഗ്നിയുമുണ്ടെന്നുൾക്കാമ്പിലറിയേണം.
ഔഷധം കഷായങ്ങൾ വൃക്ഷമൂലത്തിലിട്ടാൽ
ഗ്രഹിക്കും വേരിന്നൂടെ അതു പിന്നുദരത്തിൽ
ദഹിച്ചു രസമായി പരിണമിച്ചീടുന്നു.
ഏവമൌഷധരസം ദേഹത്തിൽ പിടിക്കുമ്പോൾ
വ്യാധിപോയ് തളർത്തീടും പുഷ്പിക്കും ഫലിച്ചീടും
വെട്ടുകൾ കൊണ്ടിട്ടുള്ള വ്രണങ്ങൾ രോപിക്കുന്നു.



വൃക്ഷദേഹത്തെപ്പോലെ നമ്മുടെ ദേഹമെന്നും
സൂക്ഷ്മമായറിയേണം പ്രജ്ഞാവാനെന്നാകിലൊ
ജനനമരണമാം ജലധിയതിൽ വീണു
വലയായ്വതിന്നുള്ള കരുവു കരുതുക.
കായമെന്നുള്ളതുമവായി ? എന്നറിഞ്ഞു നീ
മായതന്നെയും സദാ ചേതസി കരുതുക.
അജ്ഞാനി ജനങ്ങളോടൊത്തു നീ രമിയാതെ
പ്രാജ്ഞതയുള്ളവരോടെത്രയും ചേർച്ചവേണം ;
പ്രജകളോടുധനം പറിച്ചു ദിനം പ്രതി
വൃജിനം* വരുത്താതെ സന്തതമിരിക്കേണം.
ചഞ്ചലം ധനമെന്നു നെഞ്ചകത്തറിയേണം.
പഞ്ചസായക ശരമഞ്ചു മങ്ങനുദിനം
നെഞ്ചിടെ തറച്ചഹോ ചഞ്ചലമിയലാതെ
ചഞ്ചലാക്ഷിമാരുടെ പുഞ്ചിരി പുതുമയും
വഞ്ചനമയമായ കൊഞ്ചലും കടാക്ഷവും
അഞ്ജനാഞ്ചിത നനയങ്ങളാമവരുടെ
ശൃംഖല പിണഞ്ഞഹോ ചിന്തയിലുഴലാതെ
മജ്ജുളതരമായ മന്ദിരങ്ങളുമെല്ലാ-
മൊന്നുമേ വരാമരണാന്തികെയൊരുവനും
ഏണാക്ഷിജനങ്ങ (ളാൽ) [ളുതൻ] വേണിയാം വലകളിൽ
മാനസമായൊരേണാം വീണുപോയ് വലയാതെ
വീണാവാണികളായ ഗണികാജനങ്ങളെ
കാണിനേരവും മനതാരതിൽ നിനയാതെ
താമരനയനന്റെ കോമളമായ നല്ല
ശ്യാമളകളേബ [ര] ര (ം) മാനസ മുറക്കേണം
നേരായ പരലോകെ ഭീരുവായിരിക്കേണം
പാരാതെ പരവധൂസംഗമം ത്യജിക്കേണം
കണ്ടീടുന്നവയെല്ലാ മുണ്ടെന്നു കരുതാതെ
അന്തകന്റെ നല്ല കിങ്കർ വരുന്നേരം
ഹന്ത ബന്ധുവാം ജനമെന്തൊരു ഫലം നൃണാം
ബന്ധുരമായ ദേഹമെന്നിരിക്കിലും പിന്നെ
കൊണ്ടുപോയ് ചുട്ടും നല്ല ബന്ധുവാം ജനങ്ങളും.

---

* വൃജിനമെന്നാൽ പാപമെന്നായിരിക്കാമിവിടെ വിവക്ഷ.

ധർമ്മവുമധർമ്മവുമെന്നിവരിരുവരു-
മെന്നിയെ സഹായം മറ്റില്ലൊരുവരും സദാ
ഉടുത്തവസ്ത്രം പോലുമെടുപ്പാൻ കഴിവരാ
തടിച്ചദേഹം കൂടെ കിടക്കെന്നതെവരു.
അന്തികെവരും യമകിങ്കരരെന്നും തദാ
ബന്ധുവില്ലപ്പോഴാരും കണ്ടവരൊരുവരും.
അന്ധനായ് നീയും പോയി ചിന്തയിലുഴന്നിനി
അന്തകപുരിപുക്ക കുണ്ഠനായ്വലയാതെ
അന്തകാന്തകൻതന്നെ സന്തതം ഭജിക്ക നീ
ബന്ധുവായ് വരുമെന്നു സന്തതമറിയേണം.
വെന്തുപോകുന്നൊന്നുടലെന്നറി നൃപമണെ
ഒന്നിനുമാകാ വപുസ്സെന്നതു മറിയേണം.
മലവും കൃമികളും ജലവും ശോണിതവും
ചലവും ചളിപല വളരും പാമ്പുകളും.
വെളുത്തൊരെല്ലും പല്ലും നഖവും രോമങ്ങളും
വെളുക്കും വയസ്സുകളധികം ചെല്ലും നേരം.
കഫവും നിറഞ്ഞുള്ള മുഖവും നിരൂപിച്ചാൽ
ഉദരെ നിറഞ്ഞുള്ള മലവുമിവയെല്ലാം
പെരുത്ത മേദസ്സും ദുർമ്മാംസവും കുടൽമാല
നിറെച്ച തൊലികൊണ്ടു മറച്ചുചമച്ചുള്ള-
തെത്രനന്നെടൊ വിധികല്പന കുതൂഹലം.
ദേഹത്തിലുണ്ടാകുന്ന മലങ്ങളേഴാകുന്നു.
ചെവിയിലുളവാകും മലവുമിവതന്നെ
രോമകൂപങ്ങളുടെ സ്വേദമായ്വരുന്നതും
ഘർമ്മമാം ജലമുറച്ചീടുമ്പോൾ മലമത്രെ.
കണ്ണിലുണ്ടായീടുന്ന പീളകൾ മലമല്ലൊ
നാസികയൂടെ വരും ശ്ലേഷ്മവുമവതന്നെ.
വായിലുണ്ടായീടുന്ന ശ്ലേഷ്മവും വിവിധമാം
മൂത്രവും പുരീഷവുമോക്കെടോ നരാധിപ.
ദന്തശുദ്ധികളൊരു സന്ധ്യവൈകീടുന്നാകിൽ
ഗന്ധവുമെന്തായ്വരും ചിന്തിക്ക നൃപമണെ.
കർണ്ണവും കണ്ണും നാസാ തന്നിലെന്നിവറ്റിന്റെ
നാഡികൾ മൂലാധാരത്തോളമുണ്ടെന്നാലതിൽ.
നിന്നു വായുക്കൾ കൊണ്ടു വന്നൊരു മലമെന്നു.



കണ്ടുകൊണ്ടറിയണം സന്തതം ധരാപതെ.
എന്തെടൊ കായശുദ്ധി ചിന്തിച്ചുകാണും നേരം
പങ്കജവിലോചന ശങ്കര ശിവശിവ.
ചിത്തത്തിൽ നിരൂപിച്ചാൽ സങ്കടം പറവതൊ
കാച്ചിന ജലംകൊണ്ടു കുളിച്ചു ദിനം പ്രതി
പച്ചയും പുഴുകും നല്ലിച്ഛയാം പനിനീരും
വെച്ചഗംധരാരിയും ? മേച്ചമാം ചന്ദനവും
പച്ചയാം കർപ്പൂരവുമിച്ഛയാം ജവാതുക്കൾ
കച്ചണിമുലമാരങ്ങിച്ഛയോടരച്ചവ
തേച്ചുതേച്ചുനാരത മെന്നിരിക്കിലും ദേഹെ.
നാറ്റമുണ്ടാകും കരമർദ്ദനം ചെയ്തുപാർത്താൽ.
അത്രയുമല്ല തന്റെ നാസികയൂടെ വരും
കഫങ്ങൾ കറന്നുടൻ കരത്തിലായീടുമ്പോൾ
അറെക്കും മനസ്സിനും തനിക്കും തന്നെ തദാ
ശേഷമായിടുന്നൊരു ശ്ലേഷ്മവുമപ്പോൾതന്നെ
ശ്വാസങ്ങൾകൊണ്ടു വലിച്ചിറക്കും മടിയാതെ
നഖവും രോമങ്ങളു മറുത്തിട്ടവ പിന്നെ
സുഖമെ തൊടുന്നാകിലറപ്പുമശുദ്ധിയും
പെരികെയുണ്ടാമല്ലൊ നരന്മാർക്കെല്ലാവർക്കും.
നാപിതന്തനിക്കെന്തു ദോഷമെന്നറിഞ്ഞായൊ
വപനം ചെയ്കകൊണ്ടു കുലഹീനതവന്നു.
കാരുവാം രജകന്റെ ദോഷമെന്തെന്നുചൊല്ലാം
നരന്മാരുടുക്കുന്ന വസനക്ഷാളനത്താൽ
ബുദ്ധിയിൽവേണം ദേഹശുദ്ധിയില്ലെന്നു സദാ
പുത്രനെങ്കിലും നരൻ ചത്തുപോയെന്നാകിലൊ
ചെറ്റുനേരവും ഗേഹെ വെച്ചിരിപ്പതുമുണ്ടൊ.
സത്വരം ദഹിപ്പിക്കും നിശ്ചയം പിതാവുതാൻ.
വിപ്രനെങ്കിലും നരൻ ചത്തുപോയെന്നാകിലൊ
പത്തുനാളുണ്ടുപുല മറ്റവർക്കശുദ്ധിയും.
ഇത്തരമായിട്ടുള്ള ദേഹമെന്നതും മുമ്പിൽ
ചിത്തകം തന്നിലറിഞ്ഞിട്ടു നീ നടക്കേണം.
ചത്താലും നയനവും കർണ്ണവും രസനയും
മൂക്കുമെന്നിവയെല്ലാമൊക്കെയുമുണ്ടല്ലയൊ.

ജീവനങ്ങൊടുങ്ങിയാൽ കാണ്മാറില്ല കണ്ണും
കേൾക്കുമാറില്ല ചെവിതന്നിലും നാവുണ്ടായാൽ
വാക്കുമില്ലഹൊ ഗന്ധമില്ലെടൊ നാസികക്കും
ചേഷ്ടയും ചൂടുമില്ല പാൎക്കെടൊ കൌതൂഹലം.
ചേതനപോയാൽ ജഠരാഗ്നിയുമില്ലാതെ പോം
എന്നതുകൊണ്ടു് ചൂടുമില്ലാതെ ചമയുന്നു.
മൎത്ത്യരായുള്ള ജനം ചത്താലശ്ശവംകൊണ്ടു
മററവൎക്കൊരു ഫലം മുററുമില്ലറികെടോ
ഭക്ഷിച്ച മൃഗമാംസം ക്ഷുത്തിനെ നീക്കും ചിലർ
ഭക്ഷിപ്പാനാകാ നരമാംസമെന്നറിഞ്ഞാലും.
* സപ്തി തന്നുടെ വാലാലെത്രയുണ്ടുപകാരം
ചമരീരോമം തന്നാൽ ചാമരം ചമക്കുന്നു.
പന്നി തന്നുടെ രോമം പൊൻപണിക്കുപയോഗം
അജരോമങ്ങൾ നല്ല കമ്പളമറിഞ്ഞാലും
എന്തിനുകൊള്ളാം നരന്മാരുടെ രോമങ്ങളും
ഉത്തമമായ കൃഷ്ണാമൃഗത്തിൻ ചൎമ്മംകൊണ്ടെ
വിപ്രരായിട്ടുവെന്നതുത്തമരറിയേണം.
തരക്ഷുചൎമ്മം മന്ത്രം ജപിക്കാമിരുന്നെടൊ
ധരിക്കാം തരിയിട്ട പലിശകളിൽ ചേൎത്തു്.
മദ്ദളമുടുക്കുകൾ, നൽത്തകിൽ, മൃദംഗകൾ,
* തിത്തി എന്നിവയെല്ലാം ‡ കൃത്തിയെന്നിയെയുണ്ടോ ?
നരന്റെ ചൎമ്മമുണ്ടോ പരമൊന്നിനു നല്ലു.
ഈശ്വരന്മാൎക്കു പൂജിച്ചെപ്പൊഴുമഭിഷേക-
മൊത്തു ചെയ്യീടും ശംഖമസ്ഥിയല്ലയോ പാൎത്താൽ
ഗജദന്തങ്ങൾകൊണ്ടു് ശില്പിമാരതു നല്ല
ശില്പമായ്ചമക്കുന്നതെത്രയുണ്ടോരോ തരം
മററുള്ള ജന്തുവൃന്ദം ചത്തുപോയെന്നാകിലും
അസ്ഥിചൎമ്മങ്ങൾ നഖം കുത്തുമക്കൊമ്പുകൊണ്ടും.
എത്രയുമുപകാരമെത്തിവന്നീടും സദാ
അത്രയല്ലഹോ പച്ചപ്പുഴുക്കും ജവാതുക്കൾ

* സപ്തി = കുതിര.
† ഊതുന്നതിന്നുള്ള ഒരുതരം ചെറുകുഴൽ. ഈ ഭാഗം ഗുണ്ടൎട്ടിന്റെ നിഘണ്ടുവിൽ ഉദ്ധരിച്ചുകാണുന്നുണ്ടു്.
‡ കൃത്തി = മൃഗചൎമ്മം.



എപ്രകാരത്തിലുണ്ടാമത്തരം നിരൂപിക്ക
ചിത്രമാം പരിമള കസ്തൂരിഗോരോചന-
മെപ്രകാരത്തിലുണ്ടാമെന്നതും ധരിക്കേണം.
ദുൎഗ്ഗന്ധം കളവാനായ് മൎത്ത്യരും ദേഹേ തേച്ചും
വിഷ്ണുവും ശിവനുമാടീടുന്ന കളഭമായ്.
മൎത്ത്യരായുള്ളോരുടെ മൂത്രവും പുരീഷവും
ശുദ്ധിയില്ലെടോ ഹാഹാ കഷ്ടമെന്നറിയേണം.
പഞ്ചഗവ്യംകൊണ്ടഭിഷേകമുണ്ടനുദിനം
പഞ്ചബാണാരി തനിക്കാദിയായറിഞ്ഞായോ
പഞ്ചഗവ്യത്തെ സേവിച്ചീടിനാൽ നരന്മാൎക്കും
പഞ്ചമമായ മഹാപാതകങ്ങളും നീങ്ങും.
ഗോമയം കൊണ്ടല്ലയോ ശുദ്ധികൾ വരുത്തുന്നു
ഗോപികാരമണന്റെ മായകൾ പറവതൊ.
അന്നമെ വിസ്താരമായിന്നിയും പറഞ്ഞാലും
മന്നിലുത്ഭവിച്ചവർ ഗാത്രതത്വങ്ങളെല്ലാം.
എന്നതു കേട്ടു ചൊന്നാനിങ്ങിനെ രാജഹംസം
വഞ്ചിഭൂപതെ ചൊല്ലാമിന്നിയും കേൾക്കുന്നാകിൽ.
പഞ്ചഭൌതികമായ ദേഹത്തിലൊരിക്കലും
വാഞ്ഛയെ വളൎത്താതെ ചിത്തത്തിലൊരുനാളും
നാല്പത്തെട്ടിരട്ടിച്ചൊരംഗുലപ്രമാണമാം
നല്ലുടൽ നടുവിലുള്ളാധാരചക്രം തങ്കൽ.
നിന്നുണ്ടായ് ഊൎദ്ധ്വം തലയോടീലോള[വും] ചെന്നു്
[ഉ]ദ്ഭ്രമിച്ചിരുന്നുള്ള നാഡിയാം സുഷുമ്നയിൽ
ആധാരചക്രത്തിനു രണ്ടരവിരൽ മീതെ
ലിംഗത്തിന്നിരുവിരൽ താഴത്താം സ്വാധിഷ്ഠാനം ;
സ്വാധിഷ്ഠാനത്തിങ്കന്നു പത്തരവിരൽമീതെ
ചക്രമാം മണിപൂരമഗ്നിയുമതിൽതന്നെ.
മണിപൂരത്തിൽനിന്നങ്ങീരേഴ വിരൽ മീതെ
ഹൃദയാംബുജം തന്നെ ചക്രമാ[മ]നാഹതം
അതിൽനിന്നാറുവിരൽ മീതെയാം ശുദ്ധിചക്രം
ശുദ്ധിചക്രത്തിങ്കൽനിന്നൊമ്പതു വിരൽ മീതെ
ഭ്രൂമദ്ധ്യേ ആജ്ഞാ ചക്രം ദ്വിദളമായിട്ടുള്ളു.

കപാലചക്രം സുഷുമ്നാഗ്രത്തിലധോമുഖം
ദ്വാത്രിംശദ്ദളമെന്നു സൂരികൾ പറയുന്നു.
ശുദ്ധിഷോഡശദളം ഹൃദയം രവിദളം
പത്തുതാൻ ദളങ്ങളുത്തമമണിപൂരെ.
സ്വാധിഷ്ഠാനാധാരങ്ങൾ ചതുരശ്രമ[ാ]മത്രെ
നന്മണിപൂരത്തിങ്കൽ നാഡികളുടെ മൂലം.
പിംഗളയെന്ന നാഡിദക്ഷിണനാസന്തന്നെ
ഉത്ഭവമതിന്നു മൂലാധാരത്തിങ്കൽ തന്നെ.
വാമനാസികനാഡിയിഡയെന്നറിയേണം
പിംഗളപോലെതന്നെ ഉത്ഭവമാധാരത്തിൽ
പിംഗളാപിന്നിൽകൂടി വന്നുള്ളോരുപനാഡി
ദക്ഷിണനേത്രമെന്നു ദക്ഷന്മാർ പറയുന്നു.
ഈവണ്ണമലംബുഷാ വാമനേത്രമാമിവ
രണ്ടിനുമാധാരത്തിൽ തന്നെപോലുല്പത്തിയും.
ഗാന്ധാരിയെന്ന നാഡി ദക്ഷിണകർണ്ണത്തോളം
ഹസ്ഥിജിഹ്വാഖ്യം വാമകർണ്ണമെന്നറിയേണം.
എന്നിവരണ്ടും മുന്നെപ്പോലെയാധാരചക്രെ
സംഭവമെന്നുമുള്ളിൽ സംഭൃതമറിയേണം.
ഈവണ്ണമേഴുനാഡി മൂലാധാരത്തിൽനിന്നു
മേല്പട്ടു പോകുമതു മന്നവ ധരിക്കേണം.
നന്മണിപൂരത്തിൽനിന്നുണ്ടായങ്ങൊരുമിച്ചു
നാലു നാഡികൾ മേല്പട്ടുഗ്രമായതിൽപിന്നെ
ശംഖിനിയെന്ന നാഡി ശുദ്ധിയോളവും ചെന്നു്
ഭുക്തസാരത്തെ ഉത്തമാംഗത്തിൽ വററിക്കുന്നു.
നാഡിവിശ്വോദരയും നല്പയസ്വിനി താനും
അന്നസാരത്തെയെല്ലാം സംഗ്രഹിപ്പതിന്നഹോ
മൂന്നു നാഡികൾ പിന്നെ കീഴ്പോട്ടുപോയിട്ടുള്ളു.
ബാലിയെന്നതു ഗുദം രാഗയെന്നതു ലിംഗം
രാഗാശംകസിനി എന്നിന്ദ്രിയം വഹിപ്പാനും
രാഗയിൽ മുക്കാലംശം ചെന്നേടത്തൊടുങ്ങീടും
പിന്നെ രാഗയിൽതന്നെ രേതസ്സവരുന്നിതു.
നല്ല വിശ്വോദരയിൽ രണ്ടു ഭാഗങ്ങളതിൽ



കീഴേടം പക്വാശയമുപരിയാമാശയം.
ഭുക്താന്നമാമാശയെ വമിക്കും ജഠരാഗ്നി
പച്യമാനമായുള്ളൊരന്നവുമതുനേരം
രണ്ടായി പക്വാശയെ വീഴുമെന്നറിയേണം.
സ്ഥൂലമായുള്ളോരന്നം മലമായ് ഗുദത്തൂടെ
പോകുമങ്ങപാനനാലന്നമാകയാൽ പിന്നെ.
ജലമായുള്ളൊരംശം രാഗയിൽ മൂത്രിച്ചിടും
പച്യമാമന്നത്തിൻെറ സാരവും രണ്ടുണ്ടേവം.
മഷിയായ് കപാലത്തിൽ രക്തമാമൊന്നു പിന്നെ.
ശുക്ലബ്രഹ്മമാമൊന്നു് പൃഥ്വീശശിരോമണെ
പ്രകൃതിയായ സ്ത്രീയെ മോഹിപ്പാനതുഹേതു
കാരണം മദനനും വന്നീടുമതുനേരം.
സന്ധികളെല്ലാം സംഗംകൊണ്ടു് മട്ടിക്കുന്നേരം
രാഗാശംകുസിനിതന്നുള്ളിൽ വന്നിറങ്ങീട്ടു്
രാഗാഗ്രെ പതിച്ചീടും മന്ദമായതും പിന്നെ.
വേഗേന യോനിതന്നിൽ ചെല്ലുമെന്നറിയേണം
ഈവണ്ണമീശ്വരാംശമായുള്ളൊരിന്ദ്രിയത്തെ
വ്യർത്ഥമായ്കളഞ്ഞാലും ബ്രഹ്മഹാ എന്നു വന്നു.
ഇത്തരമായ യുക്തി സത്വരം ഗ്രഹിച്ചഥ
സ്വസ്ത്രീയിലല്ലാതുള്ള ഗമനം വർജ്ജിക്കേണം.
അസ്ഥിയും മജ്ജാവുകൾ സ്നായുവുമിവമൂന്നും
പൈതൃകമായതെന്നു ചേതസി ധരിക്കനീ.
രക്തവും തൊലിമാംസം മാതൃജമിവമൂന്നും
ഉത്തമർ ചൊല്ലുന്നതു തത്വമായറിയേണം.
സത്വവും രജസ്തമസ്സെന്നിവ മൂന്നും തങ്കൽ
നിന്നുണ്ടാം പാപപുണ്യങ്ങൾക്കുമങ്ങൊത്തപോലെ.
ശുക്ലവും ഞരമ്പുകൾ രോമവും നഖങ്ങളും
പല്ലുകളിവയെല്ലാം പൈതൃകമത്രെ ചൊല്ലാം
മേദസ്സും ഗുദം നാഭി പ്ലീഹയും ഹൃദയവും
മാതൃജവിശേഷങ്ങളിത്തരമറിഞ്ഞാലും
ഇച്ഛയും ദ്വേഷസുഖദുഃഖവും ധർമ്മാധർമ്മ
ഭാവനപ്രയത്നവും ജ്ഞാനമായുസ്സും നല്ലൊ-
രിന്ദ്രിയഗതികളുമിന്ദ്രിയഭേദങ്ങളും
ഇങ്ങിനെ പലതരം തൻകൽനിന്നുണ്ടാം ചെയ്യു

കർമ്മങ്ങൾക്കൊത്തപോലെ ചിന്തയിലറിഞ്ഞാലും.
നാഡികളെഴുപത്തിരായിരമുണ്ടു ദേഹെ
ഭുക്തപീതാന്നരസവാഹികൾ മഹീപതെ.
പാർത്ഥിവമായൊരന്നം മൂന്നായി പചിക്കുമ്പോൾ
സ്ഥൂലമായുള്ള ഭാഗം മലമായ്വന്നുകൂട്ടം.
മദ്ധ്യഭാഗം മേദസ്സാമെന്നതു ധരിക്കണം.
സൂക്ഷ്മമായുള്ള ഭാഗം മനസ്സായീടുംന്നൂനം.
പാ (ത്തിവാ) [ർത്ഥിവം] മനസ്സെന്നതിതുകൊണ്ടറി [യണം.

ആപ്യത്തിൽസ്ഥൂലഭാഗം മൂത്രമാം പരിണാമെ
രക്തമാം മദ്ധ്യഭാഗം സൂക്ഷ്മഭാഗങ്ങൾ പിന്നെ.
പ്രാണനായ്വരുന്നതും പാരാതെ ധരിക്കനീ.
തേജസ സ്ഥൂലഭാഗമസ്ഥിയാം മദ്ധ്യഭാഗം
മജ്ജാവാം മണ്ഡഭാഗം വാക്കാകും ക്ഷിതിപതെ
തേജേവന്നാത്മാകമാ (?) മീവർണ്ണം ശരീരമെ-
ന്നേവമുള്ളതെന്നകതാരില [ങ്ങ] റിയേണം.
ഈവർണ്ണമന്നമയമാകയാലതു ദേഹം
പഞ്ചഭൌതികമത്രെയായതെന്നറിയേണം.
പൃഥിവീജലങ്ങളും തേജസ്സുമാകാശവും.
കാറ്റുമെന്നിവയഞ്ചും ഭൂതപഞ്ചകമല്ലൊ.
ശ്രോത്രവും ത്വക്കും നല്ലോരീക്ഷണം ജിഹ്വാഘ്രാണം
ജ്ഞാനേന്ദ്രിയങ്ങളഞ്ചും പിന്നെയും കേൾക്ക ഭൂപ.
സ്പർശശബ്ദവും രൂപരസവും ഗന്ധമഞ്ചും
കർമ്മേന്ദ്രിയങ്ങളിവ മന്നവാ ധരിക്കനീ.
വാണിയും പാദവായും പാണിയുമുപസ്ഥവും
വിഷയമിവയഞ്ചും സതതമറികെടൊ.
ബുദ്ധിയു മഹങ്കാരശ്ചിത്തവും മനസ്സുമെ-
ന്നിത്തരം തത്വമിരിപത്തുനാലിഹ പാർത്താൽ.
ആത്മാവിനോടുകൂടെ പഞ്ചവിംശതിയുണ്ടാം
കേൾക്കതിൽ വിശേഷങ്ങളൊക്കയുമറിഞ്ഞവ.
അസ്ഥിമാംസങ്ങൾ മജ്ജത്വക്കു മസ്നായുവെല്ലാം
പാർത്ഥിവമാകുന്നതു സത്യമെന്നറിയേണം ;
പിത്തവും ശോണിതവും ശ്ലേഷ്മവും സ്വേദം വസാ



ആപ്യമായുള്ളതെന്നു പേർത്തുമങ്ങറിയേണം.
ഉഷ്ണവും കോപങ്ങളും തേജസ്സും ജഠരാഗ്നി
നേത്രമെന്നിവയഞ്ചു മാഗ്നേയമെന്നുനൂനം.
ശ്രോത്രവും ഹൃദയവും വക്ത്രവുമുദരവും
ഘ്രാണമെന്നിവയഞ്ചു മാകാശത്താലെയുള്ളു.
പ്രാണാദിയായതഞ്ചും വായവ്യമെന്നു നൂനം
പഞ്ചഭൌതികമെല്ലാം ജംഗമസ്ഥാവരങ്ങൾ.
ദുർഗ്ഗന്ധം സുരഭിയും കടുകം മധുരവും
സ്നിഗ്ദ്ധസംഹതം രൂക്ഷം നിഹാരി വിശദവും
ഗന്ധമൊമ്പതുവിധം ഭൂതിയിലുണ്ടാകുന്നു
ഗന്ധമില്ലായ്ക്കകൊണ്ടു നൽഗുണം ജലത്തിനും
ഷഡ്വിധം രസമതു തങ്കൽനിന്നുണ്ടാകുന്നു.
(ര) [നി] ർഗ്ഗന്ധരസമാകഹേതുവാൽ തേജസ്സിനും
മൂന്നുപോൽ ഗുണങ്ങള [ങ്ങ] തിൽനിന്നുണ്ടാകുന്നു.
രൂപങ്ങൾ പന്ത്രണ്ടെന്നു ചിന്തയിലറിയണം.
ദീർഘവും ചതുരശ്രം സ്ഥൂലവും ഹ്രസ്വാപിന്നെ
വൃത്തവുമണുനീലം കൃഷ്ണവും കപിലവും
ശുക്ലവും പീതം നല്ല രക്തമെന്നിവയെല്ലാം.
സ്പർശശബ്ദങ്ങൾ രണ്ടു ഗുണങ്ങൾ മാരുതന്നു്
സ്പർശഭേദങ്ങൾപിന്നെ ദ്വാദശവിധങ്ങളാം.
ഉഷ്ണവും ശീതങ്ങളും സ്നിഗ്ദ്ധവും വിശദവും.
ദുഃഖവും സുഖങ്ങളും ചിക്കണങ്ങളും മൃദു
ദുശ്ശ്ലക്ഷ്മം (?) കഠിനവും ദാരുണമെന്നുംപിന്നെ
പശ്ചല (?) മിവയെല്ലാം പന്ത്രണ്ടെന്നറികെടൊ.
ശബ്ദങ്ങളാകാശത്തിൻ ഗുണമായതുനൂനം
ശാന്തവും ഘോരമുച്ചം സംഘർഷഭവന്താരം
ഗാന്ധാര മൃഷഭവും പഞ്ചമം ഷൾജംപിന്നെ
പഞ്ചമം മദ്ധ്യമവും ധൈവതം നിഷാദവും
ദ്വാദശവിധമത്രെ ശബ്ദമെന്നറിയേണം.
ഈവർണ്ണമൻപത്തൊന്നു ഗുണങ്ങൾ കാണ്മാനുള്ള
ജംഗമസ്ഥാവരങ്ങൾ പഞ്ചഭൌതികമത്രെ.
ദേഹത്തിൻമൂലം ദോഷധാതുവും മലങ്ങളും
മൂന്നുദോഷങ്ങൾ വാതപിത്തശ്ലേഷ്മങ്ങളെന്നും
രസവും ചോരമാംസം നൈ പല എല്ലു പാട

ശുക്ലമെന്നിവ ഏഴു ധാതുക്കളെന്നും ചൊല്ലാം.
നേത്രങ്ങളതിലുമമ്മൂക്കിലും വായിൽ നല്ല
ശ്രോത്രങ്ങളിലുമുണ്ടാം മലമെന്നറിയേണം.
മൂത്രവു മമേദ്ധ്യവും സ്വേദവുമിതിങ്ങനെ
ഇപ്രകാരത്തിലേഴു മലങ്ങളറിയേണം.
നാഡികൾ മൂന്നു ദേഹെ പിംഗലാ ഇഡായെന്നും
ആഗ്നേയം മദ്ധ്യനാഡിക്കാഹ്വയം സുഷുമ്നപോൽ.
അന്നസാരത്തെ മേൽപ്പാടാക്കുവാൻ ദശനാഡി
രസബോധിനിയായ നാഡികൾ രണ്ടാമേവം.
വിസ്താരം പറയുമ്പോഴൊട്ടുമെ എളുതല്ല.
യൌവ്വനംവന്നു മുഴുത്തീടിനാലവരുടെ
ദേഹത്തിൽ ജലം പത്തു നാഴിയുമുണ്ടായവരും
കുഡുംബം നവരസ ധാതുവുമിതുപിന്നെ
എണ്ണാഴിച്ചോരയുണ്ടാം യൌവ്വനം തികയുമ്പോൾ.
അഞ്ഞാഴി പിത്തം മലമേഴുനാഴിയായവരും.
പിന്നെയശ്ലേഷ്മമറുനാഴിയുണ്ടതുപോലെ
പ്രസ്ഥമാത്രംപോൽ മൂത്രം വസകൾ മൂന്നാഴിയും
മേദസ്സു മിരുന്നാഴി മജ്ജയും നാഴിയത്രെ
ഓജസ്സും തലച്ചോറും ശുക്ലവും പ്രശൃതമാം
സന്ധിയിലുള്ളൊരസ്ഥി പത്തുമങ്ങിരുനൂറും
വിസ്തരിച്ചുരക്കിലങ്ങസ്തമിച്ചീടും കാലം
അസ്ഥികളൊക്കെക്കൂടെ മൂന്നൂറുമറുപതും
ശ്മശ്രുകേശാദിയായ രോമങ്ങളെല്ലാംകൂടി
മൂന്നരക്കോടിയെന്നു സൂരികൾ പറയുന്നു
പ്രാണന്റെ നില ദേഹെ രാകാശ (?) മദ്ധ്യത്തിങ്കൽ.
നാഭിയിൽനിന്നു മേപ്പട്ടാഗളം പുരീതത്തിൽ
തന്മദ്ധ്യേ പത്മാകരം തദ്രന്ധ്ര ദഹരമാം (?)
ഹൃദയത്തിങ്കൽനിന്നു നാഡികൾ പുറപ്പെട്ടു
ദേഹമൊക്കയും വ്യാപിച്ചിരിക്കുന്നതുനൂനം.
സൂര്യമണ്ഡലോൽഗത രശ്മികൾ ജഗത്തെല്ലാം
വ്യാപിച്ചു നിറയുന്നതെങ്ങിനെ എന്നപോലെ
നൂറ്റൊന്നു നാഡിയുണ്ടങ്ങിത്തരം വിശേഷമായ്



പ്രത്യേക മിന്ദ്രിയങ്ങൾ തോറുമായ് പത്തുപ്പത്തും
പത്തു നാഡികൾ പിന്നെ മാർഗ്ഗങ്ങൾ ഭുജിപ്പാനായ്
ശ്രേഷ്ഠയാം സുഷുമ്നയാം കുഴലിൽ കാണുംപോലെ
മർമ്മങ്ങൾ പലതുമുണ്ടെന്നതിൽ വിശേഷിച്ചും
നൂറ്റേഴുണ്ടതിൽ കരചരണങ്ങളിൽ പിന്നെ
പതിനാറോരോന്നിലും വേവ്വേറെ ധരിക്കനീ.
വയറ്റിൽ മൂന്നുമാറത്തൊമ്പതു ശിവശിവ
കഴുത്തിൽ പത്തും രണ്ടും പുറത്തു പതിന്നാലും
അത്രയല്ലുത്തമാംഗെ പഞ്ചവിംശതിയുണ്ടാം
ഇത്തരമായതഹോ ഗാത്രമെന്നറിയേണം.
നിദ്രയുമാലസ്യവും തന്ദ്രിയും പ്രമാദവും
ഭീതിയുമജ്ഞാനവും പിന്നെയും വിഷാദിതം
താമസഗുണമെന്നു ശ്രേയവാനറിയേണം.
ബുദ്ധിയുമാസ്തിക്യവും മൌനവും തപം ദാനം
ശുദ്ധവും ശാസ്ത്രയുക്തി ഭക്തി സജ്ജന സേവ.
സാത്വികഗുണമിവ പാർത്ഥിവ ധരിച്ചാലും.
ക്രോധവു മഭിമാനം ബഹുഭാഷിതം പിന്നെ
ഡംഭവും മാത്സര്യവും രാജസഗുണമല്ലൊ
എങ്കിലുണ്ടിന്നുമെന്നു മന്നവ പറയുന്നു
കണ്ടുകൊണ്ടറിയേണം ചിന്തയിലതിൻപൊരുൾ.
രണ്ടുണ്ടു സമാനമായ് കാരണമൊരുകോടി
ഒമ്പതു വഴിയുണ്ടു കോട്ടയിലകം പൂകാൻ,
അഞ്ചതിൽ കിഴക്കോട്ടു സഞ്ചിതവിവരങ്ങൾ.
അഞ്ചു ദേശങ്ങളതിൽ ചെല്ലുവാൻ പോരുവാനും
തക്കൊരു കോട്ടവാതിൽ മിക്കതും തെക്കുദിക്കിൽ
നിന്നുവന്നവയെല്ലാം ചെല്ലേണമതിലൂടെ
അക്കണക്കൊരുവാതിൽ ഉത്തരമുഖത്തിങ്കൽ
ചിക്കനെ കടപ്പാനും പണിയെന്നറിഞ്ഞാലും.
ഏഴുവാതിലുമിവ മേൽനില തന്നിൽതന്നെ
കീഴ്നില തന്നിൽപിന്നെ ശേഷിച്ച വ (ന്നി) രണ്ടും
ആസുരിയത്തിലൊന്നങ്ങാനന്ദ ബഹുളമാം
ആസുരിയെന്ന പേരിന്നർത്ഥമറിഞ്ഞാലും

മിക്കതും മഹാലോകരൊക്കയുമൊരുപോലെ
സൽക്കാരപൂർവ്വമായി നൽകുന്നതതിൽതന്നെ
ഇങ്ങിനെ പലപല കോട്ടയുണ്ടവനിയിൽ
എങ്ങുമൊന്നിലുമേവം സൌഖ്യമില്ലെന്നു വെച്ചു
നിശ്ചയിച്ചൊരു മന്നൻ വിശ്വസിച്ചൊരുബന്ധു
തന്നെയും വെടിഞ്ഞിഹ കോട്ടയിലകംപുക്കു
മെല്ലവെ നടന്നുള്ളിൽ നോക്കുന്ന നേരത്തിങ്കൽ
കല്യാണ രൂപയായൊരംഗന തന്നെക്കണ്ടാൻ
വണ്ടിന്റെ നിറത്തിലും വെണ്മ തോന്നിക്കുന്നൊരു
വണ്ടാർ പൂവേണിയുടെ വായുള്ള പുരികുഴൽ
പഞ്ചമിപ്പനിമതിത്തെല്ലിനെ കുററം ചൊല്ലും
കുററമററുള്ള പെണ്ണിന്നളല നെററികണ്ടാൽ
മല്ലവാർ കുഴലിതന്നുല്ലോലകളായുള്ള
ചില്ലികൾ മലരമ്പൻ വില്ലെ വെല്ലുവാൻ വെല്ലും.
ചന്ദ്രസുന്ദര മുഖകാന്തിയാം പാലാഴിയിൽ
വെള്ളയാമനന്തൻ മേൽ പള്ളികൊണ്ടരുളുന്ന
കോമളക്കരുമിഴിക്കാർവ്വർണ്ണൻ കടാക്ഷത്താൽ
ദിക്കുകൾ വെന്നുവെന്നാ കന്ദർപ്പമഹീപതി
നാട്ടിന ജയസ്തംഭം നാസികയെന്നു തോന്നും
ചാരുപുഞ്ചിരിക്കൊഞ്ചൽ നെഞ്ചിലങ്ങുദിക്കുമ്പോൾ
താരക നിരയോടു തിറകൊണ്ടിരിക്കുന്ന
പാൽനിരക്കതു തന്നിൽ മുങ്ങിനിന്നീടുന്നൊര
ച്ചോരിവാ മലരിണക്കോലമുണ്ടാവാൻ പണി.
പാൽക്കടൽ നടുവിൽ നിന്നുണ്ടായ പവിഴത്തിൽ
മാർദ്ദവ മാധുര്യങ്ങളുണ്ടാകിലൊപ്പം ചൊല്ലാം
കുണ്ഡലമണിഞ്ഞതിൻ കാതുകൾക്കുപമാനം.
ഗണ്ഡദർപ്പണത്തിങ്കൽ പാർക്കുമ്പോൾ കാണ്മാനുണ്ടാം
അക്കഴുത്തലംകാരം കണ്ഠാലങ്കാരങ്ങൾക്കു
മികളള (?) കഴുത്തുകൾക്കിത്തരമലംകാരം.
ചാരുചെന്തളിരൊത്ത കൈത്തല മുടയാൾക്കു
കർക്കശ കുചയുഗം ധിക്കൃതം കരികുംഭം.
കനത്ത ജഘനത്താൽ പാതിയും ഹരിച്ചുപോയ്
പാതിയും ഘനകുചമണ്ഡലം ഹരിച്ചുപോയ്.



യൌവ്വനം മുഴുത്തപ്പോൾ പൈംകിളിമൊഴിയാൾക്കു
യൌവ്വന മാദിമദ്ധ്യമില്ലെന്നു വന്നുകൂടി.
ഊക്കരാ മിരിവരെ നടുവിലകപ്പെട്ടു-
ദുർബ്ബലജനം നാശമിങ്ങിനെ വന്നു ന്യായം.
കാമന്റെ ഗൃഹദ്വാര (ഭ്രാ) [പ്രാ] ന്തത്തിൽ വിളങ്ങുന്ന
കോമള മണിത്തൂണിന്നൊത്തുള്ള തുടയിണ
നൂപുര പരതശ്രീ (?) ശോഭിത പദയുഗം.
അന്യോന്യമുപമിക്കാം സാദൃശ്യം ചൊല്ലുന്നാകിൽ
ഇങ്ങിനെയിരിക്കുന്നൊ രംഗന തന്നെക്കാപ്പാൻ
ഐന്തല നാഗം പിന്നെ ചേകവർ പതിനൊന്നാം
ഇപ്പതിനൊന്നു പേരെ ചേകിച്ച ഭടന്മാർക്കും
സൌഖ്യമില്ലെന്നു ചൊല്ലാം വാസ്തവം പറയുമ്പോൾ.
വീരനാം മഹീപതി നാരിയെക്കണ്ടിട്ടേവം
കാമമാൽ പിണഞ്ഞവനവളോടൊരുമിച്ചു
രമിച്ചു ചിരകാലം വസിച്ചാനതുതന്നിൽ
തന്നിലും പ്രവരനായുള്ളൊരു രിപുക്കളെ
കളവാനുപായവും വന്നില്ല കാമുകന്നു്.
കന്നൽ നേർമിഴിയാളെ കാമിക്ക മൂലമായി
മായയിൽ വീണിട്ടുഴലുന്നൊരു കാലത്തിങ്കൽ.
നേരെ വന്നടുത്തിട്ടു കോട്ടക്കു ചുഴലവും
ലവകാലത്തെപ്പോലും വ്യർത്ഥമായ്കളയാതെ.
യാതൊരു ഗന്ധർവ്വേശൻ പോർചെയ്യാനവൻപട
വമ്പടയെന്നും ചൊല്ലാമെണ്ണിയാലളവില്ല.
മുന്നൂറുമറുന്നൂറും മുന്നിലക്കാരർ പിന്നെ
എന്നവർക്കെല്ലാമോരോ പെണ്ണുമുണ്ടപ്പോൾ കൂട
ഷഷ്ടിസംഖ്യയുണ്ടവർക്കൊക്കയും ഉചകിച്ചവർ.
ചുററിന പടകണ്ടു ചെററുമേയിളക്കാതെ
പൃഥ്വീശനുറച്ചാനക്കോട്ടയിലനുദിനം.
കാട്ടിൽ നായാട്ടിന്നായി കോട്ടയും വിട്ടു ചില
രാത്രിയിൽ ചെന്നു പല ജന്തുഹിംസകൾ ചെയ്തു
ഗന്ധർവ്വർ പടയുമായ് വന്നു പോർ ചെയ്തിട്ടേതും
ഫലമില്ലതുകൊണ്ടു കോട്ടെക്കൊന്നത്രേയല്ലാ
അല്ലൽ തിന്നനുദിനം ദുഷ്ടമായ്‌വന്നു കോട്ട.

കോട്ടയിൽ കടന്നവരങ്ങിനെ പോരുംകാലം
കാലകന്ന്യയും അവനീശനും പടകളും
കോപിച്ചുവന്ന ഗന്ധൎവ്വേശനു സഹായമായ്
വീരരിൽ വിരുതന്മാരേറിനാർ കോട്ടകളുളളിൽ
വേഗത്തോടഥ പൊരുതിടിനോരനന്തരം
കോപത്തോടനന്തരം ഭൂപനെ പിടിച്ചെടാൻ
പെട്ടെന്നു കോട്ടവിട്ടു വ്യഗ്രനായ് മഹീപാലൻ
പാലോലും മൊഴിയാളെ ചിന്തിച്ചു മരിക്കയാൽ
പെണ്ണായിജ്ജനിച്ചുപോയ് ദക്ഷിണ ദിശിയിങ്കൽ ;
പേടമാൻ മിഴിയാളെ പാണ്ഡിയൻ വിവാഹിച്ചാൻ
അന്നവൾ പെററിട്ടുണ്ടായി മന്നവർ നാലും മൂന്നും
മുമ്പിനാലൊരു കന്ന്യാവുണ്ടായി അവൾതന്നെ
കുംഭസംഭവനായി കൊടുത്തു മഹീപാലൻ ;
ഇപ്പരമ്പരയത്രെ ഇന്നുമത്തെക്കും ദിക്കിൽ
നൽപ്പുരം (വരനാ) [പരയാ] യി നടന്നുവരുന്നതും.
മലയധ്വജനെന്ന പാണ്ഡിയനതുകാലം
നാടുകൾ മക്കൾക്കെല്ലാം പകുത്തു കൊടുത്തുടൻ
കാടകം പുക്കുകൊണ്ടു് കൊടിയതപം ചെയ്വാൻ.
മട്ടോലും മൊഴിയാളും ഭൎത്താവിന്നിഷ്ടമായ
സൽക്രിയാ പരിചാരം ചെയ്തുകൊണ്ടനേകം നാൾ
ശുശ്രൂഷിച്ചിരുന്നാൾ പോൽ ഉത്തമ പതിവ്രതാ.
കാലധൎമ്മത്തെ പ്രാപിച്ചീടിനാൻ നരപതി
അതുകൊണ്ടതിതാപമുൾക്കൊണ്ടു മഹിഷിയും
ഇന്ധന സംഭാരത്തെ സംഭരിച്ചവനോടു
കൂടവെയുടന്തടിയേറുവാനൊരുമ്പെട്ടാൾ
അസ്സമയത്തിൽ വന്നാൻ ബ്രാഹ്മണപ്രവരനാം
പൂൎവ്വജന്മത്തിലവൾക്കത്യന്തം ബന്ധുഭൂതൻ.
നാമിരുവരും പണ്ടു മാനസ സരസിങ്കൽ
അത്യന്തം സഖ്യമുളള ഹംസങ്ങളറിഞ്ഞാലും
എന്നെ നീ മറന്നപ്പോഴിത്തരമാപത്തെല്ലാം
വന്നനുഭവിച്ചിഹ ദുഃഖമുണ്ടായ്വന്നു.
എന്നതു കേട്ടനേരമുടനേ നാരീരത്നം
അജ്ഞാനം വെടിഞ്ഞവൾ ബ്രഹ്മത്തെ പ്രാപിച്ചുപോൽ.



ഇക്കഥ പറഞ്ഞതങ്ങൊക്കവെയറികിലൊ
മിക്കതുമറിവുണ്ടാം പക്വതയുളളവനു്
ഇന്നിതിൻ മറപൊരുൾ നന്നായി ഗ്രഹിപ്പാനും
പണ്ഡിതവരന്മാരൊടനേ്വഷിച്ചിരിക്കേണം.
കേൾക്കെടോ ഭൂപാലകരത്നമേയിനിയെങ്കിൽ
അത്ഭുതമായീടുന്നൊരണ്ഡജം ജരായുജം
ഉൽഭിജങ്ങളും പലസ്വേദജമിതിങ്ങനെ
ഇപ്രകാരത്തിൽ നാലു വകയായിഹ (ഭൂമൌ) [ഭൂയോ]
പൃഥ്വിയിൽ വന്നു പിറന്നീടുന്നു ബഹുവിധം.
മുട്ടക്കൂടാതെ ജനിച്ചുളളവ ജരായുജം
ഉൽഭിജം ജനിച്ചുളള വൃക്ഷങ്ങളിവയെല്ലാം
അല്ലയൊ ജന്മാന്തരെ ചെയ്യൊരു ഫലങ്ങളെ
കൊളളുവാനതിനൊത്തു വന്നീടും ജനനങ്ങൾ.
നിൎണ്ണയം നരകാന്തെ പാപങ്ങൾ ശേഷിക്കിലൊ
കൎമ്മം കാൺകെടോ വന്നു ജനിക്കും മരങ്ങളായ്.
ചെററുളള സുകൃതവും മിശ്രമായുണ്ടാകിലോ
ഉത്തമ വൃക്ഷങ്ങളായ് നിശ്ചയം ചമഞ്ഞീടും
ആശ്ചൎയ്യമതിലേതാൻ ദുരിതം കുറയുമ്പോൾ
ജലജീവന്മാരായി ജനിക്കും ബഹുവിധം.
അങ്ങിനെ ബഹുകാലം കഴിഞ്ഞോരനന്തരം
കൃമികീടങ്ങൾ മണ്ഡൂകങ്ങളും പിപീലിക.
എങ്ങിനെയതിൽനിന്നു കയ (രം) [റും] പ്രകാരങ്ങൾ
അരിക്കും സൎപ്പങ്ങളായ് ഭവിക്കുമതിൽനിന്നു്
പറക്കും പക്ഷികളായ് ശാഖയിൽ മൃഗങ്ങളായ്
സിംഹവ്യാഘ്രാദി കരിസൂകരജന്മം പിന്നെ
സുരഭീജന്മം കഴിഞ്ഞിടുമ്പോൾ മനുഷ്യരാം.
അതിലും വിശേഷങ്ങൾ കാണുമാറുണ്ടല്ലയോ ;
പാപപുണ്യങ്ങൾ സമമെന്നതിൽ കുറഞ്ഞൊരു
കന്മഷം കിടക്കിലൊ ചണ്ഡാലാദികളത്രെ.
അതിലും തലയാളി വളരെയുളവാകും
അതിലും സുകൃതങ്ങൾ പെരുകിവരും നേരം
ശൂദ്രയോനിയിൽ വന്നു ജനിച്ചിടുന്നു ചിലർ.
വൈശ്യജന്മത്തെ യെടുത്തീടുന്നു ചിലരെല്ലാം
മുഷ്കു (ത്ഥം) [തം] കുറയുന്നോരെന്നിരിക്കിലുമതിൽ

ക്ഷത്രിയരായിവന്നു ജനിക്കുന്നവനിയിൽ
എത്രയും സുകൃതങ്ങളൊത്തുവന്നിരിക്കിലെ
ഉത്തമരായീടുന്ന വിപ്രജന്മത്തെവരു-
മായി തന്നുടെ മായാകൌശലംപറവതൊ
ദുഷ്കൃതശേഷങ്ങളും സുകൃതശേഷങ്ങളും
പൃഥ്വിയിൽ ജനിച്ചാലും പ്രത്യഹം കാണാമല്ലൊ
ദുരിതമോരോതരം പെരികെ ചെയ്യുജനം
നരകെകിടന്നുഴന്നതിനെ ഒടുക്കിയാൽ
പാപങ്ങളനുഭവിച്ചീടിനോരനന്തരം
നരനായ്വന്നു പിറന്നീടിനാലവരുടെ
ദുർഗ്ഗുണമുണ്ടാം പാപശിഷ്ടങ്ങളുണ്ടാകിലൊ
കോപവുമുണ്ടാം കൃപാലേശവുംവരാനൂനം
താപ (൧) ത്രയാദികളിൽ വസിക്കുമനുദിനം
ഭക്തിവിശ്വാസങ്ങളുമറിവും വിജ്ഞാനവും
ചിത്തതാരി [ങ്ക] ലൊട്ടുമുണ്ടാകയില്ല താനും.
വക്രതതടവീടും ബുദ്ധികളവരുടെ
പങ്കജവിലോചനൻ തങ്കലും മനംവരാ.
വദനം കണ്ടാലൊരു തെളിവുംവരാനൂനം
ഇന്ദിരാ രമണന്റെ മായകൾ പറവതൊ.
സൌജന്യാദികളെല്ലാം കുറഞ്ഞു ചമഞ്ഞുപോം
ദുർജ്ജനങ്ങളോടു സംസർഗ്ഗവുമവർക്കെല്ലാം
സതതംപരപീഡ ചെയ്തുചെയ്തിരിക്കിലും
ശാസ്ത്രങ്ങൾ കേൾക്കുന്നാകിൽ ശ്രോത്രങ്ങൾക്കുണർവ്വില്ല
താനെന്നൊരഹംഭാവം കാണുമാറുണ്ടായ്വരും
ശിഷ്ടരെക്കണ്ടാലൊട്ടു മിഷ്ടവും വരാനൂനം.
നിഷ്ഠൂരമായിട്ടുള്ള വചനമെല്ലാരോടും
ഇത്തരമായ പാപശിഷ്ടമുണ്ടായമൂലം
ചിത്ത (ക) താരി [ങ്ക] ലേവമുള്ളവയറിഞ്ഞിട്ടു്
ദുർഗ്ഗുണം ത്യജിക്കേണം ബുദ്ധിമാനനാരതം.
നാകലോകത്തുചെന്നു സുഖത്തെ ഭുജിച്ചഥ
കർമ്മങ്ങളൊടുങ്ങുമ്പോൾ ഇങ്ങുവന്നവനിയിൽ
പിറന്ന ജനങ്ങടെ ഗുണമിങ്ങിനെയുള്ളു.



പാപഭീരുക്കളായി നടക്കുമവർക്കെല്ലാം
പർവ്വതീരമണന്റെ പാദപങ്കജങ്ങളെ
പാരാതെ മനസിവെച്ചീടുവോരനാരതം
കോപവുംവരാ നല്ല കോമളരായിവരും.
ധൈര്യസൌജന്യാദികൾ ധ്വജസ്തംഭങ്ങൾപോലെ,
കാര്യാകാര്യങ്ങൾ വിചാരിച്ചിഹയെല്ലാനാളും
പരന്മാക്കുപകാരം പെരികെവളർത്തുവോർ
മധുരമേറുമവർ വാക്കുകൾ കേൾക്കുംതോറും ;
ശിഷ്ടരാമവർക്കെല്ലാം സൽഗ്ഗുണങ്ങളുമുണ്ടാം
ദുരിതക്ഷയങ്ങളാം തീർത്ഥങ്ങളാടീടുവോ.
രദ്വയവിചാരവും സജ്ജനസംഗം നല്ല-
വിദ്യാഭ്യാസവും കുലധർമ്മവും കൂടിവാഴും.
ഇത്തരം സുകൃതങ്ങൾകൊണ്ടത്രെ കാണാകുന്നു
പാപപുണ്യങ്ങളുടെ ഫലങ്ങളിഹലോകെ
പാരമുണ്ടിഹ വിചാരിച്ചു കാണുന്നനേരം
മല്ലാരിതന്നെ ഭജിച്ചുള്ളവരനുദിനം
പല്ലക്കിലിരുന്നഹോ നല്ലതായ്സുഖിക്കുന്നു.
വല്ലാതെയുള്ള പല കല്ലിലും മലയിലും
എല്ലുകൾ നുറുങ്ങുമാറല്ലയോ ചുമക്കുന്നു.
എല്ലാരും നരന്മാരെന്നുള്ളതുമൊക്കുമല്ലൊ
പുഷ്ടമോദേന ചിലരിഷ്ടമായ [നു]ദിനം
മൃഷ്ടാന്നം ഭുജിക്കയും പ്രത്യഹം സുഖിക്കയും
പട്ടിണികളവാനായ് കാടകംപുക്കു ചിലർ
വെട്ടിയും വിറകിനെ കെട്ടിയും ചുമക്കുന്നു
മുഷ്ടികൾ പൊടിഞ്ഞുപോയെഷ്ടിയും പിടിപെട്ടു്
കഷ്ടമെ വിശപ്പുകളൊട്ടുമെ പൊറായ്കയാൽ
എട്ടുദിക്കിലുംചെന്നു മുഷ്ടികൾ വാങ്ങീടുന്നു.
കുട്ടികളായി തന്റെ കുക്ഷിയും നിറയാതെ
ഭിക്ഷകൊള്ളുന്ന ജനമെത്രയുണ്ടനവധി.
മട്ടോലുംമൊഴിയാളോടൊട്ടുനാളനുദിനം
വട്ടവാർമുലയിണമൊട്ടുകളുരസിവെ-
ച്ചൈശ്ര്യയും സുഖിക്കുന്ന മർത്ത്യരിൽ ചിലരഹൊ!

മട്ടലർബ്ബാണശരം പെട്ടോരൊ ജനംപിന്നെ
വട്ടവാർമുലകിട്ടാഞ്ഞൊട്ടുനാളുഴലുന്നു.
കെട്ടിയ ഭവനങ്ങൾ വിസ്മയം ചിലൎക്കെല്ലാം
കെട്ടുകൾ പലതും നൽക്കട്ടിലും കിടക്കയും
പട്ടുകൊണ്ടുപധാനമിത്തരം ബഹുവിധം
വാട്ടമററീടും ചില കോട്ടയും ചിലൎക്കെല്ലാം
വീടകങ്ങളെന്നിയെ കാററുമേററനുദിനം
ഒട്ടാരെന്നതുപോലെ (?) നാടാകെ നടക്കുന്ന-
തൊക്കയും നരന്മാരെന്നൊക്കമൊ നിരൂപിച്ചാൽ.
നാട്ടുവാഴുന്നു ചിലർ വീട്ടുവാഴുന്നുപിന്നെ
കാട്ടുവാഴുന്നു ചിലരോട്ടുവഴുന്നു കേചിൽ.
മൂഢരായ് ചമഞ്ഞു പോമാടലോടതിൽപിന്നെ
വിദ്യയും ഗുണങ്ങളും ബുദ്ധിയും പരാക്രമ-
ശക്തിയും വിവേകവുമൊത്തൊരു നയങ്ങളും
ചിത്തത്തിലുള്ള നല്ല ശുദ്ധിയും രൂപഗുണ-
മെത്രയും പെരുതായിട്ടുത്തമരായജനം
പത്മനാഭന്റെ പദഭക്തിയും നിരവധി-
ദുഷ്കൃതമില്ലായ്കയാലിത്തരമായിവരും.
നാടകരീതി നന്നായ് ചിരിച്ചു രസിക്കുന്നു
പാടീട്ടുന്നിതു ചിലർ മേളമോടനുദിനം.
പാടാതെ മുഖകാന്തി തേടുന്നു ചിലൎക്കെല്ലാം
ആടലോടീഹമുഖം വാട്ടുന്നു ചിലൎക്കഹൊ ;
സുന്ദരന്മാരായ്വന്നു ജനിക്കിന്നിതു കേചിൽ
ചന്തമില്ലാതെ ചിലരെന്തഹൊ കാണാകുന്നു.
ഹന്ത ചിന്തിച്ചാലെല്ലാമൊന്നല്ലൊ നരന്മാരും.
പാപപുണ്യങ്ങൾ ശേഷിച്ചുള്ളവ ഭുജിക്കുന്നു
ആപത്തും തനിക്കുള്ള സമ്പത്തുമതുതന്നെ.
പാപത്തെ ഭുജിപ്പാനായാപത്തെന്നറിയേണം
സുകൃതം ഭുജിക്കുന്ന കാലമെന്നിരിക്കിലൊ
സമ്പത്തുമതുതന്നെ വന്നതെന്നറിയേണം.
ആപത്തുവരുന്നേരം താപത്തിൽ മുഴകാതെ
സമ്പത്തുവരുന്നേരം സന്തോഷമുണ്ടാകേണ്ട.



ജന്മജന്മാന്തരങ്ങളതിലും ചെയ്തിട്ടുള്ള
കൎമ്മങ്ങളത്രെവന്നതെന്നതങ്ങറിയേണം.
ആശയാകുന്ന പാശമറുത്തുകളയേണം
മായി തന്നുടെ മായാകൌശലംപറവതൊ.
ഒത്തുടൻ പിറന്നഹോ ചിത്തമോദേനവള-
ൎന്നെത്രയുമൊരുമിച്ചു വിദ്യയും പഠിച്ചുള്ളോ-
രൊക്കയുമനുദിനം ചത്തുവീഴുന്നതും ക-
ണ്ടക്ഷണം പോലുമിനിക്കിത്തരം വരുമെന്ന-
തുൾത്തളിരിങ്കലേതും ചെററുമില്ലാതെ പല
ദുഷ്ടരായുള്ള ജനം ദുഷ്കൃതം വളർത്തുന്നു.
ഇത്തരം പാരാതെ നിൻ ദൃഷ്ടിയിലുറക്കേണം.
നിദ്രയിലുണ്ടൊ തന്റെ മിത്രമെന്നുള്ള രാഗം.
ശത്രുവെന്നവരോടും ബദ്ധവൈരങ്ങളുണ്ടോ
ചത്തു പോവില്ലായെന്നു നിശ്ചയമത്രെ തദാ.
ബുദ്ധികൊണ്ടത്രെ യോരോന്നിത്തരം തോന്നിക്കുന്നു
ചിത്രമെത്രയും പുരിതത്തനനാഡിയിങ്കൽ
ചിത്തംപോയൊളിക്കുമ്പോൾ നിദ്രയായ്വരുംനൂനം
അത്ഭുതം ജീവാത്മാവിൻ പ്രകൃതി നിരൂപിച്ചാൽ
ഗർഭമുണ്ടാകുന്നതും കൎമ്മബന്ധങ്ങൾകൊണ്ടു
നിശ്ചയം പ്രസവിച്ചു പുത്രനുണ്ടായിതെന്നും
ശൈശവംപോയി നല്ല യൌവ്വനം വന്നുവെന്നും
കേശവും മീശയെല്ലാം മുഴുത്തുചമഞ്ഞതും
ബുദ്ധിയുമുണ്ട് കണ്ടാലെത്രയും മനോഹരം
വിദ്യയും ഗുണങ്ങളുണ്ടിത്തരം പറയുമ്പോൾ
ചെററുനാൾ ചെന്നീടുമ്പോൾ പററീടും ജരാനര
ഉററവരായുള്ളോരു മിത്തരം പറഞ്ഞീടും.
ചെറെറടം നരച്ചതു വിസ്മയമിവനെന്നും
അത്രയല്ലെടൊ കേശമൊക്കയും വെളുത്തതും
ചിത്രംകണ്ടായോ ദേഹം വളഞ്ഞു ചമഞ്ഞതും.
കഷ്ടമാം മരണം വന്നെത്തിപോലവനെന്നും
ദുഷ്ടമായുള്ള നമുക്കിത്തരം വരുമെന്നും
ഇത്തരം പറഞ്ഞിട്ടു കേൾക്കയുമുടനുടൻ

ചത്തതും കണ്ടാലുണ്ടോ ചിത്തത്തിൽ നിരൂപണം.
എങ്ങിരുന്നിഹ വന്നു എങ്ങിനി പോകുന്നെന്നും
ഇങ്ങിനെയുള്ള നിനവെങ്ങുമെ വരാ നൂനം
രാജ്യവും ധനങ്ങളും ദുർഗ്ഗവും ഭടന്മാരും
മിത്രരുമമാത്യരും ഭൃത്യരുമിവരാരും
ചത്തുപോകുമ്പോൾ വരാ പൃഥ്വീശ ശിരോമണെ ;
നിത്യമല്ലാത വസ്തു സത്വരം കാണുന്നേരം
ദുർഗ്ഗർവ്വം പൂണ്ടു ഞെളിഞ്ഞിട്ടുനീ നടക്കാതെ
മാതുലി ഭഗിനിയും മാതുലന്മാരും തന്റെ
താതനും തനിക്കുള്ള സോദരന്മാരും പിന്നെ
സ്യാലനും പരിജനവൃന്ദവും പുത്രന്മാരും
മറ്റുള്ള ബന്ധുക്കളും നിഷ്ഫലം മരണാന്തെ.
അനന്തം സദാനന്ദം മുകുന്ദം മുക്തിപ്രദം
ഗോവിന്ദം ഗോപീലോലം ഗോവൃന്ദ പരിപാലം
ചേതസി കരുതുക പാപങ്ങളകലുവാൻ.
മത്തവാരണങ്ങളും മുത്തണി മുല്യാളും
എന്നിവന്നെതിരിട്ടു മുത്തമ കുതിരയും
പുത്തനായുള്ള നിജ പത്തനങ്ങളും തന്റെ
വിസ്തൃതമായ നല്ല രാജ്യവും ധനങ്ങളും
ചിത്രമങ്ങെഴുതിയ ഭിത്തിയും മണിക്കെട്ടും
ഛത്രവും ചാമരവും വിന്മിതം മണി [മ] യം.
ചിത്തമോദേനവാഴും ചിത്രമാം മാളികയും
ഉത്തമ മുപധാനം മെത്തയും വിതാനവും
വ്യൈത്രങ്ങ (?) ളെഴുത്തങ്ങുസ്തോത്രിക്കും ജനങ്ങളും
ആത്തുമുൻനടക്കുന്ന ചീത്തൊരു ഭടന്മാരും.
നട്ടുവന്മാരും പിന്നെ മുട്ടുക്കാരരും നല്ല
നർത്തകീമാരും സുഖ ഭർവ്വഗേഹങ്ങളും . . (?)
പട്ടുകൾ നിറച്ചുള്ള പെട്ടികൾ വിവിധമാം
മുത്തുകളോടു നല്ല വജ്രവും വൈഡൂര്യവും
പത്മരാഗവു മതിശില്പമാം പവിഴവും
ഇന്ദ്ര നീലവും മഹാനീലവും ഗോമേദകം
പുഷ്പരാഗവും നാഗരത്നവും ചേർത്തിട്ടുള്ള
പുഷ്ടിയായുള്ള പല ഭൂഷണമുണ്ടെങ്കിലും



ഒട്ടുമെ വരാ കാലൻ കെട്ടിയിട്ടിഴക്കുമ്പോൾ.
നിഷ്കളം നിരഞ്ജനം സിദ്ധസങ്കല്പം വിഭും
നിത്യമദ്വയം പ്രഭും നിത്യവും ഭജിക്കെടൊ.
നാടകം പഠിച്ചുടൻ കൂടവേ രസിപ്പോരും
നാടുകൾ നഗരങ്ങൾ നേടുന്ന പണങ്ങളും.
നാടക ശാലകളും പാടുന്ന ജനങ്ങളും
വാടകൾ പലതരം കൂടിയങ്ങനുദിനം.
പാടീരമരക്കുന്ന ചേടിമാരവർകളും
കൂടവെ രമിക്കുന്ന പേടമാൻ മിഴിയാളും
വാടാതെ സദാനിന്നു വീടിക തരുന്നോരും
പാടേപോയ് രണാങ്കണെ ചാടുന്ന ഭടന്മാരും
നാടകങ്ങളും നല്ല ഹാര (ക) മെന്നതിലൊന്നും
കൂടെ വന്നീടാ കാലൻ വീട്ടുപൂകുന്ന നേരം.
അഗുണം ഗുണാതീതം ഗുണിനം ഗുണാകാരം
ഗുണമക്ഷരം പരം ശരണം ഭജിക്കെടൊ.
അന്തരമായീടുന്ന ദന്തികൾ നിറഞ്ഞുള്ള
സിന്ധുരവരനിര പന്തികളതു നല്ല
തണ്ടുകളെടുത്തുടൻ മണ്ടുന്ന ശിണിയാരും (?)
സുന്ദരന്മാരായുള്ള ബന്ധുവാം ജനങ്ങളും
മന്ത്രശാലയും നല്ല മന്ത്രികളായുള്ളോരും
അന്തകൻവരുംനേര മെന്തൊരുഫലമപ്പോൾ,
ഇന്ദിരാപതിം ഭൂരി സുന്ദരം തമിന്ദ്രിയം
മന്ദര ഗിരിധര (ൻ) [ം] ചന്ദ്രസൂര്യലോചനം
ചിന്തയിൽ കരുതുക സന്തതം മടിയാതെ.
ചന്ദ്ര കാന്തങ്ങൾ കൊണ്ടു മന്ദിരം ചമച്ചതും
ഭംഗീതേറിടും കോലു മണ്ഡലം മനോഹരം
കഞ്ചുകങ്ങളും നല്ല കുന്തവും കരവാളും
സന്തത മിരിക്കിലു മെന്തൊരു ഫലമപ്പോൾ.
ബന്ധുരാംഗിമാരോടു സന്തതം രമിക്കുന്ന
മഞ്ചവും മനോഹര മെന്നിരിക്കിലും വൃഥാ
കഞ്ജലോചനം പാപ പുഞ്ജ മോചനം [സദാ]
ചിന്തയിൽ നിനച്ചാലൊ ബന്ധുവായ് വരും നൂനം.

എട്ടുദിക്കിലും നല്ല കോട്ടകളുണ്ടെങ്കിലും
വാട്ടമറ്റെമഭടരോടിയങ്ങടുക്കുമ്പോൾ
വെട്ടിവെന്നീടുവാനും സാദ്ധ്യമൊ നിരൂപിച്ചാൽ
കാട്ടിന പുണ്യപാപം കൂടെ മറ്റാരും വരാ.
അച്യുതം ഹരിം വിഭും സച്ചിദാനന്ദ രൂപം
ചിത്തപങ്കജെ മുദാ വെച്ചുകൊണ്ടിരിക്ക നീ.
ദേശികളായുള്ളോരു വാജികൾ നിരത്തിയ
വാജിശാലകളും വില്ലാളികളായുള്ളോരും.
ഭോജനങ്ങൾക്കുവേണ്ട സാധനങ്ങളും തഥാ
ഘോഷയാത്രക്കു വാദ്യം ഘോഷിക്കും ജനങ്ങളും.
കർപ്പൂര വാടകളും പുഷ്പവാടികളും
നൽസ്ഫടികങ്ങൾകൊണ്ടു കെട്ടിയ നീരാഴിയും
രുദ്രവീണകൾ വേണു മദ്ദള മിവയെല്ലാം
നിദ്രകൂടാതെ ഇരുന്നഭ്യസിച്ചിരുന്നേടം.
ശാസ്ത്രിമാരിരുന്നഹൊ ശാസ്ത്രങ്ങൾ പഠിക്കുന്ന
വിസ്തൃതമായ ചില ദിക്കുകളുണ്ടാകിലും
ഭദ്രദീപവും പല മുദ്ര മോതിരങ്ങളും
അസ്ത്രങ്ങൾ വിവിധമായ് വെച്ചിരിക്കിലും തഥാ
വസ്ത്രങ്ങൾ പലതരം കെട്ടിവെച്ചിരിക്കിലും
കെട്ടുകൾ ചുമക്കും നല്ലൊട്ടകങ്ങളും വരാ.
വിഷ്ടരങ്ങളും നല്ല ശിഷ്ടരും സഹജ
കിട്ടുകയില്ല യമപട്ടണം പൂകുംനേരം.
അക്ഷമന്നിട്ട്ശന (?) മക്ഷയമീക്ഷാകരം
പക്ഷിനായകകേതും വീക്ഷണോൽ ഭൂതാഖിലം
സൂക്ഷ്മമന്തരാത്മാനം താർക്ഷ്യവാഹന മീശം
ചിത്തകതാരിൽ വെച്ചു പ്രത്യഹം നടക്കിലൊ
മുക്തിയും വരുമെന്നു് യുക്തിമാനറിയേണം.
കോമളരായീടുന്ന കാമുക ജനങ്ങളും
കാമമാൽ പൂണ്ടുചില കാമിനിമാരോടൊത്തു
കാമകേളികളോടു മുദ്യാന നിലമറ്റും
വാമമാരനളിനം സാമോദം കളിക്കുന്ന
താമരക്കുളങ്ങളും പോകുമ്പോൾ വരാ നൂനം.
പങ്കജ കോരകങ്ങൾ ശങ്കവിട്ടുഴലുന്ന
കൊങ്കനല്ലതായുള്ള മങ്കമാരനളിനം



മംഗലാംഗിമാരായു (ര) ളള (ാര) ംഗനമാരൊക്കയും
പന്തടിച്ചീടുന്നോരു മന്ദിരം മനോഹരം
ചന്ദനമരം കൊണ്ടു മന്ദിരം വിവിധമാം
തണ്ടു പൊന്നായ താലവൃന്തവും കൊടികളും
അന്ത്യകാലത്തുവരാ നിർണ്ണയം ധരണീശ.
വിശ്വകാരണം വിശ്വം വിശ്വനായകം പ്രഭും
വിശ്വസിച്ചിരിക്കേണം പ്രജ്ഞാവാനെന്നാകിലൊ.
എന്നതങ്ങകതാരിൽ നിർണ്ണയം വരുത്തി നീ
ധർമ്മങ്ങളനാരതം സാമോദം ചെയ്തീടുക.
പന്നഗാഭരണനെ സന്തതം കരുതുക
ഖിന്നത തീർത്തീടുവാനിന്നിയും ചൊല്ലാമല്ലൊ.
കായങ്ങളുണ്ടാകുന്ന കാരണം കേൾക്ക എങ്കിൽ
സൂര്യങ്കൽ നിന്നുണ്ടായീടുന്നൊരു പരിഷത്താൽ
ഷഡ്വിധമായോരന്നം പൃഥ്വിയിലുണ്ടാകുന്നു
ഉപ്പിലും ചിലവസ്തു മധുരം പുളിയെന്നും
കച്ചതു മെരിച്ചതു മച്ചോ കേൾ ചവർത്തതും
ഇത്തര മന്നമാറെന്നുത്തമർ ചൊല്ലീ ഞായം
ഭൂമിയിലുണ്ടാകുന്ന വസ്തുക്കളെല്ലാം തന്നെ
ഭൗമമെന്നിരിക്കിലും ഭേദമുണ്ടറിഞ്ഞാലും.
പഞ്ചഭൂതങ്ങൾ കൂടിട്ടുണ്ടായ വസ്തുവിന്നും
ഭൂയിഷ്ഠം ഭൂതം കൊണ്ടേ സിദ്ധിപ്പു വ്യവഹാരം
പൃഥിവീ ജലങ്ങളേറിയ പദാർത്ഥത്തിൽ
മാധുര്യം പുളിയുണ്ടാമഗ്നി ഭൂമികളെങ്കിൽ
അപ്പുമഗ്നിയു മേറിട്ടുപ്പിന്റെ ജനനമാം
ആകാശാനിലമേറീട്ടെരിവെന്നറിഞ്ഞാലും
കാറ്റു മഗ്നിയുമേറും കൈച്ചുള്ള പദാർത്ഥത്തിൽ
ഭൂമിവായുക്കളേറും ചവർത്ത പദാർത്ഥത്തിൽ
ഇത്തരം പദാർത്ഥത്തിൽ തിരിവു പറയുമ്പോൾ
എത്രയും പണിയുണ്ടങ്ങത്ര യെന്തിനുവേണ്ടി
ഇത്തരമായൊരന്നം നിത്യവു മുപജീവി-
ച്ചുദരെ വഹിക്കുമ്പോളുണ്ടായ മഷിചെന്നു
ശിരസ്സി കപാലത്തിൽ പറ്റിയങ്ങുറുപത്തു
നാഴിക ചെല്ലും തോറും രക്തമായ് സ്രവിച്ചിടും.

ജലസാരങ്ങളത്തു നവതി നാഴികയിൽ
നാഡികൾ വഴിയൂടെ ദേഹമാദ്ധ്യന്തമെല്ലാം.
വ്യാപിക്കും രക്തധാതുവെന്നു പേരിതിന്നിപ്പോൾ
ജഠരദഹനന്റെ ഊഷ്മകൊണ്ടതു പിന്നെ
നന്നായി പചിക്കുമ്പോൾ മാംസമായിവന്നുകൂടും
പിന്നെയും പചിക്കുമ്പോൾ മേദസ്സാമതുപിന്നെ
അസ്ഥിയാം മജ്ജയാകും ശുക്ലമാമൊടുക്കത്തിൽ
ഇങ്ങിനെ രജസ്സുമാം സ്ത്രീകൾക്കും രജസ്സെന്നു
യുക്തിമാന്മാരായുള്ളോർ യുക്തമായ് ഗ്രഹിക്കേണം.
മൂന്നുനാളഹോരാത്രം മാ (०) സത്തി(ശ്രു)[സ്ര]വിച്ചാലും
പക്ഷമുണ്ടെന്നു വൃത്തിയന്നാളിൽ ഗമിച്ചീടും
സന്തോഷജനനത്തിന്നായിക്കൊണ്ടെല്ലാവരും
ബന്ധുരാംഗിമാരോടു സംഗമുണ്ടായമൂലം
കാലവും കർമ്മങ്ങളും കൂടിവന്നീടുംനേരം
ശുക്ലശോണിതബന്ധം ഗർഭമായ് വന്നുകൂടും
ഉല്പാദിച്ചനന്തരം സ്വല്പചേതനയോടു-
മഞ്ചുനാൾ ചെല്ലുന്നേരം ബുൽബുദം പോലെവരും
കാച്ചിയ പാലിലുറ വീഴ്ത്തിയ കണക്കിനെ
മെല്ലെമെല്ലെവെ ഉറച്ചനപഹം വളർന്നീടും
മുമ്പിലെ മാ (०) സത്തിങ്കൽ ഗർഭവും കലലമാം
ശുക്ലമേറുകിൽ പുമാൻ രക്തമേറുകിൽസ്ത്രീയാം.
ശുക്ലശോണിതസാമ്യം ഷണ്ഡമായ്‌വന്നുകൂടും
ഒററപ്പെട്ടുള്ള ദിനം സ്ത്രീജന്മപ്രജയാകും.
യുഗ്മമായുള്ള ദിനം പുംജന്മപ്രദമത്രെ
ഇങ്ങിനെയൊരുമാസം ഗർഭപാത്രത്തിൽ തന്നെ
മാതൃജ ജഠരാഗ്നി സന്താപംകൊണ്ടു് ഗർഭം
ഘനമായ്‌വന്നുകൂടും രണ്ടാം മാസത്തിന്നകം
വിസ്മയം മൂന്നാം മാസെ മത്സ്യാകാരമായ്‌വരും
അങ്കുരമഞ്ചായുണ്ടാമാണെങ്കിലാറായ്‌വരും
അസ്ഥികളുണ്ടാം നാലാം മാസിദേഹത്തിലല്ലോ.
അത്രയല്ലെടൊ കരചരണാദ്യവയവം
സൂക്ഷ്മമായ് നോക്കും നേരം ചിത്രമായുണ്ടായീടും.
ചർമ്മങ്ങളുണ്ടാമഞ്ചിൽ മർമ്മങ്ങളുറച്ചീടും



ശോണിതം ജഠരാഗ്നികൊണ്ടുടൻ കുറുകുമ്പോൾ
പാലിൽ പാടകൾപോലെ തോലുമുണ്ടായീടുന്നു.
ഹന്തകേളാറാം മാസെ വിന്ദൃപുജന്തരയുണ്ടാം (?)
ഭീതനായ് ചമഞ്ഞീടും ചെതസി ധരിക്കെടൊ.
സപ്തധാതുക്കളുണ്ടാം സൂക്ഷ്മമായാറാംമാസെ
രോമങ്ങൾക്കുല്പത്തിയങ്ങേഴിലെന്നറിയേണം
ചാഞ്ചല്യമുണ്ടാമേഴിലെന്നതും പരമാർത്ഥം.
ജീവനുമേഴിൽ കർമ്മചോദിതനായിട്ടെന്നും
വിന്ദുപാദത്തിൽതന്നെ ജീവനു [ണ്ടെ] ന്നു പിന്നെ
ചിലരേഴിലെയുള്ളുവെന്നു- . . . . . .
യുക്തികൾ രണ്ടുപേക്കുമുണ്ടാകും പറയുമ്പോൾ
യുക്തമ ജ്ജീവനത്രെ (?) . . . . . .
ഏഴമാസത്തിൻ മുമ്പിൽ ചാഞ്ചല്യമില്ല എന്നാൽ
ജീവനില്ലെന്നുതന്നെ ചൊല്ലുവാനവകാശം.
. . . . . ഷിതന്നുള്ളിൽ ജീവനുണ്ടെന്നപോലെ
ചാഞ്ചല്യം മരിച്ചാലും കായത്തിൽ ചിലക്കുണ്ടാം. .
വായുപൂരിതരന്ധ്രചേഷ്ടകൾ നിമിത്തമായ്
അനുരൂപങ്ങളായ് വസ്തുക്കൾ ഭുവനത്തിൽ
ജീവനില്ലാതെ വന്നാൽ വർദ്ധിപ്പാൻ പണിയല്ലൊ
എന്നതു് സൂക്ഷ്മമായി ചിന്തിച്ചു കാണുന്നേരം
ബീജപാകത്തിൽ തന്നെ ജീവനുണ്ടെന്നു സത്യം.
വായുസഞ്ചാരയോഗ്യമാകയാലപ്പോൾ ദേഹം
ജ്ഞാനമുണ്ടായിട്ടേഴാം മാസത്തിൽ പൂർവ്വജന്മം
മാനസെതോന്നും ജന്മാന്തരത്തിൽ ചെയ്യുകർമ്മം
ദുഷ്കൃത സുകൃതങ്ങൾ ചിന്തിച്ചു ദുഃഖിച്ചീടും
നാളുകൾ ചെല്ലുന്തോറും കായവും വളർന്നീടും
മായതൻ മറിവുകളെങ്ങിനെയറിയുന്നു.
പുഷ്ടമായിട്ടും കായമെട്ടിലെന്നറിയേണം
ഗാത്രംപോയ് വളരുമ്പോൾ മൂത്രവും പുരീഷവും
ഗാത്രത്തിലെങ്ങും പുരണ്ടാർത്തനായ്‌വശ കെട്ടു്
ചീർത്തോരാധിയും പൂണ്ടു ഗർഭപാത്രത്തിൽ വീണാ-
ലിത്തരമോരൊ ദുഃഖമുണ്ടഹോ കഷ്ടം [പാർത്താൽ].
ബുദ്ധിമാനറിയേണം . . . .

കശ്മലം മലം മൂത്രം ദുർഗന്ധം സഹിയാത്തി-
ട്ടീശ്വരചരണങ്ങൾ ചിന്തിക്കും താപത്തോടെ.
അല്പവും കടുലവണാദികളതും രൂക്ഷ
തീക്ഷ്ണോഷ്ണങ്ങളും ശിവ ഭക്ഷിച്ചാലതുകൊണ്ടു
വേദനവരുന്നവ സാദരം പറവതൊ.
മാതൃജം ജഠരാഗ്നിസന്താപമൊരുദിക്കിൽ.
ക്രമികൾ കടിച്ചീടും ദേഹത്തിലൊരുദിക്കിൽ,
അത്രയല്ലപ്പോൾ മലപങ്കവും നിറച്ചുള്ളൊ-
രത്തലേറീടും ജടയെന്നുള്ളൊരുറുപ്പയിൽ
ദുഃഖിതനായി കിടന്നേത്രയും വശം കെട്ടു
നാല്പത്തുമൂളമുള്ള സീരിയാലംഗമെല്ലാം
ബദ്ധനായ് വരികയാലത്യന്തം പരവശാൽ
സപ്തമെ മാസെ ചൊല്ലാം ക്ഷുത്തൃഡാദികൾ തന്നാൽ
അത്യന്തമുപദ്രവം പെററുവീഴുന്നോളവും.
ചിന്തയിലേവമെല്ലാം ചിന്തിച്ചു പലതരം
ഹന്തസന്തതം തദാ ചിന്താബാഹുല്യമുണ്ടാം
പൂർവ്വജന്മങ്ങളൊരു കോടിയുണ്ടെന്നാകിലും
ഒക്കവെ കാണാം തന്റെ ചിത്തകതാരിലപ്പോൾ.
വൃക്ഷങ്ങൾ പിപീലിക പക്ഷികളായതും ഞാൻ,
പൃഥ്വീപാലകനായി ദുഷ്കർമ്മം ചെയ്തതും ഞാൻ,
വിപ്രനായ് ജനിച്ചിട്ടു സൽകർമ്മം ചെയ്യാതെപോയ്
പ്രത്യഹം (ഭവി) [ഭുജി] ക്കുന്നു ജനന ദുഃഖങ്ങളെ
രൌദ്രകർമ്മങ്ങൾ ചെയ്തു രൌരവാദികളായ
ഘോരമാം നരകത്തിൽ വീണതും ഞാനെന്നേവം
കാമക്രോധവും ലോഭമോഹവും മദങ്ങളും
മാത്സര്യമിവകൊണ്ടു വന്നതെന്നിനിക്കെന്നും
മുമ്പിൽ ഞാൻ ചെയ്തു പാപമിനിക്കിന്നിതുവന്നു.
തന്നെത്താനറിയാതെ നടന്നേനഹം മുമ്പിൽ.
ഇന്നു ഞാൻ ഭഗവാനെ സേവിച്ചീടുവനെന്നും
ദുഷ്കൃതസുകൃതങ്ങൾ ചെയ്തതും ചിന്തിച്ചീടും
അന്തകാലവും പുക്കും (?) സങ്കടം പിണഞ്ഞതും
ചിന്തയിൽ നിരൂപിച്ചു വെന്തുവെന്തുരുകീടും
കന്മഷമുണ്ടാകയാലങ്ങിനെ വന്നതെന്നും



വന്ദിതന്മാരൊയൊക്കെ വന്ദിച്ച പ്രകാരവും
സുന്ദരൻ മുചുകുന്ദവന്ദിതൻ തന്റെ പദ-
പങ്കജം കരുതാഞ്ഞിട്ടിങ്ങിനെ വ (രു) ന്നിതെന്നും.
പ്രമദംകൊണ്ടു് നല്ല കർമ്മങ്ങൾ ചെയ്യായ്കയാൽ
ദുർമ്മദത്തോടുകൂടി കാലങ്ങൾ കഴിച്ചതും
വിശ്വസിച്ചവരെ ഞാനൊക്കവെ ചതിച്ചതും
സ്വാമിദ്രോഹങ്ങൾകൊണ്ടു് കേവലമിതുവന്നു.
പാപത്തെയുണ്ടാക്കിയെൻ ചേതസിയറിയാതെ
പാഷണ്ഡീവഴിതന്നെ നടന്നേൻ ബഹുകാലം
ദോഷങ്ങൾ പൂണ്ടിടിനേന ജ്ഞാനബന്ധത്തിനാൽ
പരലോകത്തിലുള്ള ഭയത്തെ കരുതാതെ
പരപീഡകൾ ചെയ്തേൻ പലരോടോരോതരം
ചിന്തയിൽ നിനയാതെ ജന്തുഹിംസകൾ ചെയ്തേൻ
സന്തതമവിവേകകാരണം നിമിത്തമായ്
അന്നദാനങ്ങൾ ചെയ്‌വാൻ തോന്നീതില്ലതു കാലം
പന്നഗാഭരണന്നിൽ ചെന്നീലെൻ മനസ്സേതും
പരവഞ്ചനകളും പരനിന്ദയും ചെയ്തു
പെരികെ നടക്കയാൽ ദുരിതമുണ്ടായ്‌വന്നു.
അനർത്ഥഭാഷണങ്ങൾ പറഞ്ഞേൻ പലതരം
ആചാരഹീനനായി നടന്നേൻ ചിരകാലം
എത്രെയും കഷ്ടം പരസ്ത്രീകളിൽ ഗമിച്ചതും
പതിയെ ത്യജിച്ചിട്ടു നിശ്ചയമിതുവന്നു.
ഭാർഗ്ഗവീരമണന്റെ പാദപങ്കജങ്ങളെ
ചേതസി കരുതാതെ പോകയാലിതുവന്നു.
ശാസ്ത്രവും ശ്രുതിസ്മൃതിയെന്നിവ കേൾപ്പാനായി-
ട്ടിച്ഛയില്ലാതെ പോയിട്ടിത്തരം വന്നൂനം
വിപ്രസ്വമടക്കീട്ടും വിപ്രരെ നിന്ദിച്ചിട്ടും
ധർമ്മാധർമ്മങ്ങളറിയാതെ പോയ് നടന്നിട്ടും
പത്മനാഭന്റെ നാമം നിത്യവും ചൊല്ലാഞ്ഞിട്ടും
ദുഃഖങ്ങൾ വന്നു തനിക്കിത്തരമെന്നും പിന്നെ
ഭക്തിയാൽ മുകുന്ദനെ സേവിച്ചിട്ടനന്തരം
മുക്തിയെ വരുത്തുവാനെത്തുമൊ ശിവ ശിവ.
മുമ്പിലെ ജന്മങ്ങളിലുണ്ടായ മാതാക്കന്മാർ
പുത്രമിത്രാദികളത്രങ്ങളെന്നവക്കായി

ദൈത്രയുണ്ടൊരോതരം ക്ലേശിച്ചേനഹമെന്നാ-
ലിപ്പോളുങ്ങവരാരു മൊട്ടുമില്ലഹോ കഷ്ടം.
കോടി ജന്മങ്ങൾ പിറന്നീടിനേനതിലൊന്നിൽ
പാടുപെട്ടീല ചന്ദ്രശേഖരം ചിന്തിച്ചു ഞാൻ
തേടുമോ പിന്നെ നല്ല ജന്മങ്ങൾ കൂടീടുമൊ
ഇത്തരം ചിന്തിക്കയും ദുഃഖിച്ചു കരകയും
ഗർഭത്തിൽ കിടന്നവനിത്തരം വിവിധമായ് ;
അർത്ഥകാംക്ഷകൾകൊണ്ടു് ചിത്തതാരയറിയാതെ
വൃദ്ധരാമവർക്കായി പുത്രിയെകൊടുത്തതും,
ശ്രോത്രിയന്മാരോടോരോ ദുസ്ഥിതി പറഞ്ഞതും
തസ്കരനായിട്ടു ഞാൻ ഒട്ടനാൾ നടന്നതും,
ഭൂസുരന്മാരെക്കൊണ്ടു് ദോഷങ്ങൾ പറഞ്ഞതും
ഭൂസുരന്മാരോടേവം ദ്വേഷിച്ചു പലതരം
ഭൂദേവന്മാരിൽ നല്ല വിശ്വാസം കുറഞ്ഞു പോയ്
ഭൂമിയിൽ ജനിച്ചു ഞാൻ മത്തനായ് നടന്നോരോ
പാപകർമ്മങ്ങളത്രെ പാരാതെ ഭുജിക്കുന്നു.
ക്ഷുത്തൃഡാദികൾകൊണ്ടു വ്യഗ്രചിത്തന്മാരായി-
ട്ടദ്ധ്വഹീനന്മാരഹൊ സത്വരം വരുംനേരം
ക്രുദ്ധനായന്നം കൊടാതെത്ര നിഷ്ഠുരം ചൊന്നേൻ
ആത്മികയായീടുന്ന പത്നിയെ ത്യജിച്ചിട്ടും
അർത്ഥികളോടു പല വക്രോക്തികളും ചൊല്ലി
അർത്ഥങ്ങൾ പാലിപ്പാനായ് അജ്ഞാനബുദ്ധിയോടും
സൽഗുരുഭൂതന്മാരെ ശിക്ഷിച്ചു പറഞ്ഞതും
പ്രത്യുപകാരമേതും പെററമാതാവിനായി
ചെററുമേ ചെയ്യാഞ്ഞിട്ടു മിത്തരം ചമഞ്ഞു ഞാൻ.
പ്രത്യഹമോരോതരം ബുദ്ധിയിലറിയാതെ
ദുർജ്ജനങ്ങളോടോരോ ചേർച്ചകളുണ്ടായതും,
ഉത്തമവൃക്ഷങ്ങളും ജലവും മാർഗ്ഗേവെപ്പാൻ
ചിത്തതാരിൽ തോന്നാഞ്ഞിട്ടു ഞാൻ വലയുന്നു.
അർത്ഥങ്ങൾ ദേഹാർത്ഥമെന്നോർത്തു ഞാൻ വൃഥാതദാ
സൽപാത്രങ്ങളാൽ മഹാദാനാദി ചെയ്യാഞ്ഞതും.
ഉർവ്വിയിൽ ജനിച്ചോരോ ദുർവ്യാപാരങ്ങളേവം
ഗർവ്വിഷ്ഠനായിട്ടഹോ സർവ്വദാ നടന്നതും



ഭിക്ഷുകന്മാരെ നന്നായ് സൽക്കരിച്ചീരുത്തി ഞാൻ
ഭിക്ഷകൾ കൊടുപ്പാനും ചെററുമേ തോന്നീലയ്യോ.
കോപകാമങ്ങൾകൊണ്ടും കായരക്ഷാർത്ഥംകൊണ്ടും
പാപത്തെ വളർത്തിനേൻ താപത്തെയറിയാതെ.
വാപീകൂപങ്ങൾ നല്ല വഴിയിലുണ്ടാക്കുവാൻ
എന്തുമേയത്തുകാലം തോന്നീയില്ലഹോ കഷ്ടം.
ബ്രഹ്മഹത്യാദി ദോഷം കാണുമ്പോ (ഴ) [ളു] കലുന്ന
നിർമ്മലമായ സേതുസ്നാനവും ചെയ്തീലെന്നും
പുണ്യതീർത്ഥങ്ങളാടി ക്കൊളളുവാനവകാശം
കന്മഷംകൊണ്ടു മനഞ്ഞെല്ലാതെ ചമഞ്ഞ പോയ്
ഇത്തരം നിരൂപിച്ചു ദുഃഖിതനായിട്ടഥ
ചക്രപാണിയെ മനനങ്ങൾ ചെയ്തിരുന്നിഹ
ഭക്തവത്സലം തന്നെ സ്തുതിക്കും ദിവാനിശം
രാജീവവിലോചന രാകേന്ദുബിംബാനന
രാവണാന്തക മദവാരണോപമഗമ
ഭോഗിഭോഗശയാന കോമളകളേബര
മോഹിതവധൂജന വധിതദൈത്യകുല
ആനനസുധാകര ഭാനുകോടി ഭാസുര
മോഹനനിജാകൃതെ വാമനദയാനിധെ.
ശ്യാമളതനുപ്രഭ കേശവ ജിതമല
സവ്യസാചിസാരഥെ ദിവ്യമോഹനാകൃതെ
ഗവ്യമോഷണാമല നവ്യചാരുഭൂഷ [ണ]
കാളിയമദഹര കാളിന്ദീസുഖിഹര (?)
കാളമേഘാഭിരാമ കാമിനീമനോചോര
ദാനവവിനാശന ദ്വാരകാലയദേവ
ശ്രീശ ഗോപ മാധവ ശ്രീധരാഖിലവാസ
ഗോപബാലക ഹരേ ഗോപാല കൃപാലയ
പാലയാശുമാം പരിപാലയാശുമാം മുദാ.
എന്നേവം ബഹുവിധം ചൊല്ലിയും കരകയും
പിന്നേയും പലതരം ഖിന്നനായ് സ്തുതിച്ചീടും
പുണ്ഡരീകായതാക്ഷം ഗണ്ഡശോഭിത രത്ന
കുണ്ഡലം ചണ്ഡികാശ കോമണ്ഡഖരൗണ്ഡം (?)

അണ്ഡജവാഹ മഖിലാണ്ഡ പൂർണ്ണവിഗ്രഹം
ചണ്ഡവൈരി ദാനവ ദണ്ഡപാണിമുദ്ദണ്ഡം
നന്ദനന്ദനമോമലം കുന്ദമിന്ദു വദനം
വന്ദാരുവൃന്ദാരക വന്ദ്യസേവിതപദം.
ചിന്തയെ സന്തതം സ്വാനന്ദഗോവിന്ദാനന്ദം.
ഇത്തരം സ്തുതിക്കയും ദുഃഖിച്ചു കരകയും
എട്ടുമൊമ്പതു പത്തുമങ്ങിനെ കഴിയുമ്പോൾ
അപ്പോൾ പ്രസൂതിയാം വായുവന്നതിവേഗം
ഗർഭത്തെ ഇളക്കിയും തിരിച്ചു മുദരത്തിൽ
ചുഴററിമുട്ടിച്ചീടും വയററിലെല്ലാടവും
പ്രാജാപത്യമായുള്ള വായുവന്നിളക്കുമ്പോൾ
മൂർച്ഛയും പിണഞ്ഞവനാർത്തനായ് വശംകെട്ടും
തന്നുടെ മാതാവിനും തനിക്കുമതുനേരം
ഖിന്നത വരുന്നതു മെന്തുഞാൻ പറവതു.
ഉപസ്ഥാപദ്വാകൊണ്ടു വിസ്മൃതമതിയായി-
ട്ടിങ്ങിനെ വിധിവശാൽ ഭൂമിയിൽ ജനിച്ചീടും.
ബാഹ്യവായുക്കൾ കൊണ്ടാൽ നഷ്ടമാം സ്മൃതിതദാ
പിന്നെയും ചിലകാല മുണ്ടുപോലനദ്ധ്യായം.
രോദിക്കും പുനരുടനാലസ്യം തീർന്നിട്ടേവം
ധാത്രിയിൽ പിന്നൊന്നിലും സൌഖ്യമില്ലൊരുനാളും
കർമ്മത്തിൻവശംകൊണ്ടു പിന്നെയും മനക്ലേശം
ദുഷ്ടജന്തുക്കൾ കൊന്നുതിന്നു പോകിലും തദാ
കടിച്ചു മുറിക്കിലും മരിക്കു മുടൻതന്നെ.
ക്രോഷ്ടാവും നായും കീരി മാർജ്ജാരാദികളെല്ലാം
പാർത്തൊരുനേരം വന്നു കടിച്ചു കൊല്ലാതേയും
നിദ്രയെന്നിയെ സൂക്ഷിച്ചീടേണം ചിരകാലം
വിദ്രുമാധരികളും വെറുത്തുചമഞ്ഞീടും
ധാത്രിയിൽ ജനിച്ചാലും സൌഖ്യമില്ലൊരിക്കലും ;
നാലഞ്ചു വയസ്സോളം തന്നാലെന്താവതുള്ളു.
ഭീഷണമായ വസ്തുകണ്ടാലും കേട്ടീടിലും
ദോഷമാം മനസ്സിനു നടുക്കം പാരമുണ്ടാം.
ഈച്ചകളെറുമ്പിവ കടിച്ചിതെന്നാകിലും
വാച്ചദുഃഖങ്ങളുണ്ടാം പൈദാഹത്താലുമേവം,



ഇഷ്ടങ്ങൾ ലഭിയാതെ വന്നുപോകിലും പിന്നെ
രോദനമല്ലാതൊരു ശരണമവനില്ല.
മാതൃപിത്രാദിബന്ധുജനങ്ങളിഷ്ടത്തിനു
സന്തതമനുസരിച്ചീടുകിലതു ഭാഗ്യം.
യൂകാദിപിപീലികാ കടിച്ചു കരയുമ്പോൾ
എന്തിതെന്നറിയാതെ ബന്ധുവാം ജനങ്ങളും.
ഹന്തകേളതുനേരമുദരെ നോവുണ്ടെന്നു
ഔഷധം ദുസ്സ്വാദോടെ കൊടുത്തു പീഡിപ്പിക്കും.
ഔഷധം കൊടുത്തിട്ടും ഭേദമില്ലെന്നു കേചിൽ
അമ്മതന്നുടെ മുല നൽകേണമെന്നു കേചിൽ,
ദേഹത്തിൽ ചൊറിയുമ്പോൾ കയ്യെടുക്കരുതാഞ്ഞു
രോദിക്കും ശിശുക്കൾതൻ ഭാവമിങ്ങനെയുള്ളു.
മൂത്രവും പുരീഷവും ഗാത്രത്തിൽ പുരണ്ടെങ്ങും
ആർത്തനായ് വശംകെട്ടു രോദിതനായിവരും.
ചാലവെ ചില നാ (ള്ള) [ൾ] കളിങ്ങിനെ കഴിയുമ്പോൾ
പാലുപകാദികളിൽ മോഹിച്ചിട്ടമ്മതന്റെ
ചാരത്തുചെന്നു പിന്നെ രോദിക്കു മിവചൊല്ലി.
പാലുമപ്പഴങ്ങളും കൂടിനീ തരായ്കിലൊ
കാലന്റെ പുരിപുക്കു കളിപ്പനിന്നുതന്നെ.
ഇത്തരം പറകയും സത്വരം കരകയും
കഷ്ടമായ് ഭുവിതലമുട്ടിയും കേണുവീണും
ദുഃഖിതയായിവരും പെററമാതാവുമപ്പോൾ.
കർമ്മമെ ദാരിദ്ര്യമായ് വന്നതെന്താവതിപ്പോൾ.
ഇത്തരം ദുഃഖം പാർത്താലെത്രയുണ്ടെനവധി
വാപീകൂപങ്ങൾ തടാകങ്ങളെന്നിവററിലും
ബാലനാമിവൻ പോയി വീഴാതെ നോക്കീടേണം.
ചിന്തയിലറിവില്ല നീന്തുവാൻ വശമല്ല
അംബുവിൽ വീഴുന്നാകി ലന്തകപുരി പൂകും.
അഗ്നിയിൽ വീണീടാതെ നിത്യവും സൂക്ഷിക്കേണം.
ശുദ്ധിയില്ലാതവസ്തു തിന്നുപോ മറിയാതെ
തൊണ്ടയിലിരിക്കുമെന്നുള്ളതു മറിയാതെ
ഉണ്ടകളിരുമ്പിനാലുള്ളതു വിഴുങ്ങീടും,

വീക്കലോട്ടടനെ താൻ ചത്തുപോമതുകൊണ്ടു്
ബുദ്ധിയില്ലാതെ പോവാനുള്ള കാരണം ചൊല്ലാം,
അന്നങ്ങളുദരത്തിൽ ചെന്നുടൻ ദഹിച്ചഥ
പിന്നെയങ്ങെഴുപത്തീരായിരം നാഡികളിൽ
അന്നത്തിൻ രസങ്ങളെ മാരുതൻ കൊണ്ടുചെന്നു
വൃദ്ധതാദശയിങ്കലിത്തരം— . . . . .
ചെററുമില്ലാതെ പോവാൻ കാരണമിതുതന്നെ.
അന്നങ്ങൾ വയോധികനായാലും വേണ്ടാതെ പോം
ചെന്നാലും ദഹിച്ചീടാ (മെ) എന്നതു മൂലമല്ലൊ.
എന്നതുകൊണ്ടുതന്നെ വൃദ്ധതാ ദശയിങ്കൽ
ബുദ്ധിശക്തികൾ കുറഞ്ഞിട്ടഹൊ കിടക്കുന്നു.
വിസ്മയമഹൊ ദുഃഖമോൎക്കുമ്പോൾ ബാല്യകാലം
അഞ്ചാറു വയസ്സായാലക്ഷര ഗ്രഹണത്തിൽ
ശിക്ഷചെയ്യുള്ള ദണ്ഡമൊട്ടുമെ യെളുതല്ല.
ബുദ്ധിയില്ലായ്ക്കകൊണ്ടു ഗ്രഹിപ്പാൻ പണിയപ്പോ
സാധുവാകിയ ഗുരു കോപിച്ചിട്ടടിക്കയും
നിദ്രയുമില്ലാതെ താൻ പ്രത്യഹം പഠിച്ചാലും
ശിക്ഷിച്ചു പറെകയും ക്രുദ്ധനായടിക്കയും
ഇത്തരം സഹിയാഞ്ഞിട്ടത്തലോടഥ ബാലൻ
പുത്രനാം തന്റെ ഭവനത്തിലും ചെല്ലുംനേരം
മിത്രവും താതന്താനും ക്രുദ്ധനായതു നേരം
ശിക്ഷിച്ചു പാശംകൊണ്ടു ബന്ധിച്ചു പ്രഹരിക്കും.
സൽഗുരുഭ്രതന്മാരോടപ്പോളങ്ങോരോതരം.
മിഥ്യാവാദങ്ങൾ ചൊല്ലി ദുഷ്കൃതമുണ്ടാക്കിയും
പിന്നെയും ചിലകാലം വിദ്യയിൽ ക്ലേശിച്ചഹോ
തത്വമുണ്ടാകാറാമ്പോൾ യൌവ്വനം വന്നുകൂട്ടും
യൌവ്വനത്തിങ്കൽ ഭവതോയാബ്ധിയതിൽ വീണു
മായയിൽ വലയാതെ സംസാരം കടക്കേണം.
സംസാരാർണ്ണവത്തിന്റെ ഉത്ഭവം മഹാ [മോഹം]
മോഹത്തി (ങ്ക) ൽ നിന്നുണ്ടായോ രജ്ഞാനങ്ങളും [പിന്നെ,
അത്രയല്ലഗാധമാമവിവേകവും പിന്നെ
വിവിധമായിട്ടുന്നോ രാശയാം നക്രങ്ങളും



കാമക്രോധങ്ങളായ വീചികൾ പലതരം
തൃഷ്ണകൾ വിരഹങ്ങളായുള്ള ചുഴികളും
രാഗദ്വേഷാദികളാം ശൈബലങ്ങളും പിന്നെ
പുത്രമിത്രാദികളാം (മത്സ്യാദി കർമ്മങ്ങളും) [മത്സ്യ കൂർമ്മാദികളും]
വിസയ (?) (ംയാ) [മോ] രോഗണത്തോടു [ചേർന്നതങ്ങിനെ
ദുഷ്കർമ്മമായിട്ടുന്ന ബഡവാ മുഖാഗ്നിയും.
സൽകർമ്മങ്ങളായുള്ള മൌക്തിക പ്രവാളവും
ശുക്തിശംഖങ്ങൾ നവരത്നജാലവും പിന്നെ
സ്വർഗ്ഗലോകങ്ങളായ സപ്തദ്വീപങ്ങളുമ-
റാശ്ചര്യമായിട്ടുന്ന പുഷ്പജാലങ്ങളതും.
ഇത്തരം രത്നാകരം കടപ്പാനു (ള്ള) പായവും
സത്വരം കരുതേണം പ്രജ്ഞാവാനെന്നാകിലൊ.
സരസംഗമായിട്ടുന്ന കപ്പൽക്കാരരായുള്ള
സൽഗുരൂപദേശം ശിക്ഷയിൽ ഗ്രഹിച്ചു നി
ധൈര്യമായുള്ള വരവൃക്ഷത്തെക്കൊണ്ടു നന്നായ്
നാമസംകീർത്തനമാം പലക ചമച്ചഹോ
നാമാർത്ഥ ഭേദാന്വയം കൊണ്ടു നന്നായിട്ടേററം
രഞ്ജിപ്പിച്ചുണ്ടാക്കേണം ജ്ഞാനമായുള്ളൊരോടം.
വൈരാഗ്യമായിട്ടുന്ന പാമരം നാട്ടിപ്പിന്നെ
ശ്രദ്ധയാം പായും പിരിച്ചൊത്തുടനനന്തരം.
കരുണാപാശംകൊണ്ടു് ദൃഢമായ് കെട്ടീടേണം
ഉത്തമയമനിയമാദിയാം തുഴക്കോലും.
ക്ഷാന്തിയായുള്ള തോണിക്കാരരു മൊരുമിച്ചു
മൂർത്തിധ്യാനവും നല്ലൊരുത്തമ വിവേകവും.
ഇത്തരം രണ്ടു സഖിമാരോടുമൊരുമിച്ചു
വിജ്ഞാനമായ കൊടികുത്തി നൽവിവേകമായ്
പായതും വിരിച്ചുടനോട്ടുന്ന സമയത്തിൽ
സന്തോഷമായ രത്നമഞ്ചത്തിലിരുന്നുപ-
ശാന്തിയാം ശിരോപധാനത്തിന്മേൽ ചാരിക്കൊണ്ടു്
സർവ്വത്ര സമതയാം കാററനുകൂലംകൊണ്ടു്
നിരുദ്ധ്യാനമായുള്ളോരനുകൂലവായുവാൽ

ഭക്തിയായിരിക്കുന്ന കപ്പൽച്ചാലൂടെ ചെന്നു
സച്ചിദാനന്ദമൂർത്തിയായിരുന്നരുളുന്ന
മോക്ഷപാരമങ്ങടുത്തീടുക നൃപവര.
മുക്തിയാകുന്ന കരയെത്തിക്കയാലുണ്ടോ ജന്മം
ചെറ്റുമില്ലൊരുനാളും ദുഃഖവും വരാന്നൂനം.
കേൾക്കെടൊ പുരളീശ പാർത്ഥിവ ശിഖാമണെ
അത്രയില്ലിഹ കലൌ ചക്രപാണി തന്നുടെ
ഉത്തമനാമങ്ങളെ നിത്യവും ജപിക്കിലൊ
മുക്തിയും വരുമെന്നു നിശ്ചയമറിഞ്ഞാലും
ഇത്തരം സുകൃതങ്ങൾ സത്വരം ചെയ്തീടേണം
ചക്രാംഗ വിരവിൽ നീ വിപ്രന്മാരുടെ വിധി
ചെറ്ററിഞ്ഞവ ചൊല്ലീടുത്തമമായതെല്ലാം
ഇത്തരം പുരളീശൻ ചോദിച്ചോരനന്തരം
ബദ്ധമോദേന നല്ല മാനസ സംസാരിയും.
ഇത്തരം ചൊല്ലീടിനാനക്ഷിതീശ്വരനോടു.
കേൾക്കെടോ മഹീപതെ വാക്കുകളിവയെങ്കിൽ
വിപ്രജന്മങ്ങളായാലിത്തരം ഗുണങ്ങളോ-
ടൊത്തവക്കെല്ലാം മുക്തിവന്നീടുമതുനൂനം
സത്യവും ദയാമനശ്ശുദ്ധിയും വേണം പിന്നെ
ചക്ഷുരാദികളെല്ലാമടങ്ങീടേണം തദാ,
കായശുദ്ധിയും തന്റെ മനസ്സിന്നടക്കവും
ദേഹത്തിൽ നിഷേധിച്ച ഹിംസകളരുതെടോ.
കോപത്തെയടക്കേണം തപസ്സുമുണ്ടാകേണം
സ്വസ്ത്രീകളിലുമുള്ള ദിവസങ്ങളിൽ പിന്നെ
വിഹിത ദിവസത്തിൽ ഗമിക്കെന്നതെന്നിയെ
മറെറാന്നിൽ മനംചെന്നു പററാതെയിരിക്കേണം.
വിധിയല്ലാതെയുള്ള ദിവസങ്ങളിൽ സ്ത്രീയെ
ഗമിച്ചാലെല്ലാവക്കുമമിതമായ പാപം
പക്ഷത്തിലെട്ടുദിനമരുതു നിരൂപിച്ചാൽ
അഷ്ടമി, നവമി, ഏകാദശി, ദ്വാദശിയും
ത്രിദശഞ്ചതുർദ്ദശമാദിയും പ്രഥമയും
സംക്രമം പിതൃദിനം ജന്മനക്ഷത്രങ്ങളും
കൃത്തികാതിരാ ചിത്രാ ശ്രവണാ നക്ഷത്രവും



വൈധൃതയോഗം വ്യതീപാതവും ദഗ്ദ്ധയോഗം
വ്രതമാം ദിവസവും സന്ധ്യകൾ പ്രദോഷത്തിൽ
സ്ത്രീകളിൽ ഗമിക്കുന്ന നരന്മാക്കെല്ലാവക്കും
ഘോരമായുണ്ടാം പാപം ശീഘ്രവാനറിയേണം.
സൽ പാത്രങ്ങളിലന്നദാനാദി ചെയ്തീടേണം
വിപ്രന്മാക്കുള്ള ഗുണമെത്രയുണ്ടെന്നു ചൊല്ലാം.
അതിഥി പൂജ വേണം സതതമറികെടോ
ഭിക്ഷുകന്മാരിലഥ ഭക്തിസംയുക്തനായി
ഭിക്ഷയെ കൊടുക്കേണം സത്തുകളായ ജനം.
സന്തോഷഭാവം വേണം സന്തതം ധരാപതെ.
സർവ്വഭൂതങ്ങളിലുമാത്മദേവതാബുദ്ധി
ചെന്നുറയ്ക്കേണം സദാ പ്രജ്ഞവാനെന്നാകിലൊ.
(നൈകാ)[ഐഹി]കവ്യാപാരങ്ങളിൽനിന്നുണ്ടാകേണം (?)
വൈദികമായിവേണം കർമ്മങ്ങൾ ചെയ്തീടുവാൻ.
അന്നാദികളിലുള്ള സംവിഭാഗവും വേണം
ശാസ്ത്രവിത്തായീടേണം സ്വാദ്ധ്യായങ്ങളും വേണം.
ബുദ്ധിയുംവേണം നല്ല യാഗങ്ങൾ ചെയ്തീടേണം
ജ്ഞാനവുമെല്ലാടവും സമബുദ്ധിയും വേണം.
മൌനവും വേണം വേദമഭ്യസിച്ചിരിക്കേണം
ഈശ്വരനുണ്ടെന്നുള്ള ബുദ്ധിയും സദാ വേണം.
ഭക്തന്മാരോടു സംഗമെപ്പോഴുമുണ്ടാകേണം.
ഭഗവൽകഥ നന്നായ് ശ്രവിച്ചീടേണം പിന്നെ,
ഈശ്വരനുടെ ദാസൻ ഞാനെന്നുമുറയ്ക്കേണം.
പത്മനാഭന്റെ നാമകീർത്തനം വേണം സദാ
വിഷ്ണുവെ സ്മരിക്കേണം വൃത്തിയോടിരിക്കേണം.
വിപ്രരായുള്ള ജനമെത്രയുമസാരന്മാർ.
വർദ്ധിച്ചുവരുന്നതും ഐശ്വര്യമുള്ള ജനം
. . . . . . . ക്ഷയിച്ചു മിഹകേചിൽ.
ഇത്തരം നിരൂപിച്ചു യുക്തിമാനറിയേണം
അല്പസന്തുഷ്ടന്മാരായെപ്പോഴുമിരിക്കേണം.
ബ്രാഹ്മമായുള്ള മുഹൂർത്തത്തിങ്കലനുദിനം
ഉത്ഥാനം ചെയ്തീടേണം പ്രജ്ഞാവാനെന്നാകിലൊ.

പ്രാണായാമങ്ങൾ ചെയ്തു ധർമ്മത്തെ രക്ഷിക്കേണം.
സത്തുക്കൾക്കരുതാത്ത വസ്തുക്കളേവം ചൊല്ലാം.
ധർമ്മമില്ലാത്ത ഗേഹങ്ങളിൽ പോയ്‌വസിക്കയും
പാഷണ്ഡീജനമേറും രാജ്യത്തിൽ വസിക്കയും
അഗ്നിയെ കെടുക്കയുമപ്പിലങ്ങുമിക്കയും
നഗ്നനായ് കിടക്കയുമക്ഷക്രീഡയും പിന്നെ
പൊൽക്ക (?) സജാതിയോടും പതിതരോടും പിന്നെ.
താപസ ദ്വഷിയോടും ഗർവ്വിതന്മാരോടും ചേ-
ന്നൊട്ടുമെ വസിക്കരുതുത്തമ ഭൂദേവന്മാർ.
ഉച്ഛിഷ്ടം ഹവിസ്സെല്ലാം ശൂദ്രർക്കു കൊടുക്കയും
ഉത്തരീയങ്ങൾ നീക്കി ഭോജനമെന്നുള്ളതും
സന്ധികളിലും ഭോജനങ്ങളും ശയനവും
ബാഹ്യാദികളെ ചെയ്യാൽ വാർത്തകൾ ചൊല്ലുന്നതും
ജീർണ്ണമാം ദേവാലയെ ഗോശാലയിലും നദി-
[ര] ക്കത്ര [യും] സമീപത്തും ഭസ്മമുള്ളവിടേയും
ഇന്ധനങ്ങളിൽ മാർഗ്ഗേ ജലങ്ങളിലും പിന്നെ
മൂത്രപുരീഷങ്ങളെ ചെയ്യരുതൊരിക്കലും
ഇത്തരമരുതാത്ത വസ്തുക്കൾ വർജ്ജിക്കേണം
അഗ്നിയും ജലം പശു സൂര്യനും ഗുരുവിനും
വിപ്ര സാധുക്കൾക്കും നീ നേരിട്ടു മൂത്രിക്കാതെ ;
ദൂരസ്ഥമായീടുന്ന നാരിയെക്കാണുന്നതും
ഒട്ടുമെയരുതെടൊ നിഷ്ണാതനറിയേണം.
ദുർജ്ജന വിവാദവും വർജ്ജിച്ചീടേണം സദാ
ആർജ്ജന പ്രകാരങ്ങളിത്തരം വിപ്രന്മാർക്കൊ.
ഉത്തമമായിട്ടുന്നോരിഛ (യ) ാ വൃത്തിയും പിന്നെ
ഇങ്ങിനെ നാലുപേർക്കും വിപ്രർക്കു വിശേഷിച്ചും
യാജനമദ്ധ്യാപനന്നേരായ പ്രതിഗ്രഹം,
ഇത്തരമറിഞ്ഞിട്ടു വർജ്ജിക്കും ഭൂദേവന്മാർ
മുക്തിയും േ (ത) [ന] ടുമെന്നു ബുദ്ധിമാനറിയേണം.
വാർത്തകൾ നാലുപേർക്കുമാശ്രമം നാലിനും കേൾ
നിർണ്ണയം നാമന്നാമാധർമ്മങ്ങളഹിംസയും
സൂനൃതാവായി സത്യം ശൌചവും ദയാക്ഷമാ
ഇത്തരമെന്നുള്ളതു നിഷ്ണാതനറിയേണം.



ബ്രഹ്മചാരികളുടെ ധർമ്മങ്ങൾ ചൊല്ലാമിനി
ശുദ്ധിയായിരിക്കുന്ന വൃത്തിയോടിരിക്കണം.
സത്തുക്കളുടെ സേവ നിത്യവു മുണ്ടാകേണം
ഭിക്ഷാവൃത്തിയും കൃഷ്ണാ ജിനവും കമണ്ഡലം
മേഖലാ മൌഞ്ജീ ദണ്ഡും സാദരം ധരിക്കേണം.
അഗ്നിശുശ്രൂഷ പിന്നെ സ്വാദ്ധ്യായധ്യാനം പിന്നെ
പിന്നെയും വ്രതാനുഷ്ഠാനാദികൾ വേണം മുദാ.
ഗുരുവിനുടെ ഗേഹേ വസിച്ചീടണം സദാ
പിന്നെയും ത്രികാലസ്നാനാദികൾ ചെയ്തീടേണം.
തൈലതാംബൂലസ്ത്രീ സംഗാദിയും വർജ്ജിക്കേണം.
കാമികൾ സംവാദവും യാമിനീഭോജനവും
അങ്ങിനെയുള്ള നിഷ്ഠയൊന്നിനെയുപേക്ഷിക്കിൽ
പൊങ്ങിന നരകമെന്നിങ്ങിനെ ചൊല്ലീടുന്നു.
ഗൃഹസ്ഥന്മാർക്കുള്ളോരു ധർമ്മങ്ങൾ ചൊല്ലാമിനി
ബ്രഹ്മചാരിക്കും വാനപ്രസ്ഥനും ഭിക്ഷുവിനും
പിതൃക്കൾ പിതാ മാതാ ദേവനും ഗുരുവിനും
വൃദ്ധബാലാതുരന്മാരിത്തരം വരുകിലും
അയലാരായ ജന മാരൊന്നു് വരികിലും
അന്തണ [ന്മാ] ർ വിദ്വാക്കൾ ദൂരസ്ഥന്മാരാകിലും
പുത്രാദി ഭാര്യാ ഭൃത്യാദി വർഗ്ഗത്തിനും
ദേഹദണ്ഡം സൌജന്യം ധർമ്മദാനാദികളും
ചെയ്തുപോരേണമിതു വിടുകിൽ നരകമാം.
കുലയും കളവുകൾ കാമവും നിന്ദകളും
ചെയ്യുവനെന്നാകിലും നിരയം ഭവിച്ചീടും.
വാനപ്രസ്ഥന്മാരുടെ ധർമ്മത്തെ ചൊല്ലാമിനി
ധനധാന്യാദി കുഡുംബങ്ങളെ വെടിഞ്ഞുടൻ
കാനനെ വസിക്കേണം കായ്കനി ഭുജിക്കേണം
ഇന്ദ്രിയ നിഗ്രഹത്തോടീശ്വര സേവ പിന്നെ
ആതപാ നിലാനല വർഷാദികൾ സഹി-
ച്ചാത്മ ശുദ്ധനായ് നിഷ്കാമതിയായിരിക്കേണം.
ഗതിയാമിതിൽ നിന്നു തെറ്റുകിൽ നരകമാം.
വിധിച്ച പ്രകാരങ്ങൾ ചെയ്യേണം സന്യാസിക്കും.
കാഷായവസ്ത്രം ദണ്ഡും ധരിച്ചു ശിഖമാറി

ത്രികാലസ്നാനം ശാസ്ത്രമോതേണം സമാധിയും
ഭിക്ഷയേററുണ്ടീടണം കുക്ഷിക്കു ദിനംതോറും
ശേഷമുള്ളൊരു നേരം ബ്രഹ്മധ്യാനത്തോടുമ-
ങ്ങുററമായ് കരുതേണ മഹേശ്വരാപ്പണമെല്ലാം.
ഇങ്ങിനെയുള്ള തൊഴിഞ്ഞീടുകിൽ നരകമാം.
സദാചാരങ്ങൾ കൊണ്ടു മോക്ഷവും ബന്ധുക്കളും
അഗ്രമായുള്ള വസ്തു സന്ന്യാസമറിഞ്ഞാലും
വിപ്രന്മാർ തിൻ സായൂജ്യത്തെയും പ്രാപിച്ചീടാം.
ക്ഷാത്രവൃത്തിയും ചൊല്ലാം കേൾക്കെടൊ നരാധിപ
ബുദ്ധിയുംവേണം ശിവഭക്തിയുമുണ്ടാകേണം.
വമ്പനായുള്ളവരിൽ മുമ്പനായിരിക്കേണം
ഈശ്വര ഭാവം നല്ല യോഗ്യതയതും വേണം
ബ്രാഹ്മണ വിശ്വാസവും കീർത്തിയുമുണ്ടാകേണം
ക്ഷത്രിയനെന്നാകിലും ശാന്തനായിരിക്കേണം
യുദ്ധത്തിൽ ഭയമെന്നതൊട്ടുമില്ലാതെ വേണം.
ശൌര്യവും [നല്ല] മനോധൈര്യവും വേണം സദാ
ആയുധാഭ്യാസം വേണം വീരനായിരിക്കേണം
സകല കലാവിദ്യാജ്ഞാനവു മുണ്ടാകേണം.
ബ്രാഹ്മണാർത്ഥമായ് തന്റെ പ്രാണനെ ത്യജിക്കിലൊ
മുക്തിവന്നീടുമെന്നു പ്രജ്ഞാവാനറിയേണം.
ദീനരെക്കണ്ടാലതി താപവു മുണ്ടാകേണം
ക്ഷത്രിയനെന്നാകിലും കേവലം ധരാപതെ.
ശാസ്ത്രധാരണംകൊണ്ടു സേവിച്ചു നടന്നിഹ
ഭക്ഷണം കഴിക്കേണം ബാഹുജനെന്നാകിലൊ.
ഊരുജവൃത്തി ചൊല്ലാം ശീലവാനറിയേണം
ഗോരക്ഷ വാണിജ്യമെന്നേവമാം കൃഷികളും
ഇവററില ബദ്ധത്താൽ കല്മഷ മുണ്ടാകാതെ
ധനധാന്യങ്ങളുണ്ടാക്കീടേണമെല്ലാവർക്കും.
ശൂദ്രനു ശുശ്രൂഷയും ക്ഷാത്രവൃത്തിയും കൊള്ളാം
ഭൂപതെ പുരഹീശ പാർത്ഥിവ ശിഖാമണെ
കേൾക്കെടൊ നൃപക്കുള്ള ഗുണങ്ങളിനിയെങ്കിൽ
ഭൂസുരവരന്മാരിൽ ഭക്തിയും ഭയം ദയാ
ക്ഷമയും വിനയവും ശ്രുതവാനുണ്ടാകേണം.
തന്നുടെ രാജ്യത്തിങ്കൽ നന്നായി വിചാരിച്ചു
ന്യായവൃത്തിയായ് നടക്കേണമെന്നറിഞ്ഞാലും.



കാമജ മൃഗയാദി പത്തുമുണ്ടതിൽ പിന്നെ
നഷ്ടം നാലതിലുമെന്നുത്തമരറിയേണം
സ്ത്രീകളിലതിസക്തി ചൂടുകിലതു മാകാ
വാതുകൾ പറഞ്ഞഥ ചൂതുകൾ പൊരുന്നതും
വൃത്തികേടിഹ കേചിൽ മദ്യപാനങ്ങൾ കൊണ്ടും
കാടകംപുക്കു സദാ വേട്ടകൾ കുറക്കേണം.
കോപജം പൈശൂന്യാദി എട്ടുമുണ്ടതിൽ മൂന്നും
ഘോരമായുള്ള പാപം ഭാരമായ്വന്നു കൂടും.
ദണ്ഡപാതക മരുതെന്നതു മറികെടൊ
നിഷ്ഠുര വാക്കുപാർത്താലർത്ഥ ദൂഷണങ്ങളും
ഇത്തരം ത്യജിക്കേണം ബുദ്ധിമാന്മാരായുള്ളോർ.
ശത്രുക്കൾ തന്നിൽ ഭൃശം ദണ്ഡവു മുണ്ടാകേണം
സ്നിഗ്ദ്ധന്മാരായിട്ടുള്ള മിത്രന്മാരോടും വ്യാജ-
മൊട്ടുമെ കാട്ടാതെ നിൻ ബുദ്ധിയിലുറക്കേണം.
പ്രാതൎന്നേരത്തെഴുന്നേററുടൻ പ്രതിദിനം
പത്മനാഭന്റെ പദയുഗളം കരുതുക.
വിദ്യാവൃദ്ധന്മാരായ വിപ്രരെ വന്ദിച്ചഥ
വിഷ്ടരം കൊടുത്തിട്ടു സൽക്കരിച്ചിരുത്തിയ-
ങ്ങുത്തമ ദാനം ചെയ്തു ഭക്തിയോടഥനിന്നു
സത്യവും ധർമ്മങ്ങളും ശിക്ഷാ രക്ഷയും പിന്നെ
സത്യമാം ശ്രുതിസ്മൃതിയൊക്കയും വിചാരിച്ചൊ-
രുത്തമന്മാരോടപ്പോൾ ചോദിച്ചിട്ടറിയേണം.
ശാസ്ത്രനീതികൾ ശ്രുതിസ്മൃതി കളിവയെല്ലാം
പാർത്തറിഞ്ഞിട്ടു വേണം ധാത്രിയെ രക്ഷിപ്പാനും.
അല്പരാജ്യങ്ങളിവ നിത്യമെന്നോർത്തു സദാ
ദുർഗ്ഗർവ്വും പൂണ്ടു വൃഥാ ദുഷ്കൃതം ചെയ്തീടാതെ
ദീനരെ രക്ഷിക്കയും ദാനശീലനാകയും
സത്യമെന്നേവം ശുചിയെപ്പൊഴും ധരാപതെ.
സജ്ജന സംസർഗ്ഗവും നിത്യവു മുണ്ടാകേണം
ദുർജ്ജനങ്ങളെ ദൂരെ വർജ്ജിച്ചു കളകയും
ഉത്സാഹങ്ങളും മനഃശക്തിയു മുണ്ടാകേണം
ദാക്ഷിണ്യം വേണം നല്ല ദീർഘദർശനംവേണം
അക്ഷുദ്രന്മാരാം പരിവാരതയുണ്ടാകേണം

ശക്യസാമന്തരേയും (?) വൃദ്ധസേവയും ക്ഷമാ
ധാർമ്മികതയും ദൃഢ ഭക്തിയും വിനീതതാ
ഒക്കയുമുണ്ടാകേണം പ്രജ്ഞാവാനെന്നാകിലൊ.
വക്താവായിരുന്ന സാമർത്ഥ്യവു മെല്ലാററിനും
സല്പാത്രങ്ങളിൽ മഹാദാനാദി ചെയ്യീടുക.
(വിദ്യകളുണ്ടാകേണം)
ധർമ്മത്തിങ്കന്നു സദാ നിശ്ചലനാ[യീടേണം]
വെള്ളത്തിൽ പോളപോലെ യുള്ളോരു കാര്യത്തിന്നായ്
കൊള്ളൊല്ലാ ദുരിതങ്ങൾ വല്ലാതെ നരാധിപ ;
എന്തിനിക്കിനിയെന്നു സന്തതം തെളിഞ്ഞഹൊ
ജന്തുഹിംസകൾ ചെയ്വാൻ ചിന്തയിൽ നിനക്കാതെ
ശ്രദ്ധമന്ത്രനാകേണം ദൃഢഭക്തിയും വേണം ;
യാഗങ്ങൾ ചെയ്യീടേണം കൃതജ്ഞതയും വേണം;
ദീനരിൽ തനിക്കേവം വന്നെതെന്നതു പോലെ
ചേതസി ധരിച്ചടനുദ്ധരിക്കേണം സദാ.
ആശു കാര്യങ്ങൾക്കെല്ലാം ഗുണശീലത വേണം
സ്ഥൂലരക്ഷിതാവേണം കുലി (?) യായിരിക്കേണം
ശൌര്യവു മതിൽ നല്ല കൌശലങ്ങളും വേണം
ധൈര്യവു മാരോഗ്യവും ബലവും തേജസ്സേവം
ഗുണങ്ങൾ കണ്ടാലതി നനുരാഗങ്ങൾ വേണം ;
മിതഭാഷിയാകയു മുദഗ്രനായിടേണം
കാലദേശാവസ്ഥകളറിഞ്ഞു നടക്കേണം.
ദണ്ഡ്യന്മാരാമവരിൽ ദണ്ഡനേതാവാകേണം
അസ്ത്രശസ്ത്രങ്ങളതി ലഭ്യസിച്ചറക്കേണം;
ചിന്തയിലേവം കണ്ടു സന്തതം നടക്കേണം
ക്രോധവും ലോഭങ്ങളും ദ്രോഹവും ഭയങ്ങളും
സ്തംഭവും ചാപല്യത യെന്നിവ ത്യജിക്കേണം.
പരലോകത്തിൽ ഭയം പെരികെ കരുതുക.
ഭിന്നന്മാരായീടുന്ന മന്ത്രികളുണ്ടാകിലൊ
രഞ്ജിപ്പിച്ചരുളേണം മന്നവ വഞ്ചീപതെ.
. . . . . കാര്യം നന്നായ ന്വേഷിച്ചിരിക്കേണം.
ചാരന്മാരുടെ നല്ല വൃത്താന്തമറിയേണം
ഭിക്ഷുകന്മാരായിട്ടും വേഷച്ഛന്നന്മാരായും



ശത്രുവിന്നുടെ രാജ്യ വൃത്താന്തമറിവാനായ്
എപ്പോഴു മയക്കേണം കെല്പുള്ള ജനങ്ങളെ ;
അല്പബുദ്ധിമാന്മാരാം ഭൃത്യരെ ത്യജിക്കേണം
ഭാഷകളെല്ലാ മറിഞ്ഞീടേണം ലിപികളും.
ഭൂപതിയായാലുള്ള ലക്ഷണ മിവയെല്ലാം
ഭൂഷണങ്ങളും ദേഹെ സർവ്വദാ ധരിക്കേണം.
നിക്ഷേപംകൊണ്ടും ക്രയ വിക്രയം കൊണ്ടും സ്വാമി-
ഭൃത്യന്മാരുടെ വിവാദത്തിലും വിവിധമാം
വാക്കുകൾകൊണ്ടും നല്ലൊരക്ഷങ്ങൾ പൊരുതീട്ടും
സാഹസംകൊണ്ടും വിവാഹാദികൾകൊണ്ടും പിന്നെ
മദ്യപാനങ്ങൾ കൊണ്ടും മത്തവാരണം കൊണ്ടും
സ്ത്രീപുമാന്മാരാമവർ തമ്മുടെ ധർമ്മം കൊണ്ടും
തസ്കരന്മാരെകൊണ്ടും വിപ്രരക്ഷണം കൊണ്ടും
അത്ര്യയല്ലന്നംകൊണ്ടും പ്രഹര ദണ്ഡം കൊണ്ടും
കാളകൊണ്ടതുകൊണ്ടും കൂലികൾ കൊടാഞ്ഞിട്ടും
ദോഷങ്ങൾ ശങ്കിച്ചുള്ള യോഷിത്തുകളെക്കൊണ്ടും
കൂററുവാണിഭം ചെയ്യിട്ടുററമായ് വിശക്കിലും
ദത്തുകൊണ്ടതുകൊണ്ടും വിത്തിട്ട നിലം കൊണ്ടും
വിററു പോയതുകൊണ്ടും വെച്ചപെണ്ണിനെ കൊണ്ടും
ചത്തുപോയവരുടെ ചിത്തങ്ങൾ പല . . . . .
തിത്തരം വ്യവഹാരം യെത്രയുണ്ടെന്നാലതിൽ
തത്വമായതു വിചാരിച്ചു കൊണ്ടിഹലോകെ
ശാസ്ത്രജ്ഞന്മാരായുള്ള വിപ്രരും തനിക്കുള്ളോ-
രാപ്തന്മാരായീടുന്ന മന്ത്രിമാരോടുംകൂടി
ശാസ്ത്രോക്തമായിവേണം ശിക്ഷാരക്ഷകൾ ചെയ്വാൻ.
[ജൈത്ര] യാത്രക്കുള്ള [തം] ഘോഷങ്ങൾ ചെയ്യീടുവാൻ
ഛത്രചാമരം തഴ മത്തേഭ വീരന്മാരും
ചിത്രമാം തുരഗങ്ങളൊക്കയു മലാകരി.
ഉത്തമ ഭൂദേവന്മാരാശീർവ്വാദങ്ങൾകൊണ്ടും
* ഭട്ടകൾ (?) വേണം പരിഹാസകന്മാരും വേണം
† സുപ്രതീകന്മാരായ ഭൃത്യരും വേണം കൂടെ.
ശിക്ഷയിലലാകരിച്ചൊക്കയു മൊരുപോലെ

---

† നല്ല ശരീരമുള്ളവർ.

* ഭട്ടകളെന്നാൽ ശത്രുരാജാക്കന്മാരെ നിന്ദാപൂർവ്വം ഉപാലംഭനം ചെയ്യുന്ന ഭട്ടരെന്നായിരിക്കാമിവിടെ അർത്ഥം വിവക്ഷിച്ചിരിക്കുന്നതു.

ഖഡ്ഗപാണികൾ നന്നായ് മത്തരായ് ചുഴലവും
വിസ്മയം ഭാരതമാം ശാസ്ത്രങ്ങളറിഞ്ഞുള്ള
നർത്തകിമാരും വേണം ശിക്ഷയിലാടീടുവാൻ.
രാജചിഹ്നങ്ങളേവ മൊക്കയുമുണ്ടാകേണം
പ്രാഭവം കാട്ടീടേണം വൈരികൾ ശങ്കിപ്പാനായ്.
ഇത്തരം കാണുന്നേരം മത്തരായ് ഞെളിയാതെ
ഈശ്വരാർപ്പണമെന്നു കല്പിച്ചീടേണമപ്പോൾ.
പ്രീതിയുമുണ്ടാകേണം വീരരിലെല്ലായ്പ്പോഴും
ഭീരുവെയകറ്റേണം വീരരാം രാജാക്കന്മാർ.
സാമദാനവും ഭേദദണ്ഡവും ചതുഷ്ടയം
മായയുമുപേക്ഷയുമിന്ദ്രജാലമെന്നേവം
സപ്തോപായങ്ങൾ വേണം പൃഥ്വീനായകന്മാർക്ക്.
മന്ത്രിയും രാജ്യം നല്ല കോട്ടയും പടകളും
ഭണ്ഡാരങ്ങളും ബലബന്ധുവുമുണ്ടാകേണം.
സത്യമുള്ളവരോടും ധാർമ്മികരോടുമതി-
മാതാവിനോടുമഥ വൈരമുണ്ടാക്കീടാതെ
ചെന്നേടത്തെല്ലാം ജയം കൊണ്ടീടുന്നവനോടും
തന്നെക്കാൾ ബലമുള്ള മന്നവരോടും പിന്നെ
ഭ്രാതൃസംഘതനാക (?) മായുരാമവരോടും
ചേർന്നുകൊള്ളേണം വൃഥാ വൈരത്തെയുണ്ടാക്കാതെ.
ശിക്ഷാരക്ഷകൾ നന്നായ് സത്വരം ചെയ്തീടുവാൻ
പാർത്ഥിവനായിക്കൊണ്ടിങ്ങീശ്വരൻ കല്പിച്ചുള്ള
രാജ്യത്തിലുള്ള ഭാഗം സൂക്ഷിച്ചു വാങ്ങീടേണം;
ധനധാന്യാദിതന്നിൽ ഷൾഭാഗം വാങ്ങീടേണം
മൂലങ്ങളെടുത്തുടൻ വെച്ചുപാലിക്കും പോലെ
കാലങ്ങൾതോറും വാങ്ങിപ്പാലനമടിയാരെ
കുടിയാർ വർത്തകരെന്നിവരെ ദിനന്തോറും
കുസുമഫലങ്ങളെക്കൊള്ളുന്ന കണക്കിനെ
രാജ്യസന്ധിങ്കലിരുന്നധികം വിനചെയ്‌വൂ.
പൂജ്യൻഞാനെന്നഭാവമുള്ളൊരു ജനങ്ങളെ
ഗോപ്യമായ് മത്സ്യം ബന്ധിച്ചീടുന്ന കണക്കിനെ
ത്യാജ്യമല്ലാതെ വെച്ചുകൊള്ളേണമെല്ലാനാളും



ധാർഷ്ട്യവും പൌരുഷവും നിന്ദയുമായീടുന്ന
ദുഷ്ടരെ മധുഗ്രഹണങ്ങളെന്നതുപോലെ
മദങ്ങൾ ശമിപ്പിച്ചു രക്ഷിച്ചീടണം പിന്നെ.
പക്ഷത്തിലൊരുദിനം പടകളോടുംകൂടി-
ട്ടക്ഷിതി വനങ്ങളും [ല] ചാലകൾ ഗിരികളും
തിരഞ്ഞുകണ്ടു ദുഷ്ടജന്തുഹിംസകൾ ചെയ്താൽ
അരികൾക്കുണ്ടാം ഭയം പ്രജകൾക്കഭയവും
അല്ലാതെ മരുവുകിൽ വല്ലാതൊരനുഭവം
രാജ്യത്തിലുള്ള ഭോഗം ഭുജിച്ചോരനന്തരം
രക്ഷചെയ്യാഞ്ഞാലുള്ള ദുർഗ്ഗതി പാരമത്രെ.
മറ്റൊരു ഭൂപൻവന്നു പൃഥ്വിയെയടക്കുമ്പോൾ
കായത്തെ വെടിയായ്കിൽ കന്മഷം ഭവിച്ചീടും.
പരന്മാർ വന്നു രാജ്യമടക്കീടുന്ന നേരം .
മരിച്ചീടേണം രണേ ജയിച്ചീടരുതായ്കിൽ.
ഭൂപകേള ഹോ രണേ പാപികൾ മരിക്കിലും
താപമില്ലെടൊ പരലോകങ്ങൾ സിദ്ധിച്ചീടും
മന്ത്രികളുടെ ഗുണമെന്തെല്ലാം വരേണ്ടതു
ചിന്തയിലറിഞ്ഞവ കുറയെ പറയുന്നേൻ.
തന്നുടെ രാജ്യത്തിങ്കലുള്ളവനായീടേണം
എന്നതും പോര നല്ല കുലത്തിൽ ജനിക്കേണം.
ഗുണശീലത നല്ല വണക്കമെല്ലാരോടും
വാഗ്മിയായിരിക്കേണം സാമർത്ഥ്യമുണ്ടാകേണം.
ക്ലേശമൊക്കെയും നന്നായ് സഹിപ്പാനാളാകേണം.
തന്ദ്രിയെ കളയേണം മന്ത്രിയെന്നിരിക്കിലൊ
ഉത്സാഹം വേണം നല്ല സത്യവാദിയാകേണം
വക്താവായിരിപ്പവൻ സഭയിൽ പറഞ്ഞതി-
ലുത്തരം ന്യായോക്തികൾ വിസ്താരം പറവാനായ്
എത്രയും സമർത്ഥനായെപ്പോഴുമിരിക്കേണം.
അത്രയുമല്ല പ്രമാദങ്ങൾകൊണ്ടകാര്യത്തി-
നൊട്ടുമെ പ്രവൃത്തികളില്ലാതെയിരിക്കേണം.
വ്രതവത്തമനായും പ്രിയവാദിയാകയും
പ്രഭുത്വമുണ്ടായിട്ടങ്ങിരിക്കും മന്ത്രിവേണം.
ധീമാനാകയും മനോധൈര്യവും ഗുണങ്ങളും

രാജാവിന്നിഹ നല്ല ബന്ധുവെ സമ്പാദിക്കും
മൈത്രനായിരിക്കേണം ദൃഢദൃഷ്ടിയും വേണം
സൌമ്യനായിരിക്കേണം സ്വാമിഭക്തിയും വേണം.
രാജാവായതു തനിക്കീശ്വരനെന്നപോലെ
വ്യാജമെന്നിയെ മനതാരിലങ്ങുറക്കേണം.
മാനുഷരായോരുടെ താരതമ്യങ്ങളെല്ലാം
പാരാതെയറിയേണം മന്ത്രികളായ ജനം.
വ്യവഹാരങ്ങളെല്ലാമറിഞ്ഞങ്ങിരിക്കേണം
ഭക്തിയും ഭയങ്ങളും വിപ്രരിലുണ്ടാകേണം.
സത്യവും വേണം മനശ്ശുദ്ധിയും പല പല
വിദ്യയും പരാക്രമ ശക്തിയും വിവേകവും
വി(സ്മൃ)[സ്തൃ]തമായീടുന്ന ഭൂമിയെ രക്ഷിപ്പാനായ്
ബുദ്ധിശക്തിയും നന്നായൊത്തുവന്നിരിക്കേണം.
ദേശികവരന്മാരിൽ ഭക്തിയു [മു] ണ്ടാകേണം
പ്രസന്ന ഭാവം നല്ല സൌജന്യാദികൾവേണം.
അനുജീവിയായഹംഭാവവും കളയേണം
നാനാഭാഷയും നാനാലിപിയുമറിയേണം.
ഉത്തമന്മാരായുള്ള സത്തുക്കൾ, കൊണ്ടാടുന്ന
കീർത്തിസമ്പാദിക്കേണം പാർത്ഥിവനായിക്കൊണ്ടു്.
രാജാവിന്നിഹ നല്ല ഗുണങ്ങളില്ലായ്കിലും
ധീമാനാകിയ രാജമന്ത്രിതാൻ മറച്ചഥ
സൽഗുണമാരോപിച്ചിട്ടെപ്പൊഴുമിരിക്കേണം
അക്ഷരംപോലുമറിയുന്നതില്ലെന്നാകിലും
ശാസ്ത്രജ്ഞൻ രാജാവെന്നു വാർത്തകൾ നടത്തേണം.
രാജധാനിയിൽ ചെന്നു രാജാവും താനുമായി-
ട്ടേകാന്തെ വസിക്കുമ്പോൾ പൃഥ്വീശനുണ്ടായുള്ള
ദുർഗ്ഗുണം കളവാനായ് ശിക്ഷിച്ചുപറഞ്ഞീടാം
മന്ത്രിയും രാജാവുമങ്ങെന്നിയെ പരമൊരു
മർത്ത്യനുണ്ടെന്നാകിലും ചൊല്ലരുതൊരിക്കലും
അത്രയല്ലെടോ കേളീ ശുകങ്ങളുണ്ടാകിലും
ആപ്തനാകുന്ന മന്ത്രി ചൊല്ലരുതൊരിക്കലും
ദോഷങ്ങൾ രാജാവിന്നായാരോപിച്ചീടുന്നോരെ
ദൂരവെയകറേറണം കാരിയക്കാരെന്നെന്നാൽ



* ധ്വജിനീപതി തന്റെ ഗുണങ്ങളിനിചൊല്ലാം
മന്ത്രികളോടും നല്ല ബന്ധുതയുണ്ടാകേണം
ദണ്ഡനീതിയെ പ്രയോഗിക്കേണം ദണ്ഡ്യന്മാരിൽ
ധൈര്യവും വേണം ശ്രേഷ്ഠ ഗുണവും പ്രഭാവവും
ഭൃത്യപോഷണം വേണം പ്രത്യഹം ക്ഷിതിപതെ.
വീരരെയുണ്ടാക്കേണം ഭീരുവെ ത്യജിക്കേണം
ശൂരനായുള്ള സേനാപതിയായിരിക്കേണം.
മാരമാൽ പൂണ്ടു ചില നാരിമാരോടുചേർന്നു
ഭാരനായ്‌വലയാതെ വീരനായിരിക്കേണം.
അത്രയുമല്ല നല്ല ഭാവ്യകനാകവേണം
വ്യാധികൂടാതെ നല്ല വീരനായിരിക്കേണം
സജ്ജനങ്ങളാൽ ശിരഃകമ്പനമുണ്ടാകുന്ന
നല്പരാക്രമിയായിട്ടെപ്പൊഴുമിരിക്കേണം.
ക്ഷുദ്രവ്യാപാരമരുതെത്രയെന്നിരിക്കിലും
കല്യാണപ്രദമായ നല്ലൊരു കർമ്മങ്ങളും
എല്ലാനേരവും ചെയ്തീടുന്നോനായിരിക്കേണം;
മന്ദമായുള്ള ഗതിയൊട്ടുമെയരുതല്ലോ
തന്ദ്രിയുമരുതെടൊ മൊഴികൾ സൂക്ഷിക്കേണം
സാധുക്കളുടെ നല്ല ഗുണങ്ങളറിയേണം.
ഹസ്തികളിലുമേററം ശിക്ഷകളുണ്ടാകേണം.
യുദ്ധകോലാഹലത്തിൽ വൃത്താന്തമറിയേണം.
കാട്ടിലുമിരുട്ടിലും സർവ്വദാ നടപ്പാനായ്
സാമർത്ഥ്യമുണ്ടാകേണം ശകുനമറിയേണം
ദിക്കുകൾ വഴികളെന്നൊക്കവെയറിയേണം
ദാഹവും വിശപ്പിനാൽ ക്ലേശവും സഹിക്കേണം.
പട്ടിണികൊണ്ടു് പടക്കൂട്ടങ്ങൾ തളരുമ്പോൾ
വാക്കുകൾകൊണ്ടു പറഞ്ഞാശ്വസിപ്പിച്ചീടേണം.
വട്ടമായ് പടതോററു കൂട്ടമായോടുന്നേരം
വാക്കുകൾകൊണ്ടു ഭയമൊക്കയും കളഞ്ഞുടൻ
ആർത്തുടനഗ്രെനടന്നൊട്ടുമെയറിയാതെ
പോർക്കളം തന്നിൽപുക്കു ശത്രുവെ (ത്യജി)[ജയി]ക്കേണം.
അത്രയല്ലെടൊ രണെ ചത്തുപോയെന്നാകിലൊ

* സേനാപതി.

സൂൎയ്യമണ്ഡലത്തേയും ഭേദിപ്പിച്ചതിലൂടെ
വീ (ര്യ) [ര] സ്വൎഗ്ഗത്തിൽ ഗമിച്ചീടാമെന്നതുനൂനം.
അഭ്യസിച്ചുറക്കേണമായുധ വിദ്യയെല്ലാം
ഖഡ്ഗയുദ്ധത്തിലതിലേററവുമുറക്കേണം.
മൎമ്മചൎമ്മങ്ങളിലും കുശലനായിടേണം.
വ്യൂഹങ്ങൾ ചമപ്പാനായ് സാമൎത്ഥ്യമുണ്ടാകേണം.
പരസൈന്യങ്ങളോടു പൊരുതീടുവാൻ പല-
തരമായുപായങ്ങൾ പെരികെയുണ്ടാക്കേണം.
എന്തെടൊ പരാഭവത്തിങ്കലും സേനാപതി
കുശബുദ്ധിയെ കളഞ്ഞിട്ടടനക്കേണം.
വൈരികളുടെ പടക്കൂട്ടത്തിലനുദിനം
ദൂതരെയയച്ചോരോ വ്യാപാരമറിയേണം.
വാഹനങ്ങളിൽ കൃതശ്രമനായിരിക്കേണം.
ഇത്തരം ഗുണങ്ങൾ സേനാപതിക്കുണ്ടാകേണം.
മിത്രങ്ങളുടെ ഗുണം പ്രജ്ഞാവാനറിയേണം.
കേൾക്കെടൊ പിതൃപിതാമഹനായിരിക്കേണം
വിഖ്യാത പൌരുഷേണ എപ്പോഴുമിരിക്കേണം.
ക്ഷത്രിയ സഹായമായ് മിത്രവും തനിക്കൊരു
ശത്രു വന്നീടുന്നേരം നിത്യവാനാളാകേണം.
സത്യമുള്ളവൻവേണം മിത്രമെന്നിരിക്കിലൊ
സ്വല്പമായുള്ള കാൎയ്യം കൊണ്ടുടൻ പിണങ്ങുകിൽ
ശത്രുപക്ഷത്തെക്കരുതീടാതെ മിത്രംവേണം
ദക്ഷഭാവവും വേണം വിശ്വസ്തനായിടേണം.
ധൎമ്മമുള്ളവർവേണം പിന്നെയും പരലോകെ
ഭീരുവായിരിക്കേണം ത്യാഗിയാകയും വേണം
ആയതിക്ഷമനായും അനുരാഗവും നേരും
സ്ഥിരഭാവവും നല്ല നിലയുമുണ്ടാകേണം.
സമസ്ത വിശേഷങ്ങളറിവും ഗുണങ്ങളും
അപദ്രി (?) യെന്നും നന്നായ് ജീവിതം പോവോളവും
പാടുപെട്ടീടുന്നവൻ പ്രാണബന്ധുവെന്നറി.
നാനായുദ്ധത്തിൽ വിശാരദനായിരിക്കണം
നാനായോദ്ധാക്കളോടും കൂടിയ മിത്രംവേണം
ഭൂപതെ രണെ പരിശ്രമനായിരിക്കണം



ശൌൎയ്യവും മനസ്സിന്റെ ധൈൎയ്യവുമുണ്ടാകേണം.
ഭേദിച്ചീടുവാനായി കേവലം പറയുമ്പോൾ
ചേതസ്സങ്ങിളകാതെ ധീരനായിരിക്കണം
പലരും പലവിധം പറയുന്നതുകേട്ടാൽ
ഇളക്കം മനസ്സിന്നു വരാതെ ഇരിക്കണം.
ഇത്തരം ഗുണമെന്നു ബുദ്ധിമാനറിയേണം.
ഭൃത്യന്മാരുടെ ഗുണം കേട്ടുകൊൾകയിനി.
രാജാവിന്നിഹ നല്ല സൽഗുണമാരോപങ്ങൾ
വ്യാജമെന്നിയെ സദാ ചെയ്തുചെയ്തിരിക്കണം.
തന്നുടെ കുലവിദ്യയുണ്ടായിട്ടിരിക്കേണം.
ദൃഢഭാവവും ബലമുറപ്പുമാരോഗ്യവും
അല്പസന്തുഷ്ടനായും ശില്പവും വേണംപിന്നെ
വിക്രമംവേണം മനോധൈൎയ്യവും ഗുണങ്ങളും
ദക്ഷഭാവവുംവേണം ഭൃത്യനെന്നിരിക്കിലും.
ഭദ്രനാകയും നല്ലൊരുത്സാഹ ഗുണങ്ങളും
ക്ഷാന്തിയും വേണംസദാ സന്തോഷഭാവംപിന്നെ-
ക്ലേശങ്ങൾ സഹിപ്പാനാളായിട്ടങ്ങിരിക്കേണം
ജാതിധൎമ്മങ്ങൾ സദാ ചെയ്തുചെയ്തിരിക്കേണം.
ഹീനന്മാരോടുള്ളൊരു സംസൎഗ്ഗം ത്യജിക്കേണം
പൈശൂന്യം പാപകൃത്യമെന്നിവ കളയേണം.
മത്സരമരുതെടൊ ഭൃത്യരാം ജനങ്ങൾക്കു
നീതിമാനറിയേണം ദൂതന്മാരുടെ ഗുണം.
ഇംഗിതാകാരങ്ങളും ചേഷ്ടയുമറിയേണം.
നിഷ്ഠുരത്വവും നിഖിലാവസ്ഥയുമറിയേണം
സ്വാമിഭക്തിയുമോരോ പുരുഷഗുണങ്ങളും
ദേശകാലാവസ്ഥയും ദൈവത്തിൻ വിലാസവും,
ഭൂപതെ ജിതഭയ (?) നാകയും വേണം സദാ.
മൎയ്യാദകൂടാതെ തേടീടിന ഗുണങ്ങളെ
ആൎയ്യന്മാരോടു മരുവീടിന ദൂതന്മാരും
നാരിമാരുടെ മനം വഞ്ചിക്കും വഞ്ചീപതേ
നാരിമാരുടെ ധൎമ്മം സാദരം പറയുന്നു.
ദാരിദ്ര്യവാനായുള്ള ഭൎത്താവെന്നിരിക്കിലും
ക്രോധിയായിരിക്കിലും രൌദ്രനെന്നിരിക്കിലും
ബാധകനെന്നാകിലും സാധകനെന്നാകിലും.

മൂഢനായിരിക്കിലും മൂർഖനായിരിക്കിലും
ദൃഢകുത്സിതനായി ഗംഭീരനെന്നാകിലും
ജ്ഞാനിയായിരിക്കിലും ജളനായിരിക്കിലും
രോഗിയെന്നിരിക്കിലും കാതരനെന്നാകിലും
ഭ്രാന്തനായുള്ളവനും ബധിരനെന്നാകിലും
വിടനെങ്കിലും പിന്നെ കിതവാനെന്നാകിലും
ലംപടനെന്നാകിലും ദീനനായിരിക്കിലും
ആതുരനെന്നാകിലും വൃദ്ധനെന്നിരിക്കിലും
താപത്രയങ്ങൾകൊണ്ടു ക്രുദ്ധനായിരിക്കുന്ന
ഭർത്താവെന്നിരിക്കിലും ഈശ്വരനെന്നുള്ളതു
ബുദ്ധിയിലുറക്കേണം . . . . . . .
സ്ത്രീകൾക്കൊരു നാളും സ്വതന്ത്രമരുതെടൊ
കാമക്രോധവുമഹംകാരവു മരുതെടൊ.
പൌരുഷം വേണമെന്നും ഭൂഷണധനധാന്യം
മോഹിച്ചു പലരേയു മിച്ഛിച്ചീടരുതൊട്ടും.
പ്രസ്ഥാനംകൊണ്ടു നല്ല സുന്ദരന്മാരായുള്ളോർ.
മന്ദഹാസങ്ങൾകൊണ്ടും വീക്ഷണങ്ങളെക്കൊണ്ടും
ഭാഷണങ്ങളെക്കൊണ്ടും മോഹിപ്പിച്ചീടുന്നേരം
ഒട്ടുമെ ഇളകാതെ ചിത്തത്തിലുറക്കേണം.
ഭർത്താവിന്നുപകരിച്ചീടുവാനായിക്കൊണ്ടു്
അർത്ഥലോഭവുംവേണം പത്നിമാരെന്നാകിലൊ.
ധർമ്മാർത്ഥമായിട്ടുള്ള ദ്രവ്യത്തിലുള്ളലോഭം
കാട്ടരുതൊരിക്കലുമൊട്ടുമെന്നറിയേണം.
ഗീതവാദ്യങ്ങൾകൊണ്ടും നൃത്തങ്ങൾകൊണ്ടും നല്ല
യൌവനംകൊണ്ടും നന്നായു് തനിക്കു സമാനനാം.
മാന്യനെ കാണുന്നേരം ചിന്തയിലിളകാതെ
സന്തതമുറക്കേണം ബന്ധുരാംഗിയെങ്കിലും.
പ്രിയഭാഷിതംവേണം അനുകൂലിയാകേണം
കാമകാര്യത്തിന്നെല്ലാം പ്രാബല്യമുണ്ടാകേണം.
ഭർത്താവിന്നിഷ്ടന്മാരായുള്ളവരെല്ലാരെയും
സൽക്കരിച്ചിട്ടു നല്ല ഭക്തങ്ങൾ കൊടുക്കേണം
അതിഥികളുമഭ്യാഗതനും സന്ന്യാസിയും
വരുന്നോരുടെ സാരഭക്ഷ്യങ്ങളറിഞ്ഞഥ
സ്വാമോദം സമ്മാനിച്ചു സന്തതമിരിക്കേണം



അന്ന്യാലാപവു മസന്തോഷവുമരുതെടൊ
അന്ന്യരെ സ്തുതിക്കയുമരുതെന്നറിഞ്ഞാലും
അതിരാഗവു മതിരോഷവും കുറക്കേണം
ഭർത്താവിനുടെ നല്ലോരുച്ഛിഷ്ടം ഭുജിക്കേണം
കർമ്മണാപതിക്കൊരു വഞ്ചനം ചെയ്യായ്കയും
ഭർത്താവിന്നിടത്തേവം ഭക്തിയും വിനയവും
ഭീതിയും വണക്കവും പ്രേമവും സന്തോഷവും
സാദരമുണ്ടാകേണം വ്യാജമെന്നിയെ സദാ.
ഭർത്താവിനുടെ ഗുണമെപ്പോഴും പ്രശംസിച്ചു
വിശ്വാസത്തോടുകൂടീട്ടുത്തമ പതിവ്രത-
ഭർത്താവോടൊരിക്കലുമപ്രിയം പറയാതെ
ഭർത്തൃപോഷണംവേണം പ്രത്യഹം ക്ഷിതീശ്വര.
ഭർത്താവിന്നിഷ്ടമായോ രലങ്കാരങ്ങൾവേണം
ഗേഹാലങ്കാരത്തിങ്കൽ യുക്തയായിരിക്കേണം.
അപ്രിയം പറയാതെ ഭർത്താവോടൊരിക്കലും
മൽപ്രാണത്തെയായിട്ടും സർവ്വദാ വസിക്കണം (?)
സിദ്ധിയാകയും നല്ല ശുദ്ധിയാകയുംവേണം
അക്ഷിയായിരിക്കേണം ധർമ്മജായായീടേണം
ഭർത്തൃശുശ്രൂഷവേണം നിത്യവും ധരണീശ.
ഭർത്താവായതുമിനിക്കീശ്വരനെന്നപോലെ
ബുദ്ധിയിലുറക്കേണം ഭക്തിയോടനാരതം
ഭർത്താവിന്നിഹദുഃഖമുണ്ടാകെന്നിരിക്കിലൊ
തനിക്കു മതിലേററം ദുഃഖമുണ്ടായീടേണം
സന്തോഷമുണ്ടാകുമ്പോൾ തനിക്കുമതുപോലെ
ഭർത്താവു പിരിഞ്ഞിരുന്നീടുന്ന കാലമെങ്കിൽ
കേശകൃന്തനം നല്ല വസ്ത്രവുമലങ്കാരം
താംബൂലഭക്ഷ്യാദികൾ വർജ്ജിച്ചിട്ടിരിക്കേണം.
ഭർത്താവിന്നിഹ മററു പത്നിമാരുണ്ടെങ്കിലൊ
അപ്രിയം പറയരുതുത്തമ പതിവ്രത.
ഇത്തരം ഗുണങ്ങളോടൊത്തിഹ തരുണിമാർ
പ്രത്യഹമിരിക്കിലൊ മുക്തിയുംവരും നൂനം.
ധർമ്മാധർമ്മങ്ങളേവം കണ്ടുകൊണ്ടറിഞ്ഞിട്ടു.
നിർമ്മലന്മാരായുള്ളോരനഘം നടക്കേണം.
ഇത്തരമറിയാതെ മർത്ത്യരാമിഹലോകെ

ദുഷ്ടതചെയ്യുവൎക്കു ദുൎഗ്ഗതിവരും നൂനം
ബ്രഹ്മഹന്താവും സ്വാമിദ്രോ (ഹനം) [ഹിയും] കൃതഘ്നനും
സ്വൎണ്ണസ്തേയനുംപിന്നെ ധൎമ്മമില്ലാതവനും
കന്മഷംവരുത്തുന്ന ദുൎമ്മതികളും പിന്നെ
വന്മദത്തോടു ബലഗൎവ്വിതന്മാരായിഹ
നിൎമ്മലജനങ്ങളെ ദണ്ഡിപ്പിച്ചീടുന്നോനും
മാതൃഘാതനും നല്ല കൎമ്മങ്ങൾ ചെയ്യാത്തോനും
ഗോഘ്നനുമഗ്നിദനും കുലഘ്നന്മാരും പിന്നെ
മദ്യപാനവുംചെയ്തു മത്തരായ് നടന്നോരും
സത്യലംഘനംചെയ്യും ദുഷ്ടരാം ജനങ്ങളും
ശ്രോത്രിയന്മാരോടൎത്ഥം പറിക്കും ജനങ്ങളും
ഭസ്മരുദ്രാക്ഷം ധരിച്ചീടിന ജനങ്ങളെ
ധിക്കരിച്ചീടുന്നോരോ ദുഷ്ടരാം ജനങ്ങളും
പത്മനാഭന്റെ പാദയുഗളം കരുതാതെ.
പ്രത്യഹം നടക്കുന്ന മൎത്ത്യരുമിഹപിന്നെ
വിപ്രസ്വം ഹരിക്കുന്ന ദുഷ്പ്രജന്മാരുമഹോ
ശാസ്ത്രവേദങ്ങ (ളേയും) [ളിലും] ഭക്തിയില്ലാതവരും
ഗുരുദാരങ്ങളോടു സുഖിക്കും ജനങ്ങളും
പരപീഡകൾചെയ്യും നരനും ഗരദനും
പാഷണ്ഡിമതത്തോടു കൂടിയ പരിഷയും
പാതകകൎമ്മം ചെയ്യും പാപികളായവരും
പാതകം മുടക്കുന്ന പാതകന്മാരും രണെ
ഭീരുവാം ജനങ്ങളും കൃപാഹീനന്മാരേയു
ഋണപാതകന്മാരായ് വളരും ജനങ്ങളും
ദരിദ്രന്മാരെ പരിഹസിക്കും ജനങ്ങളും
ക്രൂരകൎമ്മങ്ങൾചെയ്തു സൎവ്വദാ നടന്നോരും
വീരഹന്താവു മപകീൎത്തിയുമിവരെല്ലാം
പിതൃദ്രോഹികളായും ക്രൂരചിത്തന്മാരായും
പരുഷഭാഷണങ്ങൾ പറയും ജനങ്ങളും
കാമിച്ചു പരദാര ഗമനം ചെയ്യുവനും
മാതൃഹാമനി (?) കന്യാ ദൂഷണനെന്നാകിലും
വൃഷളീപതിതാനും ഭ്രൂണഹത്യചെയ്തോരും
ആചാരഹീനന്മാരായി നടക്കും ജനങ്ങളും
അഗ്നിസാക്ഷിയായുള്ള പത്നിയെത്യജിപ്പോരും



വിശ്വാസവഞ്ചനങ്ങൾ ചെയ്യുന്ന (വരു) [പരി] ഷയും
പരനിന്ദയും പരവഞ്ചനകളുമെല്ലാം.
പെരുതായ് ചെയ്യിടുന്ന നരന്മാരേയുംപിന്നെ
ദീനരെപ്പീഡിപ്പിച്ച മനുഷ്യരെന്നാകിലും
ദാനങ്ങൾ ചെയ്യീടാത്ത ലോഭികളെന്നാകിലും
വിത്തത്തിലാശകൊണ്ടു് വൃദ്ധനു കന്യാവിനെ
ദത്തം ചെയ്യീടുന്നോരും ദുഷ്ടരാം ജനങ്ങളും
ജലത്തിൽ മലമൂത്രം കളയും ജനങ്ങളും
പിശുനനായോരേയും വിടന്മാരേയും യമ-
ഭടന്മാർ കെട്ടിയുടനടിച്ചു മിഴച്ചഥ
തത്രകൊണ്ടുപോമെന്ന തൊട്ടുമെയറിയാതെ
മത്തരായ് വൃഥാ നല്ല യൌവ്വനം കളയുന്ന-
തിത്തരം കേൾക്ക എങ്കിൽ ബുദ്ധിയില്ലാത ചിലർ
പ്രത്യഹം നടക്കുന്നതെത്രയുണ്ടനവധി.
ദുഷ്ടരായുള്ള ജനമെത്രയുണ്ടോരോതരം
കഷ്ടമെ മദോന്മത്തന്മാരായി നടക്കുന്നു.
ദുഷ്ടന്മാരോടു സദാ സഖ്യതാമരുവിയും
ശിഷ്ടരെകാണുന്നേരം ശത്രുവെന്നതുപോലെ
ബുദ്ധിയിൽ തോന്നുന്നതു് ദുഷ്കൃതഫലമത്രെ.
യൌവനംകൊണ്ടു് ബലഗൎവ്വിതന്മാരായ് പാപ-
കൎമ്മങ്ങൾ ചെയ്യീടുന്ന പാപികളായ ജനം.
പരന്മാരേയും വഞ്ചിച്ചിരുന്നു വിവിധമായ്
വരുത്തും പണം പലതരത്തിലിഹകേചിൽ.
ശുദ്ധിയില്ലാത്തോരന്നം നിത്യവും ഭുജിക്കയും
വൃത്തികെട്ടസത്തുക്കളോടു ചേൎന്നിരിക്കയും
തത്വമാകുന്നതെന്തെന്നുൾത്തളിരറിയാതെ
മദ്യപാനവും ചെയ്തു മത്തരായിഹകേചിൽ
അജ്ഞാനസമുദ്രത്തിൽ മുഴുകീട്ടനന്തരം
പ്രജ്ഞയുമറിയാതെ മത്തരായവനിൽ
ഗൎവ്വംകൊണ്ടതിമദാന്ധന്മാരായതുമൂലം
സൽക്കൎമ്മങ്ങളെ ത്യജിച്ചിട്ടങ്ങനാരതം
മുഗ്ദ്ധാക്ഷിജനങ്ങളാം വേശ്യമാരിലുംപിന്നെ
സക്തികൊണ്ടതുമൂലമിത്തരം ബഹുവിധം
വൃത്തിയുംകെട്ടു് സന്ധ്യയൊക്കെയും ത്യജിച്ചഹോ

നിത്യകർമ്മാനുഷ്ഠാനം വൈകരുതെന്നും ചൊല്ലും
മിത്രരെകണ്ടാലൊരു ശത്രുവെന്നതുപോലെ
അത്രയെല്ലെടൊ വിദ്വാനെന്നൊരുഞെളിവോടും
വേശ്യമാർ ഭവനത്തിൽ ചേച്ചയുമുണ്ടായ്‌വരും
വിപ്രരെ നിന്ദിക്കലും ഭൃത്യരെന്നതുപോലെ
മെത്തമേൽ വിരിക്കയും കുപ്പകളടിക്കയും
ഭിത്തികൾ ചമെക്കയും കെട്ടുകൾ ചുമക്കയും
അത്രയല്ലതിലാപത്തെത്രയുണ്ടിഹലോകെ ;
ജാരനായോരോ നാരിമാരുടെ ഭവനത്തിൽ
ചാരത്തു ചെല്ലുന്നേരം വീരരാം പുരുഷന്മാർ
ക്രുദ്ധന്മാരായിട്ടപ്പോൾ മർട്ടിക്കും മടിയാതെ
നിർഭയന്മാരാമവർ കെട്ടിയിട്ടടിക്കുമ്പോൾ
എത്ര വീരനെങ്കിലും ജളനായ് ചമഞ്ഞീടും.
കട്ടഭോഗാർത്ഥമായി കൊണ്ടന്നുകൊടുക്കുമ്പോൾ
പെട്ടെന്നങ്ങറികിലൊ ധൃഷ്ടിയും കളഞ്ഞിടും
കാമബാണങ്ങളേറ്റു കാമിനീജനങ്ങളെ
കാൽപിടിച്ചിഹകാലം വ്യർത്ഥമായ് കളഞ്ഞീടും
ഒന്നിലുമുറപ്പില്ല ചെന്നാലും മതിയല്ലാ
സുന്ദരി എന്നാകിലും മിന്നവളെന്നുമില്ല.
പന്നഗശയനന്റെ മായകൾ കണ്ടായോ നീ
മന്നവ വിരോധിച്ചാലില്ലൊരു നാണംപോലും
കല്യാണാലയനായ മല്ലാരി തന്നിലൊട്ടും
ചെല്ലാതെ പോകുംമനം വല്ലാതെ ചിലർക്കെല്ലാം.
ഏണനേർ മിഴിയെന്നും വീണാപാണികളെന്നും
ഗണികാജനങ്ങളോടിണങ്ങി നിരന്തരം.
എണ്ണയൊത്തുടനരക്ഷണവും പിരിയാതെ
മണമുള്ളൊരു പുഷ്പമറുത്തങ്ങവർക്കായി
ഗുണമേറിന ഭൂമിക്കണയാഴികളെല്ലാം
നാണമെന്നിയെ വിറ്റു പണ്ടങ്ങൾ കെട്ടുകയും
(ധ) [പ] ണിയേറിന നല്ല ഭവനം ചമച്ചഹോ
ഗണിക ജനങ്ങൾക്കു കൊടുത്തുകളകയും
വിത്തങ്ങൾ കൊടുത്താലും ചെറ്റുണ്ടോ കൃപാലേശം
ധിക്കരിച്ചീടിനാലും നിന്ദിച്ചു പറഞ്ഞാലും



ഭൃത്യരായിളിച്ചുകൊണ്ടൊട്ടുമെ മടിയാതെ
ശുനിതൻ കടിയേറ്റു പിന്നാലെയോടുന്നോരു
ശ്വാവിനെപ്പോലെ ചിലർ ചേതസി ധരിക്കെടൊ.
ഗർദ്ദഭീ പാദഹത ഗർദ്ദഭഗണങ്ങളും
സദൃശമിവെന്നെന്നു ചൊല്ലുവാൻ മടിക്കേണ്ട.
രണ്ടുകാലിവർക്കെന്ന ഭേദമുണ്ടെന്നെയുള്ളു.
അഗ്നിസാക്ഷിയായുള്ള പത്നിയെ ത്യജിച്ചോരോ
ദുഷ്കൃതം വളർത്തീടും വിപ്രരെങ്കിലും ചിലർ.
ഭോക്ഷനെ പുറത്താക്കി ജാരനെ ഗമിച്ചാലും
സ്നേഹമില്ലെന്നുള്ളതിൽ തോന്നുകയില്ലയൊട്ടും ;
എട്ടുപേരുണ്ടവൾക്കങ്ങിഷ്ടരായിരിക്കിലും
കെട്ടില്ല പടിപ്പുര കിട്ടിയാൽ മതിയെന്നും
അഗ്നിസാക്ഷിയായുള്ള പത്നിയെ കാണുന്നേരം
ശത്രുവെന്നതുപോലെ ക്രുദ്ധിച്ചു പലതരം
ശിക്ഷിച്ചു പറകയും വക്ഷസി ചവിട്ടിയും
ദുഷ്കൃതമുണ്ടാകുവാനിത്തരം തോന്നുന്നതും
ഭൂസുരവരന്മാരായ് ഭൂമിയിൽ ജനിച്ചോരോ
പാപങ്ങൾ ചെയ്തു ചിലർ പോയീടും നരകത്തിൽ.
അത്രയല്ലിഹ ലോകെ ചെറ്റുമെ സുഖമില്ല.
കേൾക്കെടൊ നൃപവര സന്താപങ്ങൾ മുമ്പിനാൽ
ഉൾത്താപമുണ്ടായ്‌വരും ഇച്ഛയുള്ള നാളെല്ലാം.
അർത്ഥവും ക്ഷയിച്ചുപോം വിദ്യയും മറന്നുപോം
സത്യവും കളഞ്ഞീടും വൃത്തിയും കെടും നൂനം
പൂർവ്വജന്മങ്ങളതിൽ ചെയ്തുള്ള തപസ്സുകൾ
ഒക്കെയും നശിച്ചുപോം തൽക്ഷണം മനുവര.
ബന്ധുരാംഗിമാരായ ഗണികാജനങ്ങളെ
സന്തതം കാണാഞ്ഞിട്ടും സങ്കടം പിണഞ്ഞിട്ടും
ബന്ധുക്കൾ വെടിഞ്ഞീടും സന്തതി കുറഞ്ഞുപോം
എന്തതിൽപരം മാനഹാനിയുമുണ്ടായ്‌വരും.
പിന്നേയുമുണ്ടു് കുലഹീനതാ വരുന്നതാ
ശ്രാദ്ധാദി ഭുജിപ്പാനും സത്തുക്കൾ വരാ നൂനം.
ചീർത്ത പാപങ്ങൾകൊണ്ടു് ദീർഘരോഗിയായ്‌വരും
എത്രയും കഷ്ടം കുലടാംഗന കോപിച്ചീടും

സാദ്ധ്യമല്ലാതെ പോമ്പോൾ മൂർച്ഛയുമുണ്ടായ്‌വരും
ദീർഘശ്വാസവുമുണ്ടാം വേർത്തുപോമുടലെങ്ങും.
ധൂർത്തരായുള്ളോർ ചിലർ ചത്തുപോമിതുകൊണ്ടും.
ഇത്തരം വൃഥാ കാലക്ഷേപവും ചെയ്യാതെ
തത്വമൂർത്തിയെ ഭജിച്ചീടുക നിരന്തരം.
ശൂദ്രയോനിയിൽ പുത്ര[ന്മാ]രേയും ജനിപ്പിച്ചു
ദുർഗ്ഗതിക്കയക്കുന്നു നൽപിതൃക്കളെയെല്ലാം.
സന്ധ്യകളിലും പഞ്ചപർവ്വങ്ങൾ ദിവാവിലും
സംഗമുണ്ടായമൂലം കൊഞ്ചമല്ലാതെ പാപം
ഇത്തരം വിടന്മാർക്കും ദുഷ്ടരാം ശഠന്മാർക്കും
ഒട്ടുമെ കഴിവരാ സ്വർഗ്ഗമങ്ങൊരുനാളും.
രാജസേവക്കു ചെന്നു മോഹിച്ചു ചിലരഥ
പാരാതെ തിരുവുള്ളം കാംക്ഷിച്ചിട്ടനന്തരം
ചേരാതെ ചിലരെക്കൊണ്ടോരോന്നു പിഴചൊല്ലി
ക്രൂരകർമ്മങ്ങളിവരോടു ചെയ്യിച്ചും സദാ.
വ്യാജങ്ങൾകൊണ്ട് പരപീഡകൾ ചെയ്യിക്കുന്ന
സേവകവൃത്തി പരലോകഹാനിയെന്നറി.
സാധുവാം ജനങ്ങടെ ദോഷങ്ങളറിയിച്ചു
ബോധമെന്നിയെ പണം താനുടെ പറിക്കയും
വിപ്രസ്വം ഹരിപ്പിക്കും ദുഷ്പ്രജന്മാരും സദാ
ഭൂസുരവരന്മാരിൽ ദോഷരായുള്ള ജനം
ഊരുജവൃത്തികൊണ്ടു കേചന നടക്കുന്നു
പട്ടുകൾ പുടവകൾ കച്ചകൾ വിവിധമാം
ചിത്രമായുള്ള വിതാനത്തരം മേലാപ്പുകൾ.
മൌക്തികം വൈഡൂര്യവും പത്മരാഗവും പല
വജ്രവും ഗോമേദകം പുഷ്യരാഗങ്ങൾ നല്ലൊ-
രിന്ദ്രനീലങ്ങൾ ചുവപ്പേറിന പ്രവാളവും
ഇത്തരംകൊണ്ടു ക്രയവിക്രയമന്യായത്താൽ
ആത്മീയമായീടുന്ന വൃത്തിയെ വെടിഞ്ഞിഹ
നിത്യവും നടക്കുന്നു വിപ്രരെങ്കിലും ചിലർ.
വിത്തത്തിലുള്ളോരാശ പറ്റുക നിമിത്തമായ്
ബുദ്ധിയിലറിയാതെ പ്രത്യഹം ചിലരെല്ലാം



വേദവിത്തുക്കളായ ഭൂസുരന്മാരെങ്കിലും
പാദവിദ്യകൾചെയ്തു കേചന നടക്കുന്നു.
ജന്തുഹിംസകൾ ചെയ്തിട്ടൌഷധം നിർമ്മിക്കിലൊ
സ്വർണ്ണമുണ്ടാക്കാമെന്ന് പാപികൾ പറയുമ്പോൾ
ജന്തുഹിംസകൾ ചെയ്തു സന്തതം നടന്നീടും
എന്തതിൻ ഫലം നൃണാമില്ലെന്നു ധരിക്കേണം
വൃക്ഷങ്ങൾ മൂലമെ കൊണ്ടന്നു കരിയാക്കി
ചെമ്പുശോധന ചെയ്തിട്ടനവഹം സ്ഫുടംവെച്ചു
സ്വർണ്ണമായ്‌വരാ വെണ്ണീറായാലും മനസ്സിന്ന്
നിർണ്ണയം വരാ നേരില്ലെന്നുമങ്ങറിവില്ല.
അമ്മയെ കൊന്നാൽ ഉണ്ടാം പൊന്നെന്നു പറയിലും
നിർണ്ണയം ചെയ്തീടുവാനെന്നുമെ മടിവരാ.
അർത്ഥങ്ങൾ കളകയുമിത്തരത്തിനു ഫലം
മറ്റൊന്നില്ലറിക നീ.
അഞ്ജനം നോക്കി കുഴിച്ചങ്ങനെ നടക്കയും
ഖിന്നരായ് നടന്നിട്ടു പിന്നെയുമറിയാതെ
പൊന്നുകാത്തിരിക്കുന്ന ഭൂതങ്ങളുണ്ടെന്നൊ [രോ]
രജ്ഞാനം നിരൂപിച്ചു ജന്തുഹിംസകൾ ചെയ്യും
കപ്പൽ വെപ്പിച്ചും ചിലരെത്രയുണ്ടനവധി
സച്ചിദാനന്ദരൂപം ചെറ്റുമെ കരുതാതെ
മിഥ്യാവാദികളായിട്ടസത്യങ്ങളും ചൊല്ലി-
ട്ടർത്ഥികളോടുചേർന്നിട്ടർത്ഥങ്ങൾ പറിക്കയും
അർത്ഥമല്ലതുപിന്നെയനർത്ഥമത്രെ പാർത്താൽ
എത്രയുണ്ടെന്നാകിലും തൃപ്തിയും വരാ ധനം,
പത്തുകിട്ടുകിൽ ശതം കിട്ടിയാൽ മതിയെന്നും
നൂറു കിട്ടുകിലിനിക്കായിരം മതിയെന്നും
ആയിരം കിട്ടുന്നപ്പോളയുതം വേണമെന്നും
അയുതംതൊട്ടു ലക്ഷം ലക്ഷത്താൽ പ്രയുതവും
പ്രയുതംതൊട്ട് കോടിയർബ്ബുദോപരിചിന്താ
ആശയാ ബന്ധിപ്പിക്കും തൂണഭോജ്യങ്ങൾപോലെ
കൃഷ്ണമായുള്ള വസ്ത്രം നിത്യവുമുടുത്തിട്ടു
നൽകൃഷിചെയ്തു പീഡിച്ചീടുവോരിഹകേചിൽ,

കാളയെ കയറിട്ടും ചാണകം ചുമന്നിട്ടും
വിത്തുകളെറിഞ്ഞിട്ടും കട്ടകളുടച്ചിട്ടും
ചണ്ഡാലന്മാരെ ചെന്നു ദണ്ഡിച്ചുമവരോടു
സന്തതം സംഭാഷണം ചെയ്കയും പലതരം.
ഉഷ്ണമാകുന്ന വെയിൽ കാറ്റോടു മഴകളും
ചെറ്റുമെ കളയാതെ പീഡിച്ചുമനവധി
നിത്യവും പുരാതനം ഭക്ഷിച്ചും ത്രിസന്ധ്യകൾ
മുട്ടിയും പരരോടും ക്രുദ്ധിച്ചുമനുദിനം.
ഇത്തരം പീഡിച്ചിട്ടു കിട്ടിയ ധനധാന്യം
ചെറ്റുമെ കൊടാ നല്ല സത്തുക്കൾ വരികിലും
ലുബ്ധന്മാരായിട്ടഹോ ചത്തുപോകുന്നു ചിലർ.
ദുർഗ്ഗതിയടഞ്ഞീടും ബുദ്ധിയിലറിയാതെ.
ഇത്തരം ബഹുവിധമാൎജ്ജിച്ചു ധനങ്ങളും
നിൽക്കയില്ലിഹ ലോകത്തിങ്കലുണ്ടാപത്തുകൾ.
ചിത്തബാഹുല്യമുണ്ടാം സന്തതമോരോതരം
അൎത്ഥമാൎജ്ജിച്ചീടുവാൻ ദുഃഖമെന്നിയെയുണ്ടോ ?
രക്ഷിപ്പാനതിലാപത്തെത്രയുണ്ടനവധി
തസ്കരന്മാരെക്കൊണ്ടും രാജോപദ്രവംകൊണ്ടും
അഗ്നിഭീതികൾകൊണ്ടും കാമുകന്മാരെക്കൊണ്ടും
അൎത്ഥങ്ങൾ നശിക്കുമ്പോൾ ദുഃഖിതന്മാരായപ്പോളം
തന്നുടെ കൎമ്മവശം വന്നതെന്നറക്കയാതെ
മോഹിക്കും വിയൎത്തീടും ദാഹവുമുണ്ടായ്വരും
രോദിക്കും ദീൎഘശ്വാസം പെരുത്തുമുണ്ടാകും നൂനം.
അത്രയല്ലിതുമൂലമാൎത്തനായ് വശംകെട്ടു
ചത്തീടും ചിലരുടനൎത്ഥാപമുണ്ടാകയാൽ.
ഇത്തരം വൃഥാ നല്ല യൌവ്വനം കളയാതെ
ഭക്തവത്സലൻതന്നെ സത്തുകൾ ഭജിക്കേണം.
പൂൎവ്വജന്മത്തിൽചെയ്ത പുണ്യശ്രേഷ്ഠങ്ങൾകൊണ്ടു
ഭൂപതിയായിവന്നു ഭൂമിയിൽ ജനിച്ചാലും
പൃഥ്വീപാലകന്മാരുമിത്തരം ബഹുവിധ
മൎത്ഥവും രാജ്യങ്ങളും കിട്ടിയാലനന്തരം
മത്തരായ് ചമഞ്ഞു പോമെത്രയെന്നിരിക്കിലും



അൎത്ഥത്തിലൊരിക്കലും തൃപ്തിയും വരാതെ പോം.
ഒട്ടുമെ പിഴയാതെ ശിഷ്ടരെന്നിരിക്കിലും
കിട്ടേണം പണമെന്നു കെട്ടിയിട്ടടിക്കയും
കെട്ടിയ ഭവനങ്ങൾ ഇടിച്ചു കവൎന്നു തൻ
പെട്ടികൾ നിറക്കയും പട്ടിണി കിടത്തിയും
വിപ്രന്മാർ വരുന്നാകിൽ വിഷ്ടരംകൊടുക്കാതെ
പട്ടുമെത്തമേൽ ഞെളിഞ്ഞിട്ടുടനിരിക്കയും
മിത്രരെ വധിച്ചിട്ടും വിത്തമേ വേണ്ടുവെന്നും
വിപ്രസ്വം ഹരിപ്പാനും ചെറ്റുമെ മടിവരാ.
ധൎമ്മവുമധൎമ്മവുമിന്നതെന്നറിയാതെ
വന്മദമോടു ബലഗൎവ്വിതന്മാരായ് വൃഥാ-
കന്മഷംവളൎത്തുന്നു പിന്നെയും ബഹുവിധം.
ധനധാന്യങ്ങൾകൊണ്ടും കന്യകമാരെക്കൊണ്ടും
ഘനമാം പിശകുകൾ വളരെയുണ്ടാകുമ്പോൾ
പ്രജകൾവരും നല്ല പൃഥിവീപതി മുമ്പിൽ
പരമാൎത്ഥങ്ങൾ തിരിച്ചിടുവാനതുനേരം
* പരിദാനങ്ങൾകൊണ്ടു നേരൊന്നും തിരിക്കാതെ
പക്ഷത്തെ പറഞ്ഞതി ദുഷ്കൃതംവളൎത്തുന്നു.
ആപത്തുവരുന്നതും ചേതസിയറിയാതെ
ദേവസ്വം ഹരിക്കുന്നു ഭൃത്യനിരിക്കിലും.
മൂത്തവൻ മരിച്ചിട്ടു † മൂസ്സുകൊള്ളേണമെന്നും
മാത്രയില്ലാതമോഹം ചേൎത്തുഞാൻ പറവതൊ.
ദേവസ്വങ്ങളും വിപ്രസ്വങ്ങളും ബലാലപ-
ഹരിച്ചുമടക്കിയും ദുരിതം വളൎത്തുന്നു.
(ടെ) [ഛേ] വകോപങ്ങൾകൊണ്ടു വ്യാധികൾ വരുന്നേരം
ദുൎമ്മതികളായുള്ള കണിശന്മാരെക്കൊണ്ടു,
പ്രശ്നംവെച്ചവരുടെ മിഥ്യാവാക്കുകൾ കേട്ടു
സത്യമെന്നോൎത്തു പരപീഡകൾ ചെയ്തീടുന്നു
അല്പമാം രാജ്യങ്ങളാ കല്പമെന്നോൎത്തു വൃഥാ
ഉല്പത്തിയെന്നും നല്ല കല്പകവല്ലിയെന്നും
. . . . . . . . വിഭ്രമം പറവതൊ
അത്രയുമല്ല ചില ദുഷ്ടരാം രാജാക്കന്മാർ

---

* കയ്ക്കൂലിയെന്നായിരിക്കും അൎത്ഥം.
† മൂപ്പ് എന്നായിരിക്കും വിവക്ഷ.

പുത്തനായോരോച്ചുങ്കം കല്പിക്കും വിവിധമായ്.
പിടിച്ചു ബന്ധിപ്പിച്ചു മടിച്ചന്യായേന
ഇടിച്ചു ഭവനങ്ങൾ പൊടിച്ചും പലതരം.
നിർദ്ധനന്മാരായോരെ(ാ) നിഷ്ഠുരം വധിക്കയും
വിപ്രസ്വം ഹരിക്കയും വിപ്രരെ നിന്ദിക്കയും
നിഷ്ഠുരഭാഷണങ്ങൾ വിപ്രരോടുരക്കയും
വിപ്രരിൽ ഭയഭക്തി ചെററുമില്ലായ്കകൊണ്ടും
വിപ്രന്മാരോടു മതിക്രുദ്ധിച്ചു പറകയും
അൎത്ഥബന്ധങ്ങൾചെയ്തു വ്യൎത്ഥമായിഹലോകെ,
ദുസ്ഥിതിപിടിച്ചുടൻ ദുഷ്കൃതം വളൎത്തുന്നു.
സ്വൎണ്ണവും ധാന്യങ്ങളും നന്നായി നിറെച്ചാലും
അന്നദാനാദി ചെയ്വാനൊട്ടുമെ മനംവരാ.
ദീനരെ കണ്ടാലൊരു നേരവും കൃപാലേശം
പോലുമില്ലെടൊ ചില ഭൂപതികളെങ്കിലും.
നാണമില്ലാതെ ചില നാഥരില്ലാത ജനം
കേണുവീണിരന്നാലുമേതുമേ കൊടാനൂനം.
വിശ്വസിച്ചവർകളിൽ വിശ്വാസം വന്നുകൂടാ
ശിഷ്യനെങ്കിലും തന്റെ പുത്രനെന്നിരിക്കിലും
വിശ്വാസമില്ലാതെപോം ദുഷ്കൃതമേറുകയാൽ.
ലോകോപദ്രവം ചെയ്വാനേതുമേ മടിവരാ.
ലോകരെപ്പീഡിപ്പിച്ചാലെന്തെന്നു ചൊല്ലാമെങ്കിൽ ;
കഷ്ടമെ പ്രജകളെ ദുഃഖിപ്പിക്കുന്നോരഗ്നി
ഒക്കയും വളൎത്തഹോ പൃഥ്വീപാലകൻ തന്റെ
നൽക്കുലമൊരുപോലെയൊക്കയും ദഹിച്ചീട്ടും
രാജനീതികളൊന്നും പാരാതെ നടക്കുന്ന
രാജാവിന്നിഹ നല്ല ഘോരമാം നരകങ്ങൾ.
ഉൎവ്വിയിൽ ജനിച്ചോരോ മൎത്ത്യരുമിഹ പിന്നെ
ഗൎവ്വിതന്മാരായിട്ടു സൎവ്വദായിഹലോകെ,
ദുൎവ്യാപാരങ്ങളോരോന്നിത്തരം ചെയ്തുപിന്നെ
ചെററുനാൾ ചെല്ലുന്നേരം വൃദ്ധതാ ദശയിങ്കൽ
എത്ര സങ്കടമോൎത്താലുത്തരം പറവതൊ.
യൌവനമിവയെല്ലാമീവണ്ണം കഴിഞ്ഞുപോം
അത്യന്തമിഷ്ടനായ ജരയും വരുമപ്പോൾ.



ബാല്യയൌവനങ്ങളിലിഷ്ടമായുള്ള വസ്തു
ഭക്ഷിച്ചീടുന്ന പരിഭാവംകൊണ്ടുണ്ടാകുന്ന
ദുസ്സഹമായ രോഗം വൃദ്ധതാ ദശയിങ്കൽ.
വ്യാധിരൂപേണവന്നു ബാധിക്കും ദുരിതങ്ങൾ ;
വൃദ്ധനായതുകാലം ചിന്തിച്ചു വ്യഥയോടും
സ്വാദുവായുള്ള വസ്തു ഭക്ഷിപ്പാൻ വശമല്ല
വൈദ്യോക്ത പത്ഥ്യത്തിങ്കൽ വൎത്തിക്കഹേതുകൊണ്ടും.
മല്ലവാർകുഴലിയെ മെല്ലവെ പുണരുവാൻ
ശക്തിയില്ലതുകൊണ്ടു സാദ്ധ്യമായ്വരാനൂനം.
ചക്ഷുരാദികളുടെ പാടവംകുറഞ്ഞുപോം.
ഇത്തരം ശരീരത്തിൻ വസ്തുത നിരൂപിച്ചാൽ
ദുഷ്കൃതമിവയെല്ലാം ചെയ്വാനെന്തവകാശം.
ഇത്തരം വൃഥാ ചില നാളുകൾ കഴിയുമ്പോൾ
വൃദ്ധനായ്ചമഞ്ഞുപോമെത്രയെന്നിരിക്കിലും.
ശിഥിലമായിവരും സുപ്രതീകമെങ്കിലും.
ജരയും നരകളും പെരുതായ്വരും നൂനം.
സിരയും വരിയെല്ലും പെരികെ കാണായ്വരും
നിറവും കടുഞ്ഞോര വരളും ദിനന്തോറും.
നല്ലമാംസങ്ങൾ ശുഷ്കിച്ചെല്ലുകളെണ്ണായ്വരും
പല്ലുകളുതിൎന്നുപോം ചൊല്ലുകളുഴറീടും.
വില്ലിനെപ്പോലെ വളഞ്ഞല്ലയൊ ദേഹംകണ്ടാൽ
ചില്ലികളാദിയായി വെളുത്തു ചമഞ്ഞുപോം.
പിള്ളകളുടെ ബുദ്ധികൊള്ളുവോരറിയാതെ
കൎണ്ണവും നയനവും നിൎണ്ണയമില്ലാതെപോം.
വല്ലാതെ ചുമച്ചീടു മെല്ലാനേരവുഞ്ഞോറു-
ഞ്ഞെല്ലാതെകിടക്കും തന്നിലത്തുതന്നെ തദാ.
നല്ലാരിൽ മൌലികളാം കുലടാംഗനമാരി-
ലില്ലൊരുവരുമപ്പോളുള്ളിലെന്നറിയേണം.
വൃത്തിയുംകെട്ടു സദാ ധൂൎത്തരായനുദിനം
ധാത്രിയിൽനടന്നഹൊ വാൎദ്ധക്യം വരുന്നേരം
ശ്രോത്രവും തെളിഞ്ഞുള്ള നേത്രവും കെട്ടുവന്നി-
ട്ടാൎത്തനായ് വശംകെട്ടു വീൎത്തുവീണുഴലുമ്പോൾ,

രക്ഷിപ്പാൻപോലും കുലടാംഗനമാരുണ്ടാമൊ.
അഗ്നിസാക്ഷികളായ പതികളിതെന്നിയെ
മുററുംപററിവരുടെ ധനങ്ങളൊടുങ്ങിയാൽ
മററുളള നാരീജനം നോക്കുകയില്ലപിന്നെ.
അത്രയല്ലഹോ കഷ്ടം ശക്തിയും കെട്ടു സദാ
മെത്തയിൽ കിടന്നാലും ചെററുണ്ടോ നിദ്രപണ്ണം.
ചത്തുപോമെന്നുള്ളൊരു ബുദ്ധിയുംവരാ നൂനം.
വാർദ്ധക്യം വന്നാലുണ്ടോ ദുഷ്ടരാം ജനങ്ങൾക്കു
പക്വതവരാനൂനം ബുദ്ധിയിലൊരിക്കലും.
ഭക്ഷണങ്ങളിലോരോന്നിച്ഛകളുണ്ടായ്വരും
ഭക്ഷിച്ചാലൊന്നുമപ്പോൾ കുക്ഷിയിൽ ദഹിച്ചീടാ.
ബാലകന്മാരെപ്പോലെ ചാപല്യമുണ്ടായ്വരും
മലിനനായവനും പലിതനായാൽപിന്നെ
* ശമലംവരുത്തുന്നു പിന്നെയുമോരോതരം.
കുലടാംഗനമാരിൽ വലഞ്ഞു കിടക്കവെ
പലരുമയോഗ്യമെന്നിവരോടുരക്കുമ്പോൾ.
കലഹിച്ചവരോടു കാഠിന്യവാക്യംചൊല്ലി
നഷ്ടന്മാരല്ലോ നിങ്ങളെന്നതു നൂനമല്ലോ
നിങ്ങളുമെന്നെപ്പോലെ വലയാതിരിക്കേണം ;
ഇത്തരം പരുഷങ്ങൾ പറഞ്ഞും കലഹിച്ചും
കിടക്കുന്നിഹതല്ലെ വിടന്മാരായ ജനം.
മണ്ണിലും ഗേഹത്തിലും പെണ്ണിലും ദേഹത്തിലും
പൊന്നിലും മോഹമുണ്ടാം ദുർമ്മതികൾക്കുമപ്പോൾ ;
അന്നദാനാദിചെയ്വാനെന്നുമേ മനംവരാ
പന്നഗാഭരണനെ ചിന്തിപ്പാൻ കനിവരാ
പാന്ഥന്മാർ വരുന്നേരം താൻതന്നെ എഴുനീററു
ഭ്രാന്തനെന്നതുപോലെ കതകുമടച്ചീടും.
ഉച്ചക്കുവിശന്നുവന്നത്തമരായ ജനം
ഉൾപുക്കുവരുന്നാകിൽ സത്വരം കോപംപൂണ്ടു
നിഷ്ഠുരമായവാക്യം ക്രുദ്ധിച്ചുപറഞ്ഞീടും.
ദുഷ്ടരായുളള നിങ്ങൾ മൃഷ്ടാന്നം ഭുജിപ്പാനായ്
പുഷ്ടമോദേനവന്നതൊക്കയുമറിഞ്ഞു ഞാൻ ;
ഒട്ടുമേ ജലംപോലും കിട്ടുകയില്ലനൂനം.

* അശുചിയെന്നർത്ഥം.



ധാർഷ്ട്യംകൊണ്ടിങ്ങുവന്നു കെട്ടകംപുക്കീടുന്ന
വിപ്രരെ കളകെന്നു ക്രുദ്ധനായ് പറകയും
രൌദ്രമായീടുന്നോരു രൌരവാദികളിൽപോയ്
ആർത്തനായീടുന്നതു മോർക്കയില്ലൊരുവനും
തൊണ്ണൂറും പതിനെട്ടും ചെന്നുളള വയസ്സിലും
പൊന്നിലും പരവധൂസംഗമങ്ങളിലുമ്മ-
റെറാന്നിലും മനമേതും നിന്നുപോകയില്ലഹോ.
ദുരിതമുണ്ടാമെന്നും മരണമുണ്ടെന്നതും
കരുതീടാതെ ചിലർ . . . . .
പുരളീപതെ തെളിവോടിതു കേട്ടീടുക.
ധരണിയെന്നും തൻെറ ധരണീയെന്നും പിന്നെ
കരുണംകാണമെന്നും പരിതാപങ്ങൾപൂണ്ടു
കരുണാകരനേയും കരളിൽ കരുതാതെ
വ്യാധികൾ കളവാനായ് വൈദ്യരെ വരുത്തിയും
ഗേഹത്തെച്ചമപ്പാനും ദേഹപോഷണത്തിനും
മററിലൊന്നിലുംബുദ്ധി ചെററുമില്ലഹോ കഷ്ടം.
കൂടവെ കളിച്ചുടൻ വളർന്ന ജനങ്ങളും
പാടെപോയോരോരോഗം പിടിച്ചുമരിച്ചാലും
തൽക്ഷണംപോലുമുണ്ടു ബുദ്ധിയിലുറക്കുന്നു.
പത്മനാഭൻെറ പദയുഗളം കരുതാതെ
ദുർഗ്ഗതിയടയുന്നു ബുദ്ധിയില്ലാതെ ചിലർ.
ചത്തുപോമെന്നുള്ളൊരു ബുദ്ധിചെററുണ്ടാകിലും
ഇത്തരമത്രെ കഷ്ടം ദുഷ്ടർക്കു തോന്നീ ഞായം.
ഇഷ്ടയാമെൻെറ വരാ വനിതാ തനിക്കേതും
കഷ്ടം ഞാൻ കൊടുക്കാതെ ചത്തുപോമത്രെയെന്നും
ധരണിപതിയായീ ഞെളിയുന്നവർകളും
ജെരയും നരകളുമണഞ്ഞാലടങ്ങുമൊ.
പരപീഡകൾ ചെയ്തു ധനങ്ങൾ പറിക്കയും
ദുരിതമോരോതരം പെരികെ വളർത്തുന്നു.
പിടിച്ചു ദണ്ഡിപ്പിച്ചു മടിച്ചു മന്യായേന
മുടിച്ചും ധനങ്ങളെ പറിച്ചും പരസ്ത്രീയെ
പിടിച്ചും പുരുഷരെ വധിച്ചും വൃഥാകേചിൽ.

അത്രയല്ലവിടുന്നു പത്തു നാൾ ചെല്ലുന്നേരം
മെത്തയിന്നെഴുന്നേററു പത്തടി നടപ്പാനും.
എട്ടുപേരഹോ വേണം യഷ്ടിയും ധരിക്കേണം
വിസ്തരിച്ചേവം ചൊന്നാലിക്കഥയൊടുങ്ങീടാ.
ജന്മങ്ങളോരോന്നതിൽ ചെയ്യു പാപങ്ങളെല്ലാം
വ്യാധിരൂപേണ വന്നു ബാധിക്കും ദുരിതങ്ങൾ.
അർബ്ബുദം മഹോദരം കുഷ്ഠവും ഗ്രഹണിയും
പക്ഷപാതവും ചിലക്കക്ഷിരോഗവും പിന്നെ,
പിത്തപാണ്ഡുവും മൂലരോഗവും ഭഗന്ദരം
കുംഭകാമിലങ്ങളും ചന്ദ്രഗുല്മവും തഥാ ;
മുണ്ഡമാലയെന്നേവമെന്തു ഞാൻ പറവതൊ.
ഇത്തരമായതു നാല്പത്തിനാലായിരവും
കഷ്ടമന്നാന്നൂറുമന്നാല്പത്തുനാലുമുണ്ട-
ങ്ങോർക്കെടോ രോഗമേവം ചിത്തത്തിൽ ധരാപതെ.
ഇത്തരമായ രോഗമെത്തി മെത്തയിൽ കിട-
ന്നത്തലോടുടലുരുകിക്കിടന്നനന്തരം
തപ്തനായ്‌വരും നൂനം ബുദ്ധിയും കെട്ടുതദാ ;
വ്യാധികൾ വളരുമ്പോൾ ബോധവും കെടും പിന്നെ,
മൂത്രവും മലങ്ങളും ഗാത്രത്തിലെങ്ങും പുര-
ണ്ടാർത്തനായി വലഞ്ഞീടും പാർത്ഥിവശിരോമണെ.
മോഹവും തളർച്ചയും ദാഹവും വരുത്തവും
സ്വേദവും മെയ്യിലെങ്ങും ശോകവുമുണ്ടായ്‌വരും.
ഉഷ്ണവും വായുമുട്ടും തൽക്ഷണമെക്കിട്ടവും
നെഞ്ചിടെ കഫം വന്നു ബന്ധിച്ചിട്ടനന്തരം
ചിന്തയിലുഴലുന്നതെന്തു ഞാൻ പറവതും
മിണ്ടുവാനരുതാതെ കണ്ഠനായി വശംകെട്ടു
കമ്പമെന്നിയെ വീണിട്ടന്തികെ കിടക്കുമ്പോൾ
ബന്ധുവാം ജനങ്ങളാൽ എന്തുചെയ്യാവൂ തദാ.
നാവിൽ നീരൊഴുക്കിയും നാഡികൾ പിടിക്കയും
നാണമെന്നിയെ വീണു നാരിമാർ കരകയും
നേരെ ചൊല്ലുവാനുള്ള നാവുവീണുപോം തദാ.
ഹന്തകേൾ ഇതില്പരമുണ്ടെടോ നരാധിപ.



രണ്ടുകൂട്ടവുംകൂട കണ്ടീടാമതുനേരം
സങ്കടമതിൽപ്പരമെന്തിനി നിരൂപിച്ചാൽ.
ബന്ധുവാം ജനങ്ങൾ വീണന്തികെ കരഞ്ഞതും
അന്തകൻ തന്റെ നല്ല കിങ്കരരണഞ്ഞുടൻ
ദണ്ഡമായതി ഭീമം കണ്ടുള്ള ശോകങ്ങളും
രോമകൂപങ്ങളിലെ വേദന യതുനേരം
ഘോരമായ്‌വരുമെന്നു നീതിമാനറിയേണം,
രസനയെടുപ്പാനും വശമില്ലാതെ വീണു
വശംകെട്ടുഴലുന്ന വിവശം പറവതൊ.
നാസികയൂടെ ഇറങ്ങീടുന്ന വായുവെല്ലാം
പാടെ പോയിളകുമ്പോൾ വേദന സഹിപ്പതൊ.
ധർമ്മരാജന്റെ നല്ല കിങ്കരരതുനേരം
ദുർമ്മതികളെക്കൊണ്ടു പൊവാനായ്‌വരും നേരം,
ഉഗ്രമായുള്ള കോലമെത്രയും ഭയാനകം
വൃത്താകാരമായുള്ള വക്ത്രവുമതി ഭീമം ;
വക്രതംതടപ്പിന ദംഷ്ട്രങ്ങളതും നല്ല
വജ്രമെന്നതുപോലെ കൂർത്തുള്ള നഖങ്ങളും
ഊർദ്ധ്വകേശവും നല്ല രക്തമാം വസനവും
ഭ്രുകുടികളെക്കൊണ്ടു കുടിലമായിത്തദാ
ക്രുദ്ധനായി വരുന്നതു മെത്രയും ഭയങ്കരം.
ദുർജ്ജനങ്ങളെ സമവർത്തിതന്നുടെ ദൂത
രിത്തരം പ്രതിഭയം കുത്തിയും ദണ്ഡിപ്പിക്കും.
മുഷ്ടികളുരുട്ടിയും മുഷ്ടികൾ മുറുക്കിയും
കുത്തിയും ചവുട്ടിയും കെട്ടിയിട്ടിഴയ്ക്കയും
ദിക്കുകൾ നടുങ്ങും നല്ലട്ടഹാസങ്ങളെല്ലാം
ഒക്കവെ കേൾക്കാമിവനപ്പൊഴെന്നറിയേണം.
കഷ്ടമൊന്നറിയാതെ ദുഷ്ടതചെയ്യുതെല്ലാം
ധൃഷ്ടമായി പറകയും ക്രുദ്ധരായടിക്കയും
വദനം തുറക്കയു മധരം വിറയ്ക്കയും
രുധിരം കുടിക്കയും . . . . . .
മദമേറിയ യമദൂതർ വന്നതും കാണാം
അത്രെയുമല്ല തന്റെ പുത്രമിത്രന്മാരുടെ
ദുഃഖവും കാണാമപ്പോളെത്ര സങ്കടം സദാ.
കാലപാശംകൊണ്ടെമദൂതരും ബന്ധിച്ചീടും.

സ്നേഹപാശങ്ങൾകൊണ്ടു ബന്ധുവാം ജനങ്ങളും ;
വിസ്തൃതമായ ഭൂവിവാഴുവാനതു നേരം
ചിത്തത്തിലഭിലാഷമെത്രയുമുണ്ടാമപ്പോൾ.
അത്തൽവന്നെത്തുന്നോരു ദുഃഖത്താൽ പറെവതൊ
മാതുലന്മാരും വന്നു മാപാപമിതെന്നേവം
മാനമെന്നിയെ വീണു കേണത്തു കാണായ്‌വരും.
ശ്യാമമാരായീടുന്ന മാനിനീജനങ്ങളും
ദീനത പിണഞ്ഞുള്ള മോഹവും കാണായ്‌വരും
മക്കളും തന്റെ മരുമക്കളുമനുജന്മാർ
വിദ്യകൾ പഠിപ്പിച്ച സദ്ഗുരുഭ്രതന്മാരും
ജ്യേഷ്ഠരും തനിക്കു നല്ലിഷ്ടരാം ജനങ്ങളും
കഷ്ടമെരോദിക്കുന്നതൊക്കയും കാണായ്‌വരും.
അന്തകൻ തനിക്കുള്ള കിങ്കരന്മാരും ഭീമം
ദണ്ഡുമായണഞ്ഞതി സങ്കടമൊരു ഭാഗെ
ബാന്ധവന്മാരും നല്ല ബന്ധുരാംഗിമാർകളും
സങ്കടം പിണഞ്ഞതും ഹന്ത മറെറാരു ഭാഗെ
അന്ത്യകാലത്തുമേവം രണ്ടുകൂട്ടവും കൂടി
ട്ടെന്തഹോ കാണാകുമ്പോൾ സങ്കടം പറെവതൊ.
തന്നുടെയവർവന്നു കണ്ണുനീർ ചൊരിഞ്ഞതും
മണ്ണിൽ വീണുരുണ്ടതും ഖിന്നരായി കരഞ്ഞതും
നിർണ്ണയം കാണാം കേൾക്കാം കണ്ണിലും ചെവിയിലും
വണ്ണമേറിന യമകിങ്കരരണഞ്ഞതി-
സങ്കടം പിണച്ചതും ഹന്ത കണ്ടീടാം സദാ.
ഭീഷണങ്ങളായുള്ള ഭാഷണങ്ങളും പല-
ദൂഷണമോരോതരം ദോഷങ്ങൾ ചെയ്യതെല്ലാം
ദ്വേഷിച്ചു പറയുന്ന ഭാഷണങ്ങളും കേൾക്കാം
ബാല[ക]ന്മാരും നല്ല നീലലോചന[മാരും]
പാലിക്കും ജനം തന്റെ മാതാവെന്നിവരെല്ലാം
ചാലവെ വീണുകരഞ്ഞാലസ്യം പിണഞ്ഞതും
ധന്യരാം ജനങ്ങൾക്കു ഖിന്നതവരാ നൂനം.
താവകം വളരുന്ന പാപികളവരുടെ
ജീവിതം പകരുവാൻ യാതനാ ദേഹമപ്പോൾ
ചാരത്തുകൊണ്ടുന്നഹൊ പാരാതെ കിടത്തുമ്പോൾ



ശ്വാസത്തിൻ വികാരങ്ങൾ തുടങ്ങും ശനൈശ്ശനൈ-
രാവതൊ നിരൂപിച്ചാലാരുള്ളതതുനേരം.
യാതനാകളേബരെ ചേതന പകരുമ്പോൾ
ആധിചൊല്ലുവാനിനിക്കേതുമേ വശംവരാ-
ഒന്നായിട്ടുള്ള ജീവൻ യാതൊന്നു ശരീരത്തിൽ
ചെന്നുചെന്നകം പൂകും നേരമുണ്ടാകും വ്യഥാ
ഇന്നവണ്ണമെന്നുള്ളതെന്തെടോ ധരാപതെ.
ഒന്നായ ജീവനുടൻ രണ്ടിലുമായീടുമ്പോൾ
തന്നുടെദേഹമേതെന്നുള്ളിലങ്ങറിയാതെ
വിഭ്രമമുണ്ടാകുന്നതെത്രയുണ്ടോർത്തുകൊൾക.
കരളിലവനപ്പോളതിവേദനയോടെ
തരളാകൃതിയായി ചമയുമതി തദാ
പുത്രന്മാരേയും കളത്രാദികളേയും തന്റെ
മിത്രന്മാരായ ജനമെത്രയുണ്ടവരേയും
ഭൃത്യരായുള്ളോരേയുമർത്ഥവും ഭവനവും
വിസ്തൃതമായീടുന്ന ഭൂമിയും ക്ഷിതിപതെ,
ഗോക്കളും തനിക്കുള്ള ജ്യേഷ്ഠരുമനുജരും
ധാന്യവും രത്നങ്ങളും ഗാത്രമാദിയായെല്ലാം
വിട്ടിതാ പോകുന്നേനെന്നുൾക്കാമ്പിൽ നിരൂപിച്ചു
ദുഃഖിതനായിച്ചമഞ്ഞെത്രയും പരവശാൽ.
അത്രയല്ലപ്പോൾ തന്റെ ദുഷ്കൃതങ്ങളെയെല്ലാം
ചിത്തത്തിൽ നിരൂപിച്ചു തീവ്രവേദനയോടെ
പുത്രപൌത്രന്മാരേയും പെററ മാതാവുംകൂടെ
ഉററജ്യേഷ്ഠാനുജനും മററുള്ള ബന്ധുക്കളും
സത്വരം കരകയുമിത്തരം പറകയും
ഭ്രാതാവെ ചതിച്ചു നീ പോകാതെ ഹാ ഹാ എന്നും
താതന്റെ താപം കണ്ടാലേതുമേ പൊറായെന്നും
ചേതനപോയാലിനിക്കാരുള്ളതിനിയെന്നും
യാതനകണ്ടാലുള്ള വേദന സഹിപ്പതൊ.
രോദിതന്മാരായോ [രോ]ദാലാപം ബഹുവിധം.
എന്മകനിനിയെന്തു കണ്മിഴിക്കാത്തുവെന്നും
അമ്മയെ പിരിഞ്ഞെന്റെ പൊൻമകൻ പോകുന്നായോ,

ചന്ദനമണിയേണം നെഞ്ചിലെന്നിഹ കേചിൽ
എന്തിനിപ്പറവതു അന്ത്യകാലമായിതു.
നല്ലിളനീർ കൊണ്ടന്നു മെല്ലവെ കൊടുക്കേണം
പല്ലു കണ്ടായോ കടിപ്പെട്ടുപോയെന്നും ചിലർ
ബാലകന്മാരെ ലാളിപ്പാനാരിങ്ങിനിയെന്നും
ചാലവെ വിയർട്ടുവിനാലസ്യം പോവാനെന്നും
ശ്വാസത്തിൻ വികാരങ്ങൾ പാരമായെന്നും ചിലർ
ഔഷധം കൊടുക്കാതെ വൈഷമ്യമുണ്ടാമെന്നും
സന്നിപാതത്തിന്നുടെ ലക്ഷണമെന്നും കേചിൽ
ഖിന്നതയോടു ചിലർ കണ്ണുനീരൊഴുക്കിയും
തന്മകൻ വലിക്കുന്നു കിമപി കണ്ടായോനി
ഛിന്നനാകുന്ന വായുവന്നതും തെരുതെരെ
അഷ്ടമചന്ദ്രനുണ്ടു് അഷ്ടമി കഴിവോളം
കഷ്ടമീ ഗുളികന്നു മൊട്ടുമെ ആകായെന്നും
അസ്തമിച്ചാലും നിങ്ങൾ നിദ്രചെയ്യരുതെന്നും
പത്തുനാഴികക്കകം ചത്തുപോം മിവനെന്നും.
എത്രയും കഷ്ടം കണ്ടാൽ ലക്ഷണപ്പിഴയെന്നും
(ഹന്ത) കഷ്ടമെ കണ്ടായോ നീ ദൃഷ്ടികൾ തുറച്ചതും
ഉഗ്രമായുള്ള മഹാനേത്രം വിക്കുന്നതെന്നും
അത്രയല്ലിതു ചക്രശ്വാസമെന്നിതു ചിലർ.
ഊർദ്ധ്വശ്വാസം കണ്ടായോ (നീ) വീക്കുന്ന [ത] തിവേഗം
ഭൂമിയിലിറക്കുക വൈകരുതെന്നും ചിലർ.
ദർഭയും മണലും ചെറുത്തമ ദീപങ്ങളും
നൽത്തിരി നാളികേര മൊക്കവെ കരുതെന്നും
ഇത്തരം വിവിധമാം വാക്കുകൾ കേട്ടു തദാ
ദുഃഖിതനായിക്കിടന്നേത്രയും പരവശാൽ.
ശ്വാസവേഗങ്ങൾകൊണ്ടു വേദന നിരവധി
രോമത്തിൻ കുഴികളിലൊക്കയുമൊരുപോലെ
സൂചികൾ പഴുപ്പിച്ചു് തറക്കും കണക്കിനെ
വേദനയുണ്ടായ്വരും നൂനമെന്നറിഞ്ഞാലും.
അത്രയല്ലപ്പോളെഴുപത്തിരണ്ടായിരമാം
നാഡികളുടെചെന്നു പൂരിച്ച പവനനും
വിട്ടു വിട്ടിറങ്ങുമ്പോളെത്ര സങ്കടം തദാ



സന്ധുക്കളിലുമതി സങ്കടമുണ്ടായ്വരും.
ബന്ധുവാം ജനങ്ങളും കണ്ടുകൊണ്ടിരിക്കവെ
ശ്വാസവേഗങ്ങൾകൊണ്ടു ജീവനെ പാഞ്ഞീടുന്നു.
യാതനാകളേബരെ ജീവനെ പകർന്നുടൻ
വാതകന്മാരെ കൊണ്ടുപോകുന്ന വഴികേൾപ്പിൻ.
എൺപത്താറായിരമാം യോജനവഴി ബത
സങ്കടം നടന്നു പോകേണമെന്നറിക നീ.
ഹന്ത ചൊല്ലുവൻ വഴിക്കുള്ളവ ചുരുക്കി ഞാൻ.
ദണ്ഡപാണികളോടു കൂടിയങ്ങനാരതം,
ഇണ്ടലും പൂണ്ടുരോദിച്ചങ്ങിനെ വിവസ്ത്രനായ്,
രാജന്ന്യമകുടമെ പുരളീ മഹിപതെ
പഥിയിലുണ്ടാകുന്ന വ്യഥകൾ കേൾക്കയെങ്കിൽ.
(സൂ) [സൂ]ചിതൻ മുനപോലെ കുചകൾ മുളച്ചീടും (?)
പാശങ്ങൾകൊണ്ടു കെട്ടിവലിക്കും നടക്കാഞ്ഞാൽ.
ആശു പിന്നെയും വല വീശിയും (?) ബഹുവിധം
തീവ്ര കണ്ടകംകൊണ്ടു സാന്ദ്രമാം പദവികൾ
അട്ടകൾ പുഴവുകളൊക്കവെ കടിക്കുന്നു
കറ്റമെ വീണ ദേഹമദ്ധ്യവും മുഴകുമ്പോൾ
നിർദ്ദയന്മാരാം യമദൂതർ വന്നടിക്കയും
അസ്ത്രശസ്ത്രങ്ങൾകൊണ്ടു കുത്തിയും (പ്രയോഗിച്ചു) [പ്രഹരിച്ചു]
തൽക്ഷണം ക്ഷാരജലെ മുക്കിയുമിടയിടെ
വജ്രമെന്നതുപോലെ കത്തികൾ നിരത്തിന
വിസ്തൃതമായ വഴിചെററെടം ചെല്ലുന്നേരം
ദിക്കുകളിരുട്ടടച്ചീടിന ചിലവഴി
തീക്കനൽ നിറച്ചിട്ടു തീക്ഷ്ണമാം പദവികൾ
കാട്ടുതീ പിടിപെട്ടു ദഹിക്കും വഴികളിൽ
ലോഭിച്ചിട്ടുവോരഹോ ദുഷ്ടരാജ്ഞനങ്ങളെ
കാടകമുണ്ടു ചില ദിക്കുകളങ്ങുചെന്നാൽ
കാട്ടികൾ കരടികൾ കൂട്ടമാം കടുവായും
എട്ടടി മാനും പല കാട്ടാനക്കൂട്ടങ്ങളും.
വാട്ടമറ്റുള്ള സിംഹം ചെന്നായും ഖരങ്ങളും
വന്ദികളിവയെല്ലാം കുന്നുകൾപോലെ കാണാം.

വന്നുവന്നിവർ തന്നെത്തിന്നുവാൻ തുടങ്ങിയും
ദുഷ്ടജന്തുക്കൾ ദംശകന്മാരായ്‌വന്നു തദാ
കഷ്ടമെ കടിക്കുമ്പോളൊട്ടുമെ സഹിപ്പതോ.
തപ്തശൃംഖലകൊണ്ടു വയററിൽ തുളച്ചുകൊ-
ണ്ടെത്രയും ഭയാനകമിഴെച്ചീടുന്ന നേരം
ഘലക്ഷ്യമാണന്മാരായിക്കിടന്നു വലകയും
ശുഷ്കകണ്ഠന്മാരായിട്ടദ്ധരണിയിൽ വീണു
വസ്ത്രമെന്നി [യെ] വശംകെട്ടഹൊ കിടക്കയും
പാഥേയം കിട്ടാഞ്ഞിട്ടു പാരമായ് വിശക്കയും
സത്തുക്കൾക്കൊരിക്കലുമിത്തരം വരാനൂനം.
ചെററെടന്നടേതിന [ങ്ങ] പ്പുറം ചെല്ലുന്നേരം
¹ ക്ഷുരധാരങ്ങൾകൊണ്ടു് നിരത്തീടിന ചില
പെരുത്ത പാമ്പുകൊണ്ടും നിറച്ചും പലവഴി
ശക്കരകണ്ടകങ്ങൾ തറെക്കും കാലിലെല്ലാം
വിറെച്ചും വീണ്ടും തദാ പദവീ നടക്കുംപോൾ ;
വിപിനെ നടന്നുടൻ വിശന്നുചെല്ലുന്നേരം
വികരാളന്മാരായ രാക്ഷസർ വന്നു തദാ
വിരതയോടു പാഞ്ഞിട്ടടുക്കും ഭയാനകം.
പിടിച്ചു മുടന്നുടനടിച്ചും ഭയങ്കരം
തടിച്ചു പല്ലുംകൊണ്ടു കടിച്ചും മെയ്യിലെങ്ങും
തെളിഞ്ഞൊരംഗാരങ്ങൾ വളർന്ന പന്ഥാവതിൽ
വളർന്നൊരെമ്മൂതൻ ഇഴെച്ചും പെരുവഴി.
വമ്പിരുമ്പാണികൊണ്ടു നെഞ്ചിടെ തറെക്കയും
അങ്കുശംകൊണ്ടു കുത്തിവലിച്ചും ചിലവഴി
ജരെ മുസലംകൊണ്ടടിച്ചു മിഴെച്ചുടൻ
തത്രകൊണ്ടുപോകുമ്പോളെത്ര സങ്കടം തദാ.
വൈധരണിയാം നദി കടക്കാനുണ്ടാകുന്ന
വേദന നിരൂപിച്ചാലാവതല്ലപ്പൊളേത്തും.
ഭീമമാം വൈവസ്വത പട്ടണം പോകുംപിന്നെ ;
ധർമ്മരാജന്റെ മുമ്പിൽ കൊണ്ടുചെന്നീടും നേരം
ഭീകരമായ കോലം കാണാം പാപികൾക്കെല്ലാം

1 ക്ഷുരധാരമെന്നതു ഒരു നരകമെന്നും ഒരുതരമസ്ത്രമെന്നും അർത്ഥത്തിൽ ഉപയോഗിക്കാം. സന്ദർഭത്തിന്നു യോജിച്ച മട്ടിൽ,



ദംഷ്ട്രങ്ങൾ വികരാളമായതുമതുനേരം
ദീപ്തമായുള്ളൊരഗ്നി സദൃശം വിലോചനം,
ക്രുദ്ധനായ് നീലാഞ്ജന ശൈലമെന്നതുപോലെ-
യെത്രയും ഭയത്തോടുമിത്തരം കാണായ്‌വരും.
സപ്തരത്നാകരത്തിൽ നിറഞ്ഞ ജലംതൃപ്തി-
ഘണിയെ കുടിക്കുന്നിതൊയെന്നു തോന്നും (?)
-----
പ്രളയകാലത്തിടിമുഴങ്ങും പോലെ നാദം
വായിൽനിന്നപ്പോളഗ്നിജ്വാലകളുണ്ടായ്‌വരും.
ഭ്രൂലത കണ്ടാലതി ഭീതിയുമുണ്ടായ്‌വരും.
ചെങ്കനൽ ചൊരിയുന്ന കണ്ണിണ ഭയങ്കരം.
ചെമ്പിച്ചു ചുവന്നുള്ളൊരൂർദ്ധ്വകേശവും തദാ
മഹത്തായുള്ള താടിമീശയും തൃശിപോലെ.
ഊററത്തിൽ നീണ്ടുനന്നായ് വ (ന്നൊരസനവും)
[ളഞ്ഞ നാസികയും]
മഴപോലുള്ള പല്ലു കടിച്ചുമിടയിടെ
കോപത്താൽ വിറയ്ക്കുന്നോരോഷ്ഠവുമധരവും
കറുത്തൊരംബുധരം മുഴുത്തുവരുംപോലെ
കടുതായി ചുവന്നുള്ള വസന മുടുത്തതും,
പതിനെട്ടുള്ള പാണി കരുത്തുമായുധവും
ഭുവനത്രയമെല്ലാം ഗ്രസിക്കുന്നതുപോലെ
ഭൂമിയിൽ പിറന്നതി പാപികളായവർക്കു
ഭീമമാകുന്നവണ്ണം കാലനെ കാണായ്‌വരും.
ബ്രഹ്മദണ്ഡവുമെടുത്തങ്ങിനെ ഭയാനകം.
അന്തകൻ കൃതാന്തനും കാലനെന്നിവരേയും
ധർമ്മരാജന്റെ മുമ്പിൽ കണ്ടീടാമതിഭീമം.
വ്യാധിദേവതമാരും കൂടവെ നിരന്നഹൊ
ചുഴലെ വരുന്നതും ഭീമമായ് കാണായ്‌വരും.
ബ്രഹ്മരാക്ഷസന്മാരും കൂശ്മാണ്ഡാദികൾ പിന്നെ
ഭൂതപ്രേതങ്ങൾ പിശാചെന്നിവ ബഹുവിധം
സാകിനീ (ര) [ഡാ] കി [നീ] യെന്നിത്തരമായിട്ടുള്ള
തൊക്കെയും നിറഞ്ഞതും സതതം കാണായ്‌വരും.
ചിത്രഗുപ്തനും തദാ തത്ര കണ്ടീടാമഹൊ
ധർമ്മരാജന്റെ ദൂതരെന്നതിൽ വിശേഷിച്ചും.

മുമ്പുള്ള ജനങ്ങളെന്നുണ്ടുപോലിരുവർകൾ
ചണ്ഡനും മഹാചണ്ഡനെന്നും പേരായിട്ടുള്ളോർ.
ദണ്ഡമായതിദീർഘം വന്നതും കാണായ്വരും.
ഏവമുള്ളവരേയും പാപികൾ കാണായ്വരും.
ഭീതിയും പൂണ്ടുപിരണ്ടങ്ങിനെ വിവസ്ത്രരായ്
രോദിതനായിക്കിടന്നത്യന്തം പരവശാൽ.
ക്രുദ്ധനായതിദീർഘം ധർമ്മരാജനുമപ്പോൾ
ഇത്തരം പറഞ്ഞീടും സത്വരമിവനോടും.
ദുർമ്മതെ പറഞ്ഞാലുമെങ്ങിരുന്നിഹവന്നു
നിർമ്മലന്മാരെ ദണ്ഡിപ്പിച്ചതു നീയല്ലയൊ.
ബ്രഹ്മഹത്യാദിപാപം ചെയ്യുള്ള ജനങ്ങളോ-
ടൊന്നിച്ചു വസിച്ചതും പ്രത്യഹം നീയല്ലയോ.
ദുഷ്ടജന്തനായീടും നീ പ്രത്യഹം ഭുവിപിറ-
ന്നെത്ര പാപങ്ങൾ ചെയ്തു തൽഫലം ഭുജിക്കേണം.
ചക്രപാണിയെസ്സദാ ധിക്കരിച്ചിരുന്നതും
മുപ്പുരമെരി (ത്തർ) [ച്ചവർ] തൃക്കഴൽ തൊടാഞ്ഞതും,
സത്യലംഘനം ചെയ്തു പ്രത്യഹം നടന്നതും
പൃഥ്വീപാലകനായിട്ടൊട്ടുനാൾ ഞെളിഞ്ഞഥ
ഗർവ്വിതനായിട്ടു നീ സർവ്വദാ നടന്നതും
ഉർവ്വിയെ ഭരിച്ചതും സർവ്വരെ ത്യജിച്ചതും,
പണ്ഡിതന്മാരെയെല്ലാം ദണ്ഡിപ്പിച്ചിരുന്നതും,
ദുർമ്മതിയായിട്ടുള്ള മന്ത്രിയും ബന്ധുക്കളും,
ദുർമ്മതെയവരേയും കണ്ടതില്ലിതാ പാർത്താൽ.
വിണ്മയമായ കായം പോഷണത്തിനായ് തദാ
കന്മഷം ചെയ്തുള്ള കർമ്മങ്ങൾ ഭുജിക്കനീ.
ഇത്തരം പറകയും ക്രുദ്ധനായടിക്കയും
സത്വരമഥ നരകങ്ങളിലിട്ടും പിന്നെ,
പ്രത്യഹം ദണ്ഡിപ്പിച്ചുമിത്തരം ബഹുവിധം.
ഇങ്ങിനെയുള്ള ദുഃഖം ഭവിപ്പാനെന്തുമൂലം,
മംഗളമായുള്ളോരു മര്യാദ മറക്കയാൽ.
ന്യായശാസ്ത്രവും ചൊല്ലാം കേൾക്കെടൊ നൃപാത്മജ.
ഭൂയോ ഭൂയോ കേൾക്കിലെ ഭാ (ഗ) [ഗ്യ] ങ്ങളുണ്ടായ്വരും



സ്വധർമ്മം ജന്താനധർമ്മം ന്യായവും രാജധർമ്മം
അധർമ്മമന്യധർമ്മമന്യായമറിഞ്ഞാലും.
സ്ത്രീബാലാതുരന്മാരും കാമികളായവരും
വിവിധവാക്കു പറഞ്ഞവനും വിധിഹിയും (?)
തസ്കരന്മാരും ബഹു കോപിയാം കൃപാഹീനൻ
മുഷ്കകൾ പറഞ്ഞിട്ടു മുടിക്കും ജനങ്ങളും.
ലുബ്ധനും ശഠൻ മൂഢനുമജ്ഞാനിയും പിന്നെ
നിർദ്ധനനും മത്തനും നിഷ്ഠയില്ലാതവനും
പാപത്തിൽ ഭയമൊട്ടുമില്ലാത്ത മൂർഖന്മാരും,
താപത്തെയറിയാതെ കളിക്കും ജനങ്ങളും
ഈശ്വരഭക്തി ശാസ്ത്രമില്ലാത്ത ജനങ്ങളും
വിശ്വസിച്ചവർകളെ ചതിക്കും ദുഷ്ടന്മാരും
മാധുര്യം വചസ്സിങ്കലില്ലാത്ത ജളന്മാരും
സാധുത്വമില്ലാതുള്ള വൈരമാനസന്മാരും
എല്ലാരും കൂടുന്നേരം ഞാനെന്നു പറ (യുന്ന) [വോനു]-
മല്ലാഞ്ഞാൽ മതിയല്ലയെന്നുടൻ ഞെളിവോനും
ഒന്നുമേ പറയാതെ കുന്നിക്കും ജനങ്ങളും
ഇങ്ങിനെയുള്ളവർകൾ തങ്ങളിൽ നിരൂപിച്ചാൽ
മംഗലം പറവാനും പണിയെന്നറിഞ്ഞാലും.
കേൾക്കെടൊ ക്ഷിതിപതെ യോഗ്യ (വ) രായുള്ളവരെ-
യാക്കമെ യൊരിക്കലും വെറുത്തീടുകയില്ല.
സ്ഥാനത്തു ജനിക്കേണം ധർമ്മശാസ്ത്രവും വേണം
മാനദാനങ്ങൾ പുരുഷാകൃതിയറിയേണം.
ശുദ്ധാന്തഃകരണനായ് സത്യവും കരുണയും
യാമിനിയായ വിവാദത്തിനു ശോഭയോടും
കാമുകംകൊണ്ടു നോക്കും ന [ാ] ന [ാ] ലീലകൾ വേണം
ഒരുത്തനൊരുത്തനുമായുടൻ കലഹിച്ചി-
ട്ടടങ്ങീടാതദീനം പൊഴിഞ്ഞു മനംകനി (?)
വരുന്നനേരം കഷ്ടമെന്നുള്ള ഭാവം കാട്ടി-
ലാരു പുഞ്ചിരിയിട്ടു വാ (ങ്ങീ) [ണീ] ടേണം മുദാ
സംത്സംഗത്തോടു (നല്ല) സകലാർത്ഥയും വിചാരിച്ചി-
ട്ടുത്സാഹത്തോടുമിരുന്നീടുവോർ ബുധജനം.

ഇങ്ങിനെയുള്ളവർകൾ നന്നായി വിചാരിക്കി-
ലെങ്ങിനെ സന്താപങ്ങൾ വരുന്നു നൃപാത്മജ.
യാതൊരുത്തനമോരോ വഴക്കാൽ വരുന്നേരം
സാദരം വിളിച്ചുടൻ വെവ്വേറെ കേട്ടീടേണം.
എന്നതുമൊരുകൂട്ടി കേൾക്കേണമവസ്ഥകൾ
വരുന്നവരുടെ പക്ഷമുടയോർ വചനവും
വിദേശവാ(ദി) [സി] കളായ് വരികിൽ വചനവും
സാദരമായ വാക്കു ചൊല്ലിയും കേട്ടീടേണം.
അദ്ദേശവയോധികരായവർ വാക്യങ്ങളും
സത്യം സംഭവിപ്പാനായ് വരുത്തീടെ (ത്തീ)[ന്നീ] ടുമാം.
വഴക്കുതീരുംമുമ്പെ വളരെപ്പറയിച്ചാൽ
കുഴപ്പം കാണാം പക്ഷെ ചുരുക്കിപ്പറയേണം.
സത്യവുമസത്യവുമൊഴിയും മൊഴികേട്ടും
വിസ്തരാൽ വൃന്ദങ്ങളുമായുടൻ വിചാരിച്ചു
പൂർവ്വവൃത്താന്തങ്ങളും പൂരുഷഗതികളും
പാപമായുള്ളേളാരെല്ലാരോടുമാനയങ്ങളും
വിദഗ്ദ്ധനായിട്ടുള്ളോനബദ്ധം ചെയ്യാതിട്ടുടൻ
മ (ദ) [ത്ത] നായ്നിന്നു നല്ല മര്യാദ പറയുമ്പോൾ
സാരത്തിലർത്ഥങ്ങളും സൂക്ഷ്മമായ് വിചാരിച്ചു
സമ്മതമതുകണ്ടാൽ സന്ധിപ്പിച്ചീടവേണം
. . . . . . സംസാരമുള്ള ജനം.
ബന്ധു ശത്രു നാസിന (?) ഹിതമായുള്ള വണ്ണം
നല്ലവൻപിവകളിൽ കൊള്ളുമാറഖിലവും
ചൊല്ലീടുന്നവരല്ലോ സൽഗതിയുടയവർ.
ഒരുത്തൻ ചിന്തിച്ചു കൽപിച്ചതു മതിവരാ
ഇരുവർ മൂവർ നാൽവരെങ്കിലെ മതി വരൂ.
അനുകൂലമാം കാര്യം ശുഭമെന്നറിയേണം
പ്രതികൂലമായവ ദുർഗ്ഗതിയകപ്പെടും.
. . . . . . ഉത്തമദ്ധ്യാമങ്ങളും (?)
കഷ്ടസാദ്ധ്യവും സാദ്ധ്യം ദുസ്സാദ്ധ്യമിവയെല്ലാം
ഇങ്ങോട്ടു പറയുന്ന കാര്യങ്ങൾ ദുസ്സാദ്ധ്യമാ-
മങ്ങോട്ടു പറവതു സാദ്ധ്യമെന്നറിയേണം.
ദുസ്സാദ്ധ്യം വിഷമിച്ചു സാധിക്കപ്പെട്ടതെല്ലാം
അസാദ്ധ്യം ക്ലേശിച്ചാലും സാധിയാതുള്ള വസ്തു.



കർത്തിയും (?) വചസ്സുകൾ കലുഷമെന്നിയെല്ലാം
ധാത്രിപാലക സാധിച്ചറിഞ്ഞീടേണമിവ.
സൌജന്യ മൌചിത്യാദി മുദ്രയെന്നിവയെല്ലാം
വ്യാജമെന്നിയെ തോന്നീടുകിൽ നന്നുതാനും
അല്ലായ്കിൽ ശാസ്ത്രം ചൊല്ലും മാർഗ്ഗത്തിൽ നടക്കിലാം
(ചൊല്ലു) [അല്ലായ്കിൽ] പ്രാജ്ഞന്മാർ (കെൾ) [തൻ]
ചൊല്ലു കേൾക്കിലും മതി.
മൂന്നുമില്ലാത ജ (മൂന്നു) [നം ചെയ്യു] ന്നത (വ)[ബ]ദ്ധമാം
ഇന്നവയിന്നതെന്നുമിന്നപ്പോളിന്നതെന്നു-
മിന്നതോർത്തിന്നതെന്നു മുന്നതാരറിയേണം (?)
സാമദാനവും ഭേദദണ്ഡമെന്നിവററിലും
സോമശേഖരനുടെ നിലയു മറിയേണം.
ദൈവത്തിൻ നിലയറിയാതെ നടക്കിലൊ
വൈവസ്വതൻ വശമായ് വരും ബഹു കാലം
അംഗീകാരത്തെച്ചൊല്ലാം കേൾക്കെടോ നൃപാധിപ
സംഗദോഷങ്ങൾ കൊണ്ടു തീണ്ടലെന്നറിഞ്ഞാലും
വിപ്രനാറടി ദൂരം നീങ്ങേണം ശൂദ്രരെല്ലാം
ക്ഷിപ്രം മൂന്നടി പോരും സുവൃത്തിയുള്ള ജനം
രണ്ടുകാദികളെല്ലാ മെട്ടടി പതിതനും
രജനീ ധൃളാക്കാതെ പത്തടി വാങ്ങീടേണം.
ദ്വാദശ പദം വേണം കുലനാരിമാക്കെല്ലാം
പാദങ്ങളഷ്ടാദശ മൃതുസൂതികൾക്കും
തക്ഷാദിയഞ്ചു പേരും ദാഹകൽശൌണ്ഡികനും
ശിക്ഷയിൽ വാങ്ങീടേണം ദ്വാദശ യുഗ്മം പിന്നെ
പുൽക്കസാദികൾക്കെല്ലാം ചതുഷ്ഷഷ്ടിയും വേണം
മുഷ്കുകൂടാതെ ദിവകീർത്ത (?) മൃഗയുവും
തദ്വ്യഗപദമെന്നു ചൊല്ലുന്നു ശാസ്ത്രങ്ങളിൽ.
ചണ്ഡാലന്മാർക്കു നാല്പത്തെട്ടടി ദൂരം വേണം
ചെട്ടിക്കും കുറവനു മൊട്ടർക്കും കവറെക്കും
എട്ടടി രണ്ടു പദം ക്രമത്താലറിഞ്ഞാലും
ഷൾത്രിംശ ദന്തരമായുള്ളവക്കെല്ലാം
ദൃഷ്ടാദൃഷ്ടങ്ങളായുള്ളവയും സൂക്ഷിക്കേണം
സ്ഥലമുഖ്യതകൊണ്ടും ജനമുഖ്യതകൊണ്ടും

അശുദ്ധി കുറഞ്ഞീട്ട മജ്ഞാനമല്ലോ പാർത്താൽ
അജ്ഞാനശുദ്ധമാകും സുജ്ഞാനമുള്ള ജനം
ശുചിയായ്വരും തദാ മാനസ വാചകായ
ഭക്തിസംയുക്തന്മാരാം ജ്ഞാനസാധനത്തോടും
. . . . . . . ഭജിക്കും ബുധജനം.
ആചാരം വിരാഗത്താൽ ഭവിക്കും സായൂജ്യവും
വിധിയും നിഷേധവുമറിഞ്ഞു സാധിക്കേണം.
സ്വധർമ്മം കുറയുമ്പോളധർമ്മം ഭവിച്ചീടും
അധർമ്മം കാരണമായ് താപത്രയങ്ങളുണ്ടാം.
പിന്നെയും താപമതു തൊട്ടു ബന്ധിച്ചീടുന്നു
പാപബന്ധത്താൽ ബഹുനരകം പുനഃപുനഃ
ജനന മരണവും ദേഹവും ദുഃഖങ്ങളും
ഭോഗഭോജ്യാദികൊണ്ടു കഴിയു കാലമെല്ലാം.
സൌഖ്യങ്ങൾ വരുന്നേരം ഞാനെന്നു മോദിച്ചീടും
ദുഃഖത്തിനീശ്വരൻ താൻ വരുത്തീയെന്നും ചൊല്ലും.
ആകയാൽ മുക്തിലഭിച്ചീടുവാൻ പണിയല്ലൊ
സുകൃതസാരംകൊണ്ടു സുബുദ്ധിയുണ്ടാകിലാം
സുബുദ്ധിയുണ്ടാകുമ്പോൾ സുവൃത്തിയുണ്ടായ്വരും.
സുവൃത്തികൊണ്ടുതന്നെ നിവൃത്തി ലഭിപ്പതും
വൈരാഗ്യംകൊണ്ടു വിദ്യ വിദ്യകൾ ഗുരുഭക്തി.
സാരമായുള്ള ശാസ്ത്രജ്ഞാനവും ലഭിച്ചീടും
ശാസ്ത്രജ്ഞാനത്താലുപശാന്തമായുള്ള ജ്ഞേയം
ഈശ്വരൻ കടാക്ഷത്താൽ മോക്ഷവും ലഭിക്കുന്നു.
മോക്ഷാനന്ദങ്ങൾ പാർത്താലെങ്ങിനെയറിയുന്നു.
ശിക്ഷയായ് വിചാരിക്കിലിത്തരം മതിയല്ലൊ
വഞ്ചിഭൂപാല തവ നെഞ്ചകം തെളിയെന്നും
അച്യുതാനന്ദ നാമമിച്ഛയായ് വിചാരിക്കി-
ലിശ്ശ്രയയിനിശ്ശുഞ്ഞ്ചാൽ (?) സച്ചിദാനന്ദപദം.
മെച്ചമായ് ധ്യാനിച്ചുടൻ സത്യലോകത്തുചെന്നു
പുക്കിതന്നവുമ . . . . . . . .

ഇതി വൈരാഗ്യ ചന്ദ്രോദയ (ം) സാര (ം) സംക്ഷേപം കേരള ഭാഷാഗാനം സമാപ്തം.

---

# LIST OF AGENTS FOR THE MADRAS GOVERNMENT PUBLICATIONS.

## IN CITY.

ACCOUNT TEST INSTITUTE, Egmore, Madras.
CITY BOOK COMPANY, POST BOX No. 605, Madras-4.
HIGGINBOTHAMS, Madras.
P. VARADACHARI & Co., Madras.
THE SOUTH INDIA SAIVA SIDDHANTHA WORKS PUBLISHING SOCIETY, LIMITED, Madras.
VENKATARAMA & Co., Madras.
V. PERUMAL CHETTY AND SONS, Madras.
V. RAMASWAMY SASTRULU & SONS, Madras.
OTTRUMAI OFFICE, Madras-17.
M. DORAISWAMY MUDALIAR & Co., Madras.
FREE INDIA CO-OPERATORS' AGENCY, Madras-4.
SOUTH INDIA TRADERS, Royapetta, Madras.

## IN MUFASSAL.

M. C. KRISHNIAH CHETTY, Madanapalle, Chittoor district.
THE EDUCATIONAL SUPPLIES COMPANY, R.S. Puram, Coimbatore district.
D. SREEKRISHNAMURTHY, ONGOLE, Guntur district.
M. SESHACHALAM & Co., Masulipatnam, Krishna district.
TRIVENI PUBLISHERS, Masulipatnam, Krishna district.
HINDUSTAN DIARY PUBLISHERS, Vijayavada, Krishna district.
THE COMMERCIAL LINKS, Governorpet, Vijayavada, Krishna district.
THE MANAGER, Gramodharana, Buckinghampet, Vijayavada, Krishna district.
E. M. GOPALAKRISHNA KONE, Madurai, Madurai district.
K. P. AHMED KUNHI & BROS., Cannanore, Malabar district.
KERALA POLYTECHNIC CO-OPERATIVE SOCIETY, LTD., Kozhikode-5 (South Malabar).
P. K. BROTHERS, Kozhikode (South Malabar).
V. D. MOORTHY, Nellore, Nellore district.
A. VENKATASUBBAN, Vellore, North Arcot district.
TIMES MODERN MART, Salem, Salem district.
K. BHOJA RAO & Co., Mangalore, South Kanara district.
U. R. SHENOY & SONS, Mangalore, South Kanara district.
SRINIVAS & Co., Kumbakonam, Tanjore district.
P. N. SWAMINATHA SIVAN & Co., Pudukkottai, Tiruchirappalli district.
S. KRISHNASWAMI & Co., Tiruchirappalli, Tiruchirappalli, district.
PALANIAPPA BROTHERS, Teppakulam, Tiruchirappalli, Tiruchirappalli district.
V. S. VASAN & Co., Tirunelveli, Tirunelveli district.
S. R. SUBRAMANIA PILLAI, Tirunelveli, Tirunelveli district.
ARIVU NOOLAGAM, Market Street, Ootacamund.

## IN OTHER STATES.

BHANVARILAL JAIN, Motikatra, Agra.
SREE ABHIRAVA VAIDYA SHARADA BOOK DEPOT, Bangalore-2.
THE BANGALORE BOOK CENTRE, Bangalore-2.
THE STANDARD BOOK DEPOT, Bangalore-2.
HARI GOVIND BOOK STALL, Baroda.
NEW BOOK COMPANY, Bombay.
THE POPULAR BOOK DEPOT, Lamington Road, Bombay-7.
THE BOOK COMPANY, Calcutta.
THACKER SPINK & Co., Calcutta.
BHARAT STORES, Ernakulam.
CHAROTAR BOOK STALL, Anand (Gujerat).
OSMANIA UNIVERSITY STUDENTS' CO-OPERATIVE BOOK DEPOT, Lallaguda P.O., Hyderabad (Deccan).
S. M. JAGANATHAN, Nagercoil.
S. V. KAMAT, Kumta (North Kanara).
JAIN BOOK AGENCY, New Delhi.
INTERNATIONAL BOOK SERVICE, Poona.
INTERNATIONAL BOOK HOUSE, Trivandrum.